# വിശുദ്ധ ഖുർആനിലെ സ്തോത്രങ്ങളും പ്രാർത്ഥനകളും

‘വിശ്വാസവും ജീവിതവും വിശുദ്ധ ഖുർആനിൽ’ എന്ന എൻെറ ഗ്രന്ഥത്തിലെ രണ്ടാം ഭാഗത്തിലുള്ള ‘വിശുദ്ധ ഖുർആനിലെ സ്തോത്രങ്ങളും പ്രാർത്ഥനകളും’ എന്ന അദ്ധ്യായം അതിൻെറ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ഒരു പുസ്തകമായി പുറത്തിറക്കുകയാണ്.

ഇതിലെ പ്രാർത്ഥനകൾ നാം മനഃപാഠമാക്കുകയും അത് നിത്യേനെ നമസ്കാരത്തിലും അല്ലാതെയും ചൊല്ലുന്നതു വഴി അപാരമായ ദൈവികാനുഗ്രഹത്തിന് നാം പാത്രമായിത്തീരുന്നതാണ്. അല്ലാഹു നമ്മെ അതിന് അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

എല്ലാവരോടും ഈ വിനീതനുവേണ്ടി ദുആ ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,
അബ്ദുർറഹ്മാൻ.

1- സൂറ ഫാതിഹ
2- കഅബാ നിർമ്മാണവും അതോടനുബന്ധിച്ച പ്രാർത്ഥനകളും
3- ഈ ലോകത്തും പരലോകത്തും നന്മലഭിക്കാനുള്ള പ്രാർത്ഥന.
4- സത്യനിഷേധികൾക്കെതിരെ സഹായം ലഭിക്കാനുള്ള പ്രർത്ഥന.
5- ആയത്തുൽ കുർസി (സിംഹാസന സൂക്തം)

6- അല്ലാഹുവിനോട് മാപ്പപേക്ഷ
7- വിശ്വസിച്ച ശേഷം വഴി തെററാതിരിക്കാനുള്ള പ്രാർത്ഥന.
8- നരകരക്ഷയ്ക്കു വേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥന
9- പരാശ്രയരഹിതമായ ജീവിതത്തിനു വേണ്ടിയുള്ള പ്രാർത്ഥന
10- ഹ:മർയമിനെ ദൈവത്തിലർപ്പിച്ചു മാതാവ് ചെയ്ത പ്രാർത്ഥന.

11- സൽസന്താനത്തിനുവേണ്ടി യഹ്യാനബിയുടെ(അ) പ്രാർത്ഥന.
12- ഈസാനബിയുടെയും(അ) അനുയായികളുടെയും പ്രാർത്ഥന.
13- ദൈവ ഭക്തരുടെ പ്രാർത്ഥന
14- ബുദ്ധിമാന്മാരുടെ പ്രാർത്ഥന.
15- അക്രമണവിധേയരായ അശക്തരുടെ പ്രാർത്ഥന

16- അനുയായികൾക്ക് ഭക്ഷണത്തളികക്ക് ഈസാ(അ)ൻെറ പ്രാർത്ഥന
17- ആദം ദമ്പതിമാരുടെ പാശ്ചാത്താപവും പ്രാർത്ഥനയും
18- ഷുഐബ് നബി (അ)ൻെറ അനുയായികളുടെ പ്രാർത്ഥന
19- മൂസാനബി (അ) ൻെറ അനുയായികളുടെ പ്രാർത്ഥന -1
20- മൂസാനബിയുടെ (അ) പ്രാർത്ഥന -2

21- മൂസാനബിയുടെ (അ) വേറൊരു പ്രാർത്ഥന -3
22- സ്വർഗവാസികളുടെ പ്രാർത്ഥന
23- മൂസാനബി (അ) യുടെ അനുയായികളുടെ പ്രാർത്ഥന -4
24- യുസഫ് നബി (അ)ൻെറ പ്രാർത്ഥന
25- ഇബ്രാഹീം നബി (അ) ൻെറ പ്രാർത്ഥന

26- മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന
27- റസൂൽ (സ.അ)യുടെ പ്രാർത്ഥന
28- ഗുഹാവാസികളുടെ പ്രാർത്ഥന
29- റസൂൽ(സ.അ)യുടെ പ്രാർത്ഥന, അറിവ് വർദ്ധനവിനു വേണ്ടി.
30- അയ്യൂബ് നബി (അ)ൻെറ പ്രാർത്ഥന

31- യൂനുസു നബി (അ) ൻെറ പ്രാർത്ഥന
32- സക്കരിയാ നബി (അ) യുടെ പ്രാർത്ഥന
33- സത്യവിധിക്കു വേണ്ടിയുള്ള പ്രാർത്ഥന
34- നൂഹ് നബി (അ) ൻെറ പ്രാർത്ഥന
35- ദൈവിക ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാനുള്ള പ്രാർത്ഥന

36- പൈശാചിക ബോധനങ്ങളിൽനിന്ന് രക്ഷനേടുവാനായി.
37- വിശ്വാസികളുടെ പ്രാർത്ഥന
38- വിശ്വാസികളുടെ വേറൊരു പ്രാർത്ഥന
39- നരകശിക്ഷക്കെതിരായി വിശ്വാസികളുടെ പ്രാർത്ഥന
40- സഹവാസികളിൽനിന്ന് കൺകുളിർമ്മ ലഭിക്കുവാനുായി.
41- ഇബ്രാഹീം നബി (അ) ൻെറ പ്രാർത്ഥന
42- നൂഹ് നബി(അ)ൻെറ പ്രാർത്ഥന
43- മാതാപിതാക്കൾക്കുവേണ്ടി സുലൈമാൻനബി (അ)
44- മൂസാ നബി (അ) ൻെറ പ്രാർത്ഥന
45- സ്വർഗ്ഗവാസികളുടെ പ്രാർത്ഥന

46- ഇബ്രാഹീംനബി (അ) സന്താനലബ്ധിക്കുവേണ്ടി.
47- സത്യവിശ്വാസികളുടെ പ്രാർത്ഥന
48- സ്വർഗ്ഗവാസികളുടെ സ്തുതിഗീതം
49- വിശ്വാസികൾക്കു വേണ്ടിയുള്ള മലക്കുകളുടെ പ്രാർത്ഥന
50- വാഹനങ്ങളിൽ കയറുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന

51- മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന
52- വിശ്വാസികൾ വിശ്വാസികൾക്കു വേണ്ടി ചെയ്യുന്ന പ്രാർത്ഥന
53- ദൈവം അത്യുന്നതൻ.
54- ഇബ്രാഹീം നബി (അ) ൻെറ മറെറാരു പ്രാർത്ഥന
55- വിശ്വാസികൾ സ്വർഗ്ഗത്തിൽവെച്ച് ചെയ്യുന്ന പ്രാർത്ഥന.

56- നൂഹ് നബി (അ) ൻെറ പ്രാർത്ഥന
57- അല്ലാഹുവിൻെറ ഏകത്വം
58- പ്രഭാദോതയത്തിൻെറ നാഥനിലേക്ക് അഭയം.
59- മനുഷ്യരുടെ നാഥനിലേക്ക് അഭയം.

# വിശുദ്ധ ഖുർആനിലെ സ്തോത്രങ്ങളും പ്രാർത്ഥനകളും 

വിശ്വാസിയുടെ ജീവനാഡിയാണ് പ്രാർത്ഥന. ശരീരത്തിൽ രക്തം ഒഴുകിക്കൊണ്ടിരിക്കുന്നതുപോലെ വിശ്വാസികളുടെ മനസ്സിൽ എപ്പോഴും സ്തോത്രങ്ങളും പ്രാർത്ഥനകളും ഒഴുകികൊണ്ടിരിക്കും. എല്ലാശക്തിയും ദൈവത്തിൽനിന്നാണ് ഉണ്ടായിരിക്കുന്നത്. മനുഷ്യൻ പ്രവർത്തിക്കുന്നതും ദൈവം അവന് ശക്തി നൽകിയതുകൊണ്ടാണ്. എന്നാൽ മനുഷ്യൻെറ പ്രവൃത്തികൾക്ക് പരിധികളും പരിമിതികളും ഉണ്ട്. ദൈവത്തിൻെറ പ്രവർത്തനങ്ങൾക്ക് പരിധികളില്ല. പരിമിതികളുമില്ല. അതുകൊണ്ടാണല്ലോ ദൈവം സർവശക്തനാണെന്ന് പറയുന്നത്. പരിമിതികളുള്ള മനുഷ്യന് അവൻെറ കഴിവിന്നതീതമായ പ്രവർത്തനങ്ങൾ ചെയ്യണമെങ്കിൽ ദൈവികസഹായം കൂടിയേ തീരൂ. അവിടെയാണ് പ്രാർത്ഥനയുടെ ആവശ്യം വരുന്നത്. അതോടൊപ്പം തന്നെ മനുഷ്യന് സ്വയം ചെയ്യാൻപററിയ കാര്യങ്ങൾപോലും പ്രാർത്ഥന ഉണ്ടെങ്കിൽ അത് എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നതാണ്.

വിശുദ്ധഖുർആനിൽ, മുൻ കടന്നുപോയ പ്രാവചകന്മാരുടെയും വിശ്വാസികളുടെയും പ്രാർത്ഥനകൾ അല്ലാഹു എടുത്തുദ്ധരിച്ചിരിക്കുകയാണ്. ആ പ്രാർത്ഥനകളിൽ നിന്ന് നമുക്ക് അവരനുഭവിച്ച വേദനകളും പ്രയാസങ്ങളും അവർക്ക് അവിശ്വാസികളിൽ നിന്ന് നേരിടേണ്ടിവന്ന പീഢനങ്ങളും ഗ്രഹിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥനകളിലൂടെ വിശ്വാസികളായ നമുക്കും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടാവാമെന്നും അവയൊക്കെ തരണം ചെയ്യുവാൻ നാം തയ്യാറായിരിക്കേണ്ടതാണെന്നും സൂചനകൾ നൽകിയിരിക്കുകയാണ്. ഈ പ്രാർത്ഥനകൾ നാം പഠിച്ച് അറബിയിൽ മന:പാഠമാക്കിവെച്ച് നമസ്കാരങ്ങളിൽ പാരായണം ചെയ്യുന്നതുവഴി ദൈവകാരുണ്യം ത്വരിതപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ചില പ്രാർത്ഥനകൾ അല്ലാഹുതന്നെ വിശ്വാസികൾക്ക് പഠിപ്പിക്കുന്നുമുണ്ട്. കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നതിനുവേണ്ടി പ്രാർത്ഥനകളോടൊപ്പം അതിൻെറ പാശ്ചാത്തല സൂക്തങ്ങളും ഉദ്ധരിച്ചിരിക്കുന്നു.

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ

# വിശുദ്ധ ഖുർആനിലെ സ്തോത്രങ്ങളും പ്രാർത്ഥനകളും 2

إِذَا دَعَانِۖ فَلۡيَسۡتَجِيبُواْ لِي وَلۡيُؤۡمِنُواْ بِي لَعَلَّهُمۡ يَرۡشُدُونَ ۝

2:187– എന്റെ അടിമകൾ എന്നെക്കുറിച്ചു നിന്നോടു ചോദിക്കുമ്പോൾ, തീർച്ചയായും ഞാൻ അടുത്തുണ്ട്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് അവൻ എന്നോടു പ്രാർത്ഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നു. അതുകൊണ്ട് അവൻ എന്റെ വിളി കേൾക്കുകയും അവൻ നേർവഴി പ്രാപിക്കുന്നതിനു വേണ്ടി എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ.

ഈ സൂക്തത്തിലൂടെ ദൈവം അവന്റെ സാന്നിദ്ധ്യത്തെ അസന്നിഗ്ദമായി പരീക്ഷിച്ചറിയുവാനുള്ള ഒരു മാർഗ്ഗം കാണിച്ചുതന്നിരിക്കുകയാണ്. ദൈവം തന്നോടു പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്കു ഉത്തരം നൽകുന്നുവെന്നതാണ് ആ മാർഗ്ഗം. സൽകർമ്മങ്ങൾ ചെയ്യുന്നവർക്ക് മാത്രമെ ദൈവത്തെ അറിയണമെന്നുള്ള ആഗ്രഹം ഉണ്ടാവുകയുള്ളു. തിന്മചെയ്യുന്നവർ ദൈവം ഉണ്ടായിരിക്കരുത് എന്ന് ആഗ്രഹിക്കുന്നവരാണ്. കാരണം അവരെ ശിക്ഷിക്കുന്ന ഒരു ദൈവത്തെ കാണുവാൻ അവർ ആഗ്രഹിക്കുകയില്ലല്ലോ. അവർ തന്റെ വിളികേൾക്കട്ടെ എന്ന് പറഞ്ഞത് പ്രാർത്ഥനയ്ക്കു ഉത്തരം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഒപ്പം സൽകർമ്മങ്ങളും ചെയ്യട്ടെ എന്ന അർത്ഥത്തിലാണ്. എത്രത്തോളം സൽകർമ്മങ്ങൾ ചെയ്യുന്നുവോ അത്രത്തോളം പ്രാർത്ഥനയ്ക്ക് ഉത്തരവും ലഭിക്കും എന്നർത്ഥം. ഇത് മറെറാരു അർത്ഥത്തിൽ പറഞ്ഞാൽ സൽകർമ്മങ്ങൾ ചെയ്യാത്തവരുടെ പ്രാർത്ഥനകൾക്ക് ഉത്തരവും ലഭിക്കുകയില്ല എന്നർത്ഥം. ഞങ്ങൾ എത്ര തന്നെ പ്രാർത്ഥിച്ചാലും ഞങ്ങളുടെ പ്രാർത്ഥനയ്ക്കു എന്തുകൊണ്ടാണ് ഉത്തരം ലഭിക്കാത്തതെന്ന് വ്യാകുലപ്പെടുന്നവരുണ്ട്. അതിന്റെ കാരണം അവർ സൽകർമ്മങ്ങൾ ചെയ്യുന്നവരല്ല എന്നതു മാത്രമാണ്. ദൈവത്തോട് പ്രാർത്ഥിക്കേണ്ടത് അവനെ അറിയുവാനും അവന്റെ സാമിപ്യം കരസ്ഥമാക്കാനുള്ള അഭിവാഞ്ചയോടുകൂടിയായിരിക്കണം. വെറും ഭൗതികമായ സ്വാർത്ഥപരമായ ആഗ്രഹങ്ങൾ മാത്രം സമർപ്പിക്കുന്നവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചില്ലെന്ന് വരാം.

# വിശുദ്ധ ഖുർആനിലെ സ്തോത്രങ്ങളും പ്രാർത്ഥനകളും

## 1 - സൂറ ഫാതിഹ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ۝ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ۝
ٱلرَّحۡمَٰنِ ٱلرَّحِيمِ ۝ مَٰلِكِ يَوۡمِ ٱلدِّينِ ۝ إِيَّاكَ نَعۡبُدُ وَإِيَّاكَ
نَسۡتَعِينُ ۝ ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ۝ صِرَٰطَ ٱلَّذِينَ أَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ۝

1:1-8. പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു). ലോകങ്ങളുടെ പരിപാലകനായ അല്ലാഹുവിനാകുന്നു സർവസ്തുതിയും. (അവൻെറ സൃഷ്ടികൾക്കെല്ലാം) നിരുപാധികം കരുണചെയ്യുന്നവൻ. (അവൻെറ കല്പനകൾക്ക് വിധേയരായി ജീവിക്കുന്നവർക്ക്) കൂടുതലായി കാരുണ്യം ചെയ്യുന്നവൻ. വിധിദിനത്തിൻെറ ആധിപത്യമുള്ളവൻ. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായംതേടുകയും ചെയ്യുന്നു. നീ ഞങ്ങളെ നേരായമാർഗത്തിൽ നയിക്കേണമേ. നിൻെറ അനുഗ്രഹത്തിന് പാത്രമായവരുടെ മാർഗത്തിൽ. (നിൻെറ) കോപത്തിന് പാത്രമായവരുടെയും വഴിപിഴച്ചവരുടെയുമല്ലാത്ത മാർഗത്തിൽ.

വിശുദ്ധഖുർആനിലെ ആദ്യത്തെ അദ്ധ്യായമായ സൂറ ഫാതിഹ വിശുദ്ധഖുർആൻെറ അദ്ധ്യാപനങ്ങളുടെ സംഗ്രഹമാകുന്നു. ദൈവകാരുണ്യത്തിന് അർഹമായിത്തീരുവാൻ പ്രകൃതിയിൽ ഇതിനെക്കാൾ നല്ലൊരു പ്രാർത്ഥനയോ സ്തോത്രമോ ഇല്ല. ഈ പ്രാർത്ഥനയുടെ ആദ്യഭാഗം ദൈവ സ്തോത്രങ്ങളാണ്. അല്ലാഹുവിൻെറ ഗുണമാഹാത്മ്യങ്ങളിൽ മനുഷ്യനുമായി ഏററവും അടുത്ത ബന്ധമുള്ളവ ആദ്യം എടുത്ത് പറഞ്ഞിരിക്കുകയാണ്. അതിൽ ആദ്യത്തേത് അല്ലാഹുവിൻെറ സർവ്വലോക പരിപാലകൻ എന്ന ഗുണവിശേഷണമാണ്. എല്ലാ സൃഷ്ടികളേയും പരിപാലിച്ച് പടിപടിയായി വളർത്തിക്കൊണ്ടുവരുന്നവൻ ദൈവമാകുന്നു.

അതിനുശേഷം റഹ്മാൻ എന്ന ഗുണവിശേഷണമാണ് വരുന്നത്. ഒരു ഉപാധിയും കൂടാതെ തന്നെ മനുഷ്യന് കരുണ ചെയ്യുന്നവനായ ദൈവം. അവൻ ജനിക്കുന്നതിനു മുമ്പേ അവൻെറ ജീവിതത്തിനാവശ്യമായതെല്ലാം മുൻകൂട്ടി ഒരുക്കിവെച്ച ദൈവം. അതുപോലെ മനുഷ്യൻ ജനിച്ചു മരിക്കുന്നതുവരെ ദൈവവിശ്വാസിയാണോ നിഷേധിയാണോ എന്ന് നോക്കാതെ അവൻെറ ജീവിതത്തിനാവശ്യമായതെല്ലാം നല്കുന്ന ദൈവം. പിന്നീട് റഹീം എന്ന വിശുദ്ധ ഗുണം റഹ്മാൻ എന്ന ഗുണത്തെ തുടർന്നു വരുന്നു. ഇതിൻെറ അർത്ഥം മനുഷ്യന് അവൻെറ പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകുന്നവൻ എന്നാണ്. നല്ല പ്രവർത്തനങ്ങൾ ആര് ചെയ്താലും വിശ്വാസിയായാലും അവിശ്വാസിയായാലും അവർക്ക് അതിൻെറ സൽഫലങ്ങൾ ലഭിക്കുന്നതാണ്. എങ്കിലും വിശ്വാസികൾക്ക് അവരുടെ മഹോന്നതമായ പ്രവൃത്തികൾ കാരണം സ്വർഗ്ഗീയാനുഭൂതികളും ദൈവസാമിപ്യവും കരസ്ഥമായിത്തീരുമ്പോൾ അവിശ്വാസികൾക്ക് ഇതിനുള്ള ഭാഗ്യം ലഭിക്കാതെ പോകുന്നു. സൽകർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നവൻ എന്ന ഗുണവിശേഷണത്തിൽ ദുഷ്കർമ്മങ്ങൾക്കു തിക്ത ഫലം നൽകുന്നവൻ എന്ന ഗുണവും അടങ്ങിയിരിക്കുന്നു എന്നത് നാം ഗൗനിച്ചിരിക്കേണ്ട ഒരു യാഥാർത്ഥ്യമാകുന്നു.

പിന്നീട് മാലികിയൗമിദ്ദീൻ അഥവാ പ്രതിഫലദിനത്തിൻെറ അധിപൻ എന്ന ഗുണവിശേഷണം തുടർന്നു വരുന്നു. ദൈവം അവൻെറ ജ്ഞാനത്താൽ മനുഷ്യൻെറ കർമ്മങ്ങൾക്ക് അവിശ്വാസികൾക്കുപോലും നിഷേധിക്കാൻ സാധിക്കാത്ത രീതിയിൽ വിധി പറയുവാനും ഒരോരുത്തരുടെയും കർമ്മങ്ങൾക്ക് അനുസരിച്ചുള്ള പ്രതിഫലം പൂർണമായ രീതിയിൽ നൽകുവാനും ഒരു പ്രത്യേക നാൾ തിരഞ്ഞെടുത്തു വെച്ചിരിക്കുകയാണ്. ഈ ദിനം മരണ ശേഷം വരുന്ന ഉയിർത്തെഴുന്നേല്പുദിനം ആണെങ്കിലും ഈ ഗുണവിശേഷം ഈ ലോകത്തും അതിൻേതായ സമയത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. മാലികിയൗമിദ്ദീൻ എന്ന ഗുണവിശേഷണം ഈ ലോകജീവിതത്തിൻെറ ലക്ഷ്യത്തെയും മരണശേഷം വരാനിരിക്കുന്ന ജീവിതത്തെയും അവിടെവെച്ചു നടക്കുന്ന അന്തിമമായ ദൈവിക വിധിതീർപ്പിനെയും ചൂണ്ടികാണിക്കുന്നു.

ദൈവത്തിൻെറ ഈ നാല് ഗുണങ്ങൾ സ്തോത്രം ചെയ്യുന്ന മനുഷ്യൻ അവൻെറ ജീവിതത്തിലും ഈ നാല് ഗുണങ്ങൾ

സ്വായത്തമാക്കേണ്ടതാണ്. ഒരാളുടെ നല്ല ഗുണത്തെ നാം പുകഴ്ത്തുന്നത് അയാളിൽ കാണുന്ന ആ നല്ല ഗുണത്തെ നാം ഇഷ്ടപ്പെടുന്നതുകൊണ്ടാണല്ലോ. ആ ഗുണത്തെ നാം പുകഴ്ത്തുകയും എന്നാൽ സ്വന്തം ജീവിതത്തിൽ ആ ഗുണം നാം ആഗ്രഹിക്കാതിരിക്കുകയും ചെയ്യുമ്പോൾ നാം നമ്മുടെ കാപട്യമാണ് പ്രദർശിപ്പിക്കുന്നത്.

അല്ലാഹുവിൻെറ സർവ്വലോകപരിപാലകൻ എന്ന ഗുണവിശേഷണത്തെ സ്വായത്തമാക്കിക്കൊണ്ട് നാമും നമ്മുടെ കീഴിലുള്ളവരെ നമ്മെക്കൊണ്ട് കഴിയുന്ന രീതിയിൽ സംരക്ഷിക്കേണ്ടതാണ്. നമ്മുടെ കടമകൾ നാം ആദ്യമായി നിർവ്വഹിക്കേണ്ടത് നമ്മുടെ മാതാപിതാക്കളോടും അടുത്ത ബന്ധുക്കളോടുമാണ്.

അല്ലാഹുവിൻെറ റഹ്മാൻ എന്ന ഗുണത്തെ നാം പുകഴ്ത്തുമ്പോൾ ആ ദൈവകാരുണ്യം നാമും സ്വായത്തമാക്കിക്കൊണ്ടു നമ്മുടെ ചുറ്റുപാടുമുള്ള അവൻെറ സൃഷ്ടികളിൽ കാരുണ്യം ചൊരിയുവാൻ നാം തയ്യാറാവേണ്ടതാണ്. അത് നമ്മുടെ മാതാപിതാക്കളിൽനിന്നും അടുത്തബന്ധുക്കളിൽ നിന്നും തുടങ്ങി അയൽവാസികളിലേക്കും സുഹൃത്തുക്കളിലേക്കും അതിനപ്പുറമുള്ളവരിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

അല്ലാഹുവിൻെറ റഹീം എന്ന ഗുണത്തെ സ്വായത്തമാക്കിക്കൊണ്ട് നമുക്ക് നന്മ ചെയ്തു തരുന്നവർക്ക് കൂടുതൽ നന്മ നാമും ചെയ്തു കൊടുക്കേണ്ടതാണ്.

അല്ലാഹുവിൻെറ വിധികർത്താവ് എന്ന ഗുണവിശേഷണത്തെ സ്വായത്തമാക്കിക്കൊണ്ടു നാമും നല്ലൊരു വിധികർത്താവായിത്തിരേണ്ടതാണ്. ഒരു പ്രശ്നം വരുമ്പോൾ രണ്ടുഭാഗവും കേട്ടതിനു ശേഷമായിരിക്കണം നാം വിധി പറയേണ്ടത്. പലർക്കും പ്രവാചകന്മാരെ സ്വീകരിക്കാൻ പററാത്തത് ശത്രുക്കൾ പറയുന്നത് കേട്ട് വിധികല്പിക്കുകയും എന്നാൽ പ്രവാചകൻ എന്താണോ പറയുന്നത് അത് കേൾക്കാൻ ഭാവിക്കാത്തതുകൊണ്ടുമാണ്. പ്രതിഭാഗം കേൾക്കാതെ വാദിഭാഗം കേട്ട് വിധി പറയുന്ന ഒരു ജഡ്ജിയെക്കുറിച്ച് എന്തായിരിക്കും നമ്മുടെ അഭിപ്രായം? അതുപോലെ അല്ലാഹുവിൻെറ മുമ്പിൽ നാമും നീതിമാനാല്ലാത്ത ഒരു ജഡ്ജിയെപ്പോലെ വിലയില്ലാത്തവരായിത്തീരുന്നതാണ്.

ഈ നാല് ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ നിത്യമായി നില

നിന്നു വരുവാനാണ് എല്ലാ ദിവസം ചുരുങ്ങിയത് 17 പ്രാവശ്യ മെങ്കിലും പ്രാർത്ഥനാവേളകളിൽ ഈ സ്തോത്രങ്ങൾ നാം ഉരു വിടാൻ കല്പിച്ചതിന്റെ രഹസ്യം. ഈ സൂക്തങ്ങൾ നാം ഉരു വിടുകയും എന്നാൽ ഈ ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ പ്രാർത്ഥന കളും ജീവിതവും നിഷ്ഫലമായിത്തീർന്നിരിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്.

ദൈവത്തിന്റെ ഇത്രയും വിശേഷഗുണങ്ങൾ പറഞ്ഞതിനുശേഷം അവനോടു മാത്രം പ്രാർത്ഥിക്കുവാനും അവനോടു മാത്രം സഹായം അഭ്യർത്ഥിക്കുവാനും ആവശ്യപ്പെട്ടിരിക്കുകയാണ്. അവനല്ലാതെ വേറൊരു ദൈവമില്ലാത്തതുകൊണ്ട് മററുള്ള വരെ ആരാധിക്കുന്നതിലും അവരോടു സഹായം ആഭ്യർത്ഥിക്കു ന്നതിലും അർത്ഥമില്ല തന്നെ. മാത്രമല്ല ദൈവപ്രീതി കരസ്ഥമാ ക്കണമെങ്കിൽ മററുള്ളവരുടെ സഹായങ്ങളെക്കാൾ വലുതായി ദൈവത്തിൽ നിന്നുള്ള സഹായത്തിൽ നാം വിശ്വാസമർപ്പിച്ചേ മതിയാവൂ. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു എന്നു പറയുകയും എന്നാൽ നമ്മുടെ വിഷമതകളിൽ നാം ദൈവത്തെ അവഗണിച്ചുകൊണ്ട് മററുള്ളവർക്ക് പ്രാധാന്യം നൽകുകയുമാ ണെങ്കിൽ നമ്മുടെ പ്രാർത്ഥന കളവായിത്തീരുന്നതാണ്.

നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു എന്നു പറ യുന്നതുമൂലം വിവക്ഷിക്കപ്പെടുന്ന മാർഗ്ഗമാണ് ദൈവപ്രീതി കര സ്ഥമാകുന്ന മാർഗ്ഗം. പിന്നീട് ആ പ്രീതി കരഗതമാകുന്ന മാർ ഗ്ഗത്തിൽ അതായത് നേരായ മാർഗ്ഗത്തിൽ നയിക്കുവാൻ പറ ഞ്ഞിരിക്കുകയാണ്. നേർമാർഗ്ഗം എന്താണെന്ന് ഈസാ നബി (അ) ഉപദേശിച്ചത് വിശുദ്ധഖുർആനിൽ (3:52) എടുത്തുദ്ധരിച്ചി ട്ടുണ്ട്. നിങ്ങളുടെയും എന്റെയും ദൈവമായ അല്ലാഹുവിനെ ആരാധിക്കുക എന്നതാണ് സന്മാർഗമെന്നു വിശുദ്ധഖുർആൻ പറയുന്നു. ഇതിൽ നിന്ന് വ്യതിരിക്തമായ മറെറല്ലാ മാർഗ്ഗങ്ങളും ദൈവക്രോധത്തിനും ശാപത്തിനും പാത്രമായിത്തീരുന്ന മാർഗ്ഗ മാകുന്നു. നേർമാർഗ്ഗത്തിൽ നിന്നു ഭൂരിഭാഗവും വ്യതിചലിച്ചു പോകുമ്പോൾ ആ മാർഗ്ഗം കൂടുതൽ വ്യക്തമാക്കിത്തരുവാനാണ് അല്ലാഹു അവന്റെ പ്രവാചകന്മാരെ അയക്കുന്നത്. അവർ കാണിച്ചു തരുന്ന മാർഗ്ഗമാണ് ശരിയായ നേർമാർഗ്ഗം. അവരെ

നിഷേധിക്കുന്നവരുടെ മാർഗം ദൈവക്രോധത്തിനും ശാപത്തിനും ഇരയായിത്തീരുന്ന മാർഗമാകുന്നു. അങ്ങനെയുള്ളവരുടെ മാർഗ്ഗത്തിൽ നയിക്കാതെ ദൈവപ്രീതി കരസ്ഥമാകുന്ന മാർഗ്ഗത്തിൽ നയിക്കുവാനുള്ള പ്രാർത്ഥനയാണ് ഫാതിഹ.

നേർമാർഗം ലഭിക്കുന്നതിനുവേണ്ടി രണ്ട് മാനദണ്ഡങ്ങളാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഒന്നാമതായി അയാൾ ദൈവത്തെ മാത്രം ആരാധിക്കുന്നവനും രണ്ടാമതായി അവനോട് മാത്രം സഹായം തേടുന്നവനും ആയിരിക്കണം. ഇങ്ങനെയുള്ളവർക്ക് ദൈവം അവൻെറ പ്രീതി കരസ്ഥമാക്കാനുള്ള വഴികൾ കാണിച്ചുകൊടുക്കുന്നതാണ്. ആ മാർഗം കണ്ടു കഴിഞ്ഞാൽ അതനുസരിച്ചു ജീവിക്കുകയെന്നത് പ്രാർത്ഥന ചെയ്യുന്നയാളുടെ ബാദ്ധ്യതയായിമാറുന്നു. ആ മാർഗ്ഗം അനുസരിച്ചു ജീവിക്കാതെയുള്ള പ്രാർത്ഥന നിരർത്ഥകമായ അധരവ്യായാമമായി അവശേഷിക്കുന്നതാണ്.

ഈ പ്രാർത്ഥന ആത്മാർത്ഥമായി നിത്യേനെ മനസ്സിൽ നിന്ന് ഉയരുമ്പോൾ ദൈവം അവരുടെ ജീവിതത്തിൽ ദൈവപ്രീതി കരസ്ഥമാക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതാണ്. ഇതേ പ്രാർത്ഥന നിത്യവും ഉരുവിട്ടു കൊണ്ടിരിക്കുമ്പോൾ ദൈവപ്രീതി കരഗതമാകാനുള്ള സാഹചര്യങ്ങളും വർദ്ധിച്ചുവരുന്നു. ഈ പ്രാർത്ഥനയും അതുമൂലം ഉടലെടുക്കുന്ന സാഹചര്യങ്ങളും മനുഷ്യൻെറ ജീവിതാവസാനംവരെ തുടർന്നു കൊണ്ടിരിക്കുമ്പോൾ അവൻ അററമില്ലാത്ത ദൈവസ്നേഹത്തിൽ നിമഗ്നമായിക്കൊണ്ടിരിക്കുന്നതാണ്. ഇങ്ങനെ ലഭ്യമാകുന്ന ആത്മീയാനന്ദത്തിന് യാതൊരു അന്ത്യവും ഇല്ലതന്നെ. എല്ലാ നമസ്ക്കാരങ്ങളിലും ഈ പ്രാർത്ഥന ഉരുവിടുവാൻ പറഞ്ഞതിൻെറ രഹസ്യവും ഇതുതന്നെയാകുന്നു.

യഥാർത്ഥത്തിലുള്ള നേർമാർഗം ഇസ്ലാം ആണെങ്കിലും ആരെങ്കിലും മുസ്ലിമായി ജനിക്കുന്നതു കൊണ്ടുമാത്രം അയാൾ നേർമാർഗത്തിൽ ആയിരിക്കുന്നതല്ല. ഇസ്ലാമികാദ്ധ്യാപനങ്ങൾ സ്വജീവിതത്തിൽ പകർത്തുന്നവർക്കു മാത്രമെ നേർമാർഗം ലഭിക്കുകയുള്ളൂ. അതിനു ദൈവത്തിൻെറ പ്രത്യേക സഹായം കൂടി ആവശ്യമാണ്. അതിനാലാണ് നേർമാർഗം തരുവാൻ ദൈവത്തോടു തന്നെ പ്രാർത്ഥിക്കാൻ പറഞ്ഞിരിക്കുന്നത്.

മുസ്ലിംകളോട് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ

യെന്നും, നിൻെറ കോപത്തിന് പാത്രമായവരുടെ മാർഗ്ഗത്തിലും വഴിതെറ്റിയവരുടെ മാർഗ്ഗത്തിലും ഞങ്ങളെ നീ ആക്കരുതേ യെന്നും പ്രാർത്ഥിക്കാൻ പഠിപ്പിച്ചതിൻെറ പിറകിൽ ഒരു പ്രവ ചനം കൂടി അടങ്ങിയിട്ടുണ്ട്. ഭൂരിപക്ഷം മുസ്ലിംകളും നേർമാർ ഗത്തിൽ നിന്നും വ്യതിചലിച്ചു പോകുന്ന ഒരു കാലഘട്ടം വരാ നിരിക്കുന്നതിൻെറ ഒരു സൂചനയാണത്. ഇത് മുസ്ലിംകൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദീമസീഹിൻെറ കാലഘട്ടത്തെ സൂചി പ്പിക്കുന്നു. അങ്ങനെ അദ്ദേഹം ദൈവ നിയോഗിതനാകുമ്പോൾ അദ്ദേഹത്തെ നിഷേധിക്കുക വഴി ഭൂരിപക്ഷം മുസ്ലിംകളും ദൈ വത്തിൻെറ നേർവഴി ഉപേക്ഷിച്ചുകൊണ്ട് അവൻെറ ക്രോധ ത്തിന് പാത്രമായവരുടെയും വഴികേടിലായവരുടെയും മാർഗ ത്തിൽ അതായത് പ്രവാചകനിഷേധികളുടെ മാർഗത്തിൽ ചരി ക്കുമെന്ന് ഈ പ്രവചനം സൂചിപ്പിക്കുന്നു. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. അദ്ദേഹം ആഗതനായപ്പോൾ ഭൂരി പക്ഷ മുസ്ലിംകളും അദ്ദേഹത്തെ നിഷേധിച്ചു. അതിൽനിന്ന് രക്ഷ നേടുവാനായാണ് മുസ്ലിംകളെ അല്ലാഹു ഈ പ്രാർത്ഥന പഠിപ്പിച്ചിരിക്കുന്നത്. ഈ പ്രാർത്ഥനയുടെ ഫലമായിത്തന്നെ പിന്നീട് വരുന്ന മുസ്ലിം തലമുറകൾ മഹ്ദീമസീഹിനെ സ്വീകരിച്ചുകൊണ്ടു ദൈവത്തിൻെറ നേർമാർഗത്തിൽ ചരിക്കു മെന്ന സുവാർത്തയും ഈ വരികളിൽ അടങ്ങിയിരിക്കുന്നു. അല്ലാഹു അവരെ അനുഗ്രഹിക്കുകയും അവൻെറ മഹ്ദീ മസീഹിനെ സ്വീകരിക്കാനുള്ള സൗഭാഗ്യം നൽകിക്കൊണ്ട് മുസ്ലിം സമൂഹത്തെ വീണ്ടും നേർമാർഗത്തിലാക്കുകയും ചെയ്യട്ടെ. ആമീൻ.

## 2-കഅബാ നിർമ്മാണവും അതോടനുബന്ധിച്ച പ്രാർത്ഥനകളും

وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَـٰتٍ فَأَتَمَّهُنَّ ۖ قَالَ إِنِّى جَاعِلُكَ لِلنَّاسِ
إِمَامًا ۖ قَالَ وَمِن ذُرِّيَّتِى ۖ قَالَ لَا يَنَالُ عَهْدِى ٱلظَّـٰلِمِينَ ۝

2:125- ഇബ്രാഹീമിനെ അവൻെറ രക്ഷിതാവ് തൻെറ കല്പ നകൾ കൊണ്ട് പരീക്ഷിച്ചപ്പോൾ അദ്ദേഹം അവ നിറവേററി. (അല്ലാഹു) പറഞ്ഞു: തീർച്ചയായും നിന്നെ നാം മനുഷ്യർക്കു നേതാവാക്കുന്നുണ്ടു. അദ്ദേഹം പറഞ്ഞു: എൻെറ സന്തതികളിൽ

നിന്നും. (നേതാക്കന്മാരെ തിരഞ്ഞെടുത്താലും). (അല്ലാഹു) പറഞ്ഞു: എന്റെ കരാർ ദുർവൃത്തന്മാർക്ക് ബാധകമല്ല.

وَإِذۡ جَعَلۡنَا ٱلۡبَيۡتَ مَثَابَةٗ لِّلنَّاسِ وَأَمۡنٗا وَٱتَّخِذُواْ مِن مَّقَامِ إِبۡرَٰهِـۧمَ مُصَلّٗىۖ وَعَهِدۡنَآ إِلَىٰٓ

إِبۡرَٰهِـۧمَ وَإِسۡمَٰعِيلَ أَن طَهِّرَا بَيۡتِيَ لِلطَّآئِفِينَ وَٱلۡعَٰكِفِينَ وَٱلرُّكَّعِ ٱلسُّجُودِ ۝

2:126- ജനങ്ങൾക്ക് ഒരു സമ്മേളന സ്ഥാനവും ഒരു രക്ഷാ കേന്ദ്രവും ആയി (കഅ്ബാ) മന്ദിരത്തെ നാം ആക്കിയ സന്ദർഭം: ഇബ്രാഹീം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളും ഒരു പ്രാർത്ഥനാവേദിയായി എടുക്കുവിൻ (എന്ന് നാം കല്പിച്ചു). എന്റെ മന്ദിരത്തെ പ്രദക്ഷിണം ചെയ്യുന്നവർക്കും അവിടെ ഭജനമിരിക്കുന്നവർക്കും റുകൂഉം സുജൂദും ചെയ്യുന്നവർക്കും വേണ്ടി പരിശുദ്ധമാക്കിവെക്കുകയും ചെയ്യുക എന്ന് ഇബ്രാഹീ മിനും ഇസ്മായീലിനും നാം കല്പന നല്കി.

وَإِذۡ قَالَ إِبۡرَٰهِـۧمُ رَبِّ ٱجۡعَلۡ هَٰذَا بَلَدًا ءَامِنٗا وَٱرۡزُقۡ أَهۡلَهُۥ مِنَ

ٱلثَّمَرَٰتِ مَنۡ ءَامَنَ مِنۡهُم بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۖ قَالَ وَمَن كَفَرَ فَأُمَتِّعُهُۥ قَلِيلٗا

ثُمَّ أَضۡطَرُّهُۥٓ إِلَىٰ عَذَابِ ٱلنَّارِۖ وَبِئۡسَ ٱلۡمَصِيرُ ۝

2:127- ഇബ്രാഹീം പ്രാർത്ഥിച്ച സന്ദർഭം: എന്റെ രക്ഷിതാവേ, ഈ പട്ടണത്തെ നീ സുരക്ഷിതമായൊരു സ്ഥലമാക്കുകയും ഇവിടത്തെ താമസക്കാരിൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ. (അല്ലാഹു) പറഞ്ഞു: ആർ അവിശ്വസിക്കുന്നുവോ അവനെ ഞാൻ അല്പം സുഖം അനുഭവിപ്പിക്കുന്നതാണ്. പിന്നിട്ടു നരകശിക്ഷയിലേക്ക് അവനെ നാം കടത്തിവിടുന്നതാണ്. ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്ത തന്നെ.

وَإِذۡ يَرۡفَعُ إِبۡرَٰهِـۧمُ ٱلۡقَوَاعِدَ مِنَ ٱلۡبَيۡتِ وَإِسۡمَٰعِيلُ

رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ۝

2:128– ഇബ്രാഹിമും ഇസ്മായീലും (കഅ്ബാ) മന്ദിരത്തിൻെറ അടിത്തറകൾ ഉയർത്തിയ സന്ദർഭം: (അവർ പ്രാർത്ഥിച്ചു:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീ ഇത് സ്വീകരിച്ചാലും. നിശ്ചയമായും നീ കേൾക്കുന്നവനും അറിയുന്നവനും ആകുന്നു.

رَبَّنَا وَٱجْعَلْنَا مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ

وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ۝

2:129– ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ രണ്ടു പേരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്നവരായ മുസ്‌ലിം ജനതയെ ഉയർത്തുകയും ഞങ്ങളുടെ ആരാധനാരീതികൾ ഞങ്ങൾക്ക് നീ കാണിച്ചുതരികയും ഞങ്ങളുടെ പശ്ചാത്താപം നീ സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.

رَبَّنَا وَٱبْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَـٰتِكَ وَيُعَلِّمُهُمُ

ٱلْكِتَـٰبَ وَٱلْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ۝

2:130– ഞങ്ങളുടെ രക്ഷിതാവേ, നിൻെറ സന്ദേശങ്ങൾ അവരെ ഓതിക്കേൾപ്പിക്കുകയും ഗ്രന്ഥവും വിജ്ഞാനവും അവരെ പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. നിശ്ചയമായും നീ സർവ്വ ശക്തനും സർവതത്രജ്ഞനുമാകുന്നു.

ഈ പ്രാർത്ഥനകളിൽ പല തത്ത്വരഹസ്യങ്ങളും അടങ്ങിയിരിക്കുന്നു. ഇബ്രാഹീം നബി (അ)നെ പോലെയുള്ള നേതാക്കന്മാരെ അദ്ദേഹത്തിൻെറ സന്താനപരമ്പരകളിൽനിന്നും നിയോ

ഗിക്കുവാനപേക്ഷിച്ചു കൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രാർത്ഥനയും അതിന് അല്ലാഹു കൊടുത്ത മറുപടിയും സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. അദ്ദേഹത്തിൻെറ സന്തതികളിൽ ഏതു കാലംവരെ സദ്വൃത്തന്മാർ ഉണ്ടായിരിക്കുമോ ആ കാലം വരെ അദ്ദേഹത്തെപ്പോലെയുള്ള നേതാക്കന്മാർ അല്ലെങ്കിൽ പ്രവാചകന്മാർ ഉണ്ടായിക്കൊണ്ടിരിക്കും എന്നർത്ഥം. പ്രവാചകാവതാരം നിലച്ചുപോയി എന്നു പറയുന്നത് അദ്ദേഹത്തിൻെറ സന്തതിപരമ്പരകൾ ദുർവൃത്തരായിത്തീർന്നിരിക്കുന്നുവെന്ന് പറയുന്നതിനുതുല്യമാകുന്നു.

ഇബ്രാഹീം (അ) വിശ്വാസികൾക്ക് കായ്കനി കൊണ്ട് ആഹാരം നൽകേണമേ എന്ന് പ്രാർത്ഥിച്ചപ്പോൾ അല്ലാഹു പറഞ്ഞത് കായ്കനി കൊണ്ടുള്ള ആഹാരം വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒരുപോലെ നൽകുമെന്നാണ്. ഇങ്ങനെ സുഭിക്ഷമായി ആഹാരം ലഭിക്കുമ്പോൾ ആരെങ്കിലും നന്ദികേടു കാണിക്കാൻ തുടങ്ങിയാൽ അവർക്കു അതിന് തക്കതായ ശിക്ഷയും ലഭിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ആദ്യം അല്ലാഹുവിൻെറ റഹ്മാൻ എന്ന ഗുണവും പിന്നീടു റഹീം എന്ന ഗുണവും പ്രാവർത്തികമാകുന്നു എന്നു സാരം.

ഞങ്ങളുടെ ആരാധനാരീതികൾ ഞങ്ങൾക്കു കാണിച്ചുതരേണമേ എന്ന ഈ പ്രാർത്ഥന, ദൈവം നമുക്ക് കാണിച്ചുതരുന്ന രീതിയിലാണ് നാം ദൈവത്തെ ആരാധിക്കേണ്ടത് അല്ലാതെ നാം ഇച്ഛിക്കുന്ന രീതിയിലല്ല എന്ന പരമാർത്ഥത്തെ വെളിപ്പെടുത്തുന്നു. ഈ സൂക്തത്തിലെ പ്രാർത്ഥനയുടെ ഫലമായാണ് റസൂൽ (സ.അ) നിയോഗിതനായതെന്ന് അല്ലാഹു മറെറാരു സൂക്തത്തിൽ വ്യക്തമാക്കിയിരിക്കുന്നു. (62:3)

## 3-ഈ ലോകത്തും പരലോകത്തും നന്മ ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന.

فَإِذَا قَضَيْتُم مَّنَاسِكَكُمْ فَاذْكُرُوا اللَّهَ كَذِكْرِكُمْ آبَاءَكُمْ أَوْ أَشَدَّ ذِكْرًا

فَمِنَ النَّاسِ مَن يَقُولُ رَبَّنَا آتِنَا فِي الدُّنْيَا وَمَا لَهُ فِي الْآخِرَةِ مِنْ خَلَاقٍ ۝

2:201- അങ്ങനെ (ഹജ്ജിൽ) നിങ്ങളുടെ ചടങ്ങുകൾ നിർവ്വഹിച്ചു കഴിഞ്ഞാൽ അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുക. നിങ്ങ

ളുടെ പിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതു പോലെ, അല്ലെങ്കിൽ അതിനേക്കാൾ അധികമധികം സ്മരണയോടെ. മനുഷ്യരിൽ (ചിലർ) പറയും, ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്തിൽ നീ അനുഗ്രഹങ്ങൾ നൽകേണമേ എന്ന്. എന്നാൽ അങ്ങനെയുള്ളവർക്ക് പരലോകത്ത് ഒരോഹരിയും ഉണ്ടായിരിക്കുകയില്ല.

وَمِنْهُم مَّن يَقُولُ

رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ۝

2:202– എന്നാൽ അവരിൽ (മററു ചിലർ) പറയുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഈ ലോകത്തിലും പരലോകത്തിലും നീ നല്ലത് നൽകേണമേ. നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കുമാറാകേണമേ.

أُو۟لَـٰٓئِكَ لَهُمْ نَصِيبٌ مِّمَّا كَسَبُوا۟ ۚ وَٱللَّهُ سَرِيعُ ٱلْحِسَابِ ۝

2:203– അത്തരക്കാർക്ക് അവർ സമ്പാദിച്ചതിൽ നിന്നുള്ള പങ്കുണ്ടായിരിക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്കെടുക്കുന്നവനാകുന്നു.

നാം നമ്മുടെ പിതാക്കന്മാരെ സ്മരിക്കുന്നതിനേക്കാൾ മഹനീയമായി ദൈവത്തെ സ്മരിക്കണം എന്നു പറഞ്ഞതിൻെറ ഒരു വിവക്ഷ, നമുക്ക് ഒന്നിലധികം പിതാവുണ്ടായിരിക്കാൻ നാം ആഗ്രഹിക്കാത്തതുപോലെ നമുക്ക് ഒന്നിലധികം ദൈവം ഉണ്ടായിരിക്കുവാനും നാം ആഗ്രഹിക്കരുത് എന്നാണ്. നമ്മുടെ സന്താനങ്ങൾ നമ്മെ സ്മരിക്കണമെങ്കിൽ നാം അവരിൽ ദൈവ ചിന്ത വളർത്തിയെടുക്കണം എന്ന സത്യത്തെയും ഈ സൂക്തം വെളിപ്പെടുത്തുന്നു. വെറും ഭൗതീകമായ ആഗ്രഹങ്ങൾ വെച്ചു പുലർത്തുന്നവർക്ക് പരലോകം നേടാൻ സാധിക്കുകയില്ലെന്ന് തുടർന്ന് പറഞ്ഞിരിക്കുകയാണ്. അതുപോലെ ഈ ലോകത്ത് നന്മയും പരലോകത്ത് നന്മയും തരേണമേ എന്നു പ്രാർത്ഥിക്കുന്നതുകൊണ്ടു മാത്രം പരലോകം ലഭിക്കുകയില്ല എന്നും സൂചിപ്പിക്കുന്നു. അവർ പ്രാർത്ഥിക്കുന്ന തിനോടൊപ്പം സൽകർമ്മങ്ങൾ ചെയ്യേണ്ടതിനെയാണ് അത്തരക്കാർക്കുള്ള പങ്ക് അവർ സമ്പാദിച്ചതിൽ നിന്നാകുന്നു എന്ന വാക്യം സൂചിപ്പിക്കുന്നത്.

## 4-സത്യനിഷേധികൾക്കെതിരെ സഹായം ലഭിക്കാനുള്ള പ്രർത്ഥന.

قَالَ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَٰقُواْ ٱللَّهِ كَم مِّن فِئَةٖ قَلِيلَةٍ غَلَبَتۡ فِئَةٗ كَثِيرَةَۢ بِإِذۡنِ ٱللَّهِۗ
وَٱللَّهُ مَعَ ٱلصَّٰبِرِينَ ۝ وَلَمَّا بَرَزُواْ لِجَالُوتَ وَجُنُودِهِۦ قَالُواْ

**رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرٗا وَثَبِّتۡ أَقۡدَامَنَا وَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ۝**

فَهَزَمُوهُم بِإِذۡنِ ٱللَّهِ وَقَتَلَ دَاوُۥدُ جَالُوتَ وَءَاتَىٰهُ ٱللَّهُ ٱلۡمُلۡكَ وَٱلۡحِكۡمَةَ وَعَلَّمَهُۥ مِمَّا يَشَآءُۗ وَلَوۡلَا
دَفۡعُ ٱللَّهِ ٱلنَّاسَ بَعۡضَهُم بِبَعۡضٖ لَّفَسَدَتِ ٱلۡأَرۡضُ وَلَٰكِنَّ ٱللَّهَ ذُو فَضۡلٍ عَلَى ٱلۡعَٰلَمِينَ ۝

2:250-252. അല്ലാഹുവിനെ കണ്ടുമുട്ടുമെന്ന് കരുതിയിരുന്നവർ പറഞ്ഞു: അല്ലാഹുവിൻെറ അനുമതിയോടുകൂടി എത്രയെത്ര ചെറുസംഘങ്ങളാണ് വലിയ സംഘങ്ങളെ കീഴടക്കിയിട്ടുള്ളത്. അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു. ജാലൂത്തിൻെറയും അവരുടെ സൈന്യങ്ങളുടെയും നേരെ അവർ (പോരിന്) ഇറങ്ങിയപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ ക്ഷമ ചൊരിഞ്ഞു നൽകുകയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യേണമേ. അവിശ്വാസികളായ ജനതയ്ക്കെതിര ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ. അങ്ങനെ അല്ലാഹുവിൻെറ അനുമതിയോടെ അവർ അവരെ പരാജയപ്പെടുത്തി. ദാവൂദ് ജാലൂത്തിനെ കൊല്ലുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് ആധിപത്യവും വിജ്ഞാനവും നൽകുകയും താൻ ഉദ്ദേശിച്ച പലതും അദ്ദേഹത്തെ പഠിപ്പിക്കുകയും ചെയ്തു. മനുഷ്യരിൽ ചിലരെ മററു ചിലർ മുഖേനെ അല്ലാഹു തട്ടിനീക്കിയിരുന്നില്ലെങ്കിൽ ഭൂമി കുഴപ്പം കൊണ്ട് നിറയുമായിരുന്നു. എന്നാൽ അല്ലാഹു ലോകരോട് വളരെ ഔദാര്യമുള്ളവനാകുന്നു.

വിശ്വാസികളായ ചെറിയ സംഘം അവരേക്കാൾ ശക്തരായ വലിയ സംഘത്തെ കീഴ്പ്പെടുത്തുമെന്ന സത്യം ഈ സൂക്തം ചൂണ്ടികാണിക്കുന്നു. അതിന് ആവശ്യമായത് ക്ഷമയാകുന്നു. ക്ഷമയുള്ളർക്ക് മലകളെ തന്നെ മറിക്കുവാൻ സാധിക്കുമെന്ന്

സാരം. അതിൻെറ കാരണം അവർക്ക് ദൈവികസഹായം വന്നെത്തുമെന്നതാണ്. അല്ലാഹു സഹനശീലരുടെ കൂടെയാണ് എന്ന വാക്യം അതാണ് സൂചിപ്പിക്കുന്നത്. ദൈവിക സഹായത്തോടെ അവർ മഹത്തരമായ കാര്യങ്ങൾ ചെയ്തു തീർക്കുന്നതായിരിക്കും.

ഈ ഭൂമിയിൽ ഒരു വിഭാഗം ആൾക്കാർ ആക്രമികളായിത്തീരുമ്പോൾ അവരെ തട്ടിമാററുവാൻ അല്ലാഹു വേറൊരു വിഭാഗത്തെ നിയോഗിക്കുന്നതാണെന്ന് ഈ പ്രാർത്ഥനയിലെ അവസാനത്തെ ഭാഗം വെളിപ്പെടുത്തുന്നു. അക്രമികൾ മുസ്ലിംകൾ ആയാലും ശരി.

## 5- ആയത്തുൽ കുർസി (സിംഹാസന സൂക്തം)

ٱللَّهُ لَآ إِلَٰهَ إِلَّا هُوَ ٱلْحَىُّ ٱلْقَيُّومُ ۚ لَا تَأْخُذُهُۥ سِنَةٌ وَلَا نَوْمٌ ۚ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَىْءٍ مِّنْ عِلْمِهِۦٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ ۖ وَلَا يَـُٔودُهُۥ حِفْظُهُمَا ۚ وَهُوَ ٱلْعَلِىُّ ٱلْعَظِيمُ ﴿٢٥٥﴾

2:256- അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. നിത്യമായി ജീവിക്കുന്നവൻ. സ്വയം നില നിൽക്കുന്നവൻ. ഒരു മയക്കമോ ഉറക്കമോ അവനെ ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭുമിയിലുമുള്ളതെല്ലാം അവൻേറതാണ്. അവൻെറ അനുമതിയില്ലാതെ അവനോട് ശുപാർശ ചെയ്യാൻ ആരാണുള്ളത്? അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവനറിയുന്നു. അവൻെറ അറിവിൽനിന്ന് അവൻ നിശ്ചയിക്കുന്നതല്ലാതെ ഒരു കാര്യവും അവർ അറിയുകയില്ല. (ഉൾക്കൊള്ളുകയില്ല). അവൻെറ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നുമില്ല. അവൻ അത്യുന്നതനും അതിശ്രേ ഷ്ടനുമാകുന്നു.

ഈ സൂക്തം ദൈവത്തിൻെറ അത്യുന്നതമായ മഹത്വങ്ങളെ പ്രഖ്യാപിക്കുന്നു. ദൈവത്തോടു അങ്ങോട്ടു സംസാരിക്കണമെ

ങ്കിൽ ആദ്യം ദൈവത്തിൻെറ അനുമതി കിട്ടിയിരിക്കണം. അവ ൻെറ സൃഷ്ടികൾക്ക് അവൻെറ മുന്നിൽ പ്രാർത്ഥനകൾ സമർപ്പിക്കാം. ദൈവത്തോടു അങ്ങോട്ടു സംസാരിക്കുവാനോ ദൈവിക പ്രവർത്തനങ്ങൾ ചോദ്യം ചെയ്യുവാനോ ആർക്കും അവകാശമില്ലെന്നർത്ഥം.

മനുഷ്യൻ എത്ര തന്നെ ശാസ്ത്രസത്യങ്ങൾ കണ്ടെത്തിയാലും അതെല്ലാം ദൈവത്തിൻെറ ഇച്ഛയ്ക്കു വിധേയമായാണ് അവർ കണ്ടെത്തുന്നത്. ദൈവം ആഗ്രഹിക്കാത്ത ഒരു കാര്യവും അവർക്ക് കണ്ടെത്തുവാനോ അല്ലെങ്കിൽ ദൈവത്തിൻെറ അറിവുകൾ അവർക്ക് ഉൾക്കൊള്ളുവാനോ സാധിക്കുകയില്ല. ശാസ്ത്രീയമായ കണ്ടുപിടിത്തതിലൂടെയോ ഗവേഷണങ്ങളിലൂടെയോ പ്രപഞ്ചരഹസ്യങ്ങൾ പൂർണമായും ആർക്കും തന്നെ ഉൾക്കൊള്ളുവാനോ അല്ലെങ്കിൽ ദൈവിക നിയമങ്ങളെയോ സൃഷ്ടി കർമ്മത്തെയോ മറികടക്കുവാനോ സാധിക്കുകയില്ലെന്നും 'അവൻ അറിയിച്ചുകൊടുക്കുന്നതല്ലാതെ അവർ ഉൾക്കൊള്ളുകയില്ല' എന്ന ഭാഗം വ്യക്തമാക്കുന്നു.

## 6- അല്ലാഹുവിനോട് മാപ്പപേക്ഷ

لِّلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ وَإِن تُبْدُوا مَا فِي أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ اللَّهُ ۖ فَيَغْفِرُ لِمَن يَشَاءُ وَيُعَذِّبُ مَن يَشَاءُ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾

2:285- ആകാശങ്ങളിലും ഭൂമിയിലുമുള്ളതുമെല്ലാം അല്ലാഹുവിൻേറതാണ്. നിങ്ങളുടെ മനസ്സിലുള്ളത് വെളിപ്പെടുത്തിയാലും അല്ലെങ്കിൽ അത് നിങ്ങൾ മറച്ചുവെച്ചാലും അല്ലാഹു അതിനെക്കുറിച്ചു നിങ്ങളോടു കണക്കു ചോദിക്കുന്നതാണ്. എന്നിട്ടവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കയും അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ
وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ مِّن رُّسُلِهِۦۚ وَقَالُواْ
سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ۝

2:286– തന്റെ രക്ഷിതാവിൽ നിന്ന് തനിക്ക് അവതരിക്കപ്പെട്ട തിൽ റസൂൽ വിശ്വസിക്കുന്നു. ഒപ്പം സത്യവിശ്വാസികളും. അവരെല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിലും ഞങ്ങൾ ഒരു വ്യത്യാസവും കല്പിക്കുന്നില്ല. അവർ പറയുന്നു: ഞങ്ങൾ കേൾക്കുകയും ഞങ്ങൾ അനുസരിക്കുകയും ചെയ്തു. ഞങ്ങളുടെ രക്ഷിതാവേ നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. നിന്നിലേക്കാകുന്നു പ്രത്യാഗമനം.

لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ لَهَا مَا كَسَبَتۡ وَعَلَيۡهَا مَا ٱكۡتَسَبَتۡۗ
رَبَّنَا لَا تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ رَبَّنَا وَلَا تَحۡمِلۡ عَلَيۡنَآ إِصۡرٗا كَمَا
حَمَلۡتَهُۥ عَلَى ٱلَّذِينَ مِن قَبۡلِنَاۚ رَبَّنَا وَلَا تُحَمِّلۡنَا مَا لَا طَاقَةَ لَنَا بِهِۦۖ وَٱعۡفُ
عَنَّا وَٱغۡفِرۡ لَنَا وَٱرۡحَمۡنَآۚ أَنتَ مَوۡلَىٰنَا فَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ ۝

2:287– അല്ലാഹു ഒരാളുടെ മീതെയും അയാളുടെ കഴിവിനുപ്പുറം ഭാരം ചുമത്തുന്നില്ല. അയാൾ സമ്പാദിച്ച (നന്മ) അയാൾക്കുണ്ട്. അയാൾ സമ്പാദിച്ച (തിന്മയും) അയാൾക്കുണ്ട്. (പറയുക:) ഞങ്ങളുടെ രക്ഷി താവേ, ഞങ്ങൾക്കു മറവി പററുകയോ ഞങ്ങൾക്കു തെററുപററുകയോ ചെയ്യുന്നുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു മുമ്പുള്ള

വരുടെ മേൽ നീ ചുമത്തിയതുപോലെയുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് (താങ്ങാൻ) കഴിവില്ലാത്തത് ഞങ്ങളെക്കൊണ്ട് നീ വഹിപ്പിക്ക രുതേ. ഞങ്ങൾക്ക് നീ മാപ്പു നൽകുകയും പൊറുത്തുതരികയും ഞങ്ങളോട് നീ കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ.

അല്ലാഹു ഒരു കടുകുമണിയോളം തൻെറ ദാസന്മാരോട് അനീ തി ചെയ്യുന്നവനല്ല (3:109) എന്ന വാക്യത്തെ മുന്നിൽ കണ്ടു കൊണ്ടുവേണം അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടു ക്കുന്നു, അവൻ ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നു എന്ന വാക്യത്തിലുള്ള തത്ത്വ രഹസ്യം മനസ്സിലാക്കുവാൻ. അല്ലാഹുവിൻെറ നീതിനിയമമനുസരിച്ചു ആർക്കാണോ പൊറു ത്തു കിട്ടുവാൻ അർഹതയുള്ളത് അവർക്ക് പൊറുത്തു കിട്ടു കയും ശിക്ഷ ലഭിക്കുവാൻ അർഹതയുള്ളവർക്ക് ശിക്ഷ ലഭിക്കു കയും ചെയ്യുന്നു എന്നാണ് മേൽ വാക്യത്തിൻെറ സാരാംശം. അഗാധമായ ദൈവ സ്നേഹമില്ലാത്തവർ വഴിതെററി പോകാവു ന്നൊരു വാക്യമാണിത്.

തങ്ങളിഷ്ടപ്പെടുന്ന, തങ്ങളടെ വർഗ്ഗത്തിൽ മാത്രം വരുന്ന ദൂത ന്മാരെ ഇഷ്ടപ്പെടുകയും വർഗ്ഗത്തിൻെറയൊ ഭാഷയുടെയോപേ രിൽ മാത്രം മററു സമൂഹങ്ങളിൽ വരുന്ന ദൂതന്മാരെ അസൂയ നിമിത്തം നിഷേധിക്കുകയും ചെയ്യുക എന്നത് ദൈവകോപ ത്തിന് കാരണമായിത്തീരുന്ന പ്രക്രിയയാണ്. എല്ലാ വർഗ്ഗ സമൂ ഹങ്ങളും ദൈവത്തിൻെറ സൃഷ്ടികളായതിനാൽ പ്രവാചകന്മാർ ആരിലൊക്കെ, എപ്പോഴൊക്കെ, എവിടെയൊക്കെ വന്നാലും അവരിൽ എല്ലാവരിലും വിശ്വസിക്കുകയെന്നതാകുന്നു സത്യ വിശ്വാസം. ചിലരെ വിശ്വസിക്കുകയും ചിലരെ നിഷേധിക്കു കയും ചെയ്യുക എന്നത് എല്ലാ പ്രവാചകന്മാരെയും അയച്ചിരി ക്കുന്നത് ദൈവമായതിനാൽ ആ ദൈവത്തെ നിഷേധിക്കുന്ന തിന് തുല്യമാണ്. അങ്ങനെയുള്ളവർ ആരായാലും അവർ അവി ശ്വാസികളാണെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

നാം അറിയാതെ നമ്മിൽ വന്നു പോകുന്ന പിഴവുകൾക്ക് നാം അല്ലാഹു വിനോട് മാപ്പപേക്ഷിച്ചുകൊണ്ടിരിക്കണം. ദൈവത്തോ ടുള്ള മാപ്പപേക്ഷ ഹൃദയത്തിൻെറ അഗാധതയിൽ നിന്നുയരു മ്പോൾ അതൊരു സൽകർമ്മമായിത്തീരുകയും അതിന് ദൈവി

കപ്രതിഫലം ലഭിക്കുകയുംചെയ്യുന്നു.

## 7- വിശ്വസിച്ച ശേഷം വഴി തെററാതിരിക്കാനുള്ള പ്രാർത്ഥന.

هُوَ ٱلَّذِىٓ أَنزَلَ عَلَيْكَ ٱلْكِتَـٰبَ مِنْهُ ءَايَـٰتٌ مُّحْكَمَـٰتٌ هُنَّ أُمُّ ٱلْكِتَـٰبِ وَأُخَرُ مُتَشَـٰبِهَـٰتٌ ۖ فَأَمَّا ٱلَّذِينَ فِى قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَـٰبَهَ مِنْهُ ٱبْتِغَآءَ ٱلْفِتْنَةِ وَٱبْتِغَآءَ تَأْوِيلِهِۦ ۗ وَمَا يَعْلَمُ تَأْوِيلَهُۥٓ إِلَّا ٱللَّهُ ۗ وَٱلرَّٰسِخُونَ فِى ٱلْعِلْمِ يَقُولُونَ ءَامَنَّا بِهِۦ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَـٰبِ ۝

3:8- അവനാണ് നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നത്. അതിൽ ഖണ്ഡിതമായ വാക്യങ്ങളുണ്ട്. അവയാണ് ഗ്രന്ഥത്തിൻെറ മൂല വാക്യം. മററുള്ളവ രൂപകങ്ങളാണ്. എന്നാൽ ഹൃദയത്തിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ടും ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും അതിൽ ഉപമാരൂപത്തിലുള്ള വചനങ്ങളെ പിന്തുടരുന്നു. എന്നാൽ അല്ലാഹു അല്ലാതെ അതിൻെറ ആന്തരാർത്ഥം അറിയുകയില്ല. അറിവിൽ അടിയുറച്ചവരും. അവർ പറയുന്നു: ഞങ്ങൾ അതിൽ വിശ്വസിക്കുന്നു. അത് മുഴുവനും ഞങ്ങളുടെ രക്ഷിതാവിൽ നിന്നുള്ളതാണ്. എന്നാൽ ബുദ്ധിമാന്മാരല്ലാതെ ആലോചിച്ച് മനസ്സിലാക്കുകയില്ല.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ ۝

3:9- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ വ്യതിചലിപ്പിച്ചു കളയരുതേ. നിൻെറ സന്നിധിയിൽ നിന്നും കാരുണ്യം ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ വളരെയധികം ഔദാര്യവാനാകുന്നു.

رَبَّنَآ إِنَّكَ جَامِعُ ٱلنَّاسِ لِيَوْمٍ لَّا رَيْبَ فِيهِ ۚ إِنَّ ٱللَّهَ لَا يُخْلِفُ ٱلْمِيعَادَ ۝

3:10- ഞങ്ങളുടെ രക്ഷിതാവേ, നിശ്ചയമായും മനുഷ്യരെയെല്ലാം ഒരു ദിവസം ഒരുമിച്ചു ചേർക്കുന്നവനാണ് നീ. അതിൽ സംശയ

മേയില്ല. തീർച്ചയായും അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല.

വിശുദ്ധഖുർആനിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും കേവലബുദ്ധി കൊണ്ടോ, സാഹിത്യത്തിലോ ഭാഷാപരമായോ ഉള്ള അറിവ് കൊണ്ടോ മനസ്സിലാക്കിയെടുക്കാൻ സാധിക്കുകയില്ലെന്ന് അല്ലാഹു ഇവിടെ പ്രസ്താവിച്ചിരിക്കുകയാണ്. വിശുദ്ധഖുർആനിലെ ഉപമാലങ്കാരത്തിലുള്ള വാക്യങ്ങളുടെ അർത്ഥം ശരിക്കും ഗ്രഹിക്കുവാൻ ആത്മീയമായ പരിശുദ്ധിയും അതു മുഖേനെ ലഭ്യമാകുന്ന ദൈവികജ്ഞാനവും ആവശ്യമാകുന്നു.

ദൈവികജ്ഞാനം കേവലമായ ബുദ്ധിശക്തികൊണ്ടോ ഭാഷാപരമായ കഴിവുകൊണ്ടോ ലഭിക്കുകയില്ല. അത് ദൈവിക സാമീപ്യത്തിലൂടെയാകുന്നു നേടിയെടുക്കേണ്ടത്. ദൈവികസാമിപ്യത്തിലൂടെ നേടിയെടുക്കുന്ന ദൈവികജ്ഞാനത്തിലൂടെ മാത്രമെ വിശുദ്ധഖുർആനിൽ ഉപമാരൂപത്തിൽ വിവരിച്ച കാര്യങ്ങൾ മനസ്സിലാക്കിയെടുക്കുവാൻ സാധിക്കുകയുള്ളു. അല്ലാത്തവർ അത് തെററായി മനസ്സിലാക്കുവാൻ ഇടയാകുകയും അങ്ങനെ അവരുടെ മനസ്സിലെ വക്രത കാരണമായിത്തന്നെ വഴിപിഴച്ചു പോകുന്നതുമാകുന്നു. അതുകൊണ്ടാണ് ഉപമാരൂപത്തിലുള്ള വാക്യങ്ങളെ കുഴപ്പത്തെ തേടികൊണ്ടു പിന്തുടരുതെന്ന് പറഞ്ഞിരിക്കുന്നത്.

ഈ പാശ്ചാത്തലം പ്രതിപാദിച്ചശേഷം വഴിതെററിപ്പോകാതിരിക്കാനുള്ള പ്രാർത്ഥനയാണ് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്. വിശ്വാസത്തിൽ പ്രവേശിച്ചതുകൊണ്ടു മാത്രം പിന്നീട് ആ വിശ്വാസത്തിൽ ഉറച്ചുനിൽക്കുമെന്നതിന് യാതൊരു ഉറപ്പുമില്ല എന്ന് ഈ പ്രാർത്ഥനാവാക്യം വ്യക്തമാക്കുന്നു. കാരണം വിശ്വാസത്തിനു ശേഷമാണ് പരീക്ഷണങ്ങൾ ഉണ്ടാകുന്നത്. ആ പരീക്ഷണങ്ങളിൽ തളരാതെ, വ്യാകുലപ്പെടാതെ വഴിതെററാതെ മുന്നേറാൻ സാധിക്കണമെങ്കിൽ തൻെറ പ്രയത്നങ്ങൾ മാത്രം മതിയാവാതെ ദൈവിക സഹായങ്ങൾ കൂടി ആവശ്യമായി വരുന്നതാണ്. അതുകൊണ്ടാണ് നീ ഞങ്ങളെ വ്യതിച്ചലിപ്പിക്കരുതേ എന്ന് പ്രാർത്ഥിക്കുവാൻ അല്ലാഹു വിശ്വാസികളെ തുടർന്ന് പഠിപ്പിക്കുന്നത്. പരീക്ഷണ ഘട്ടങ്ങളിൽ ദൈവകാരുണ്യം ലഭ്യമാവാതെ നാം നിരാശ രായിത്തീരുമ്പോൾ മനസ്സിൻെറ താളം തെററിപ്പോവുകയും അവിശ്വാസത്തിലേക്ക് കാലിടറിപ്പോകുകയും ചെയ്യാവുന്നതാണ്. അതുകൊണ്ടാണ് ദൈവസന്നിധിയിൽ നിന്നുള്ള കാരുണ്യത്തെ നൽകുവാൻ പിന്നീട് പ്രാർത്ഥിക്കുവാൻ

പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ള പരീക്ഷണഘട്ടങ്ങളിൽ വിശ്വാസികളെ സഹായിക്കുവാൻ ദൈവമല്ലാതെ വേറെ ആരും തന്നെ ഉണ്ടായിരിക്കുകയില്ല.

## 8- നരകരക്ഷയ്ക്കു വേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥന.

زُيِّنَ لِلنَّاسِ حُبُّ ٱلشَّهَوَٰتِ مِنَ ٱلنِّسَآءِ وَٱلْبَنِينَ وَٱلْقَنَٰطِيرِ ٱلْمُقَنطَرَةِ مِنَ ٱلذَّهَبِ وَٱلْفِضَّةِ وَٱلْخَيْلِ ٱلْمُسَوَّمَةِ وَٱلْأَنْعَٰمِ وَٱلْحَرْثِ ۗ ذَٰلِكَ مَتَٰعُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱللَّهُ عِندَهُۥ حُسْنُ ٱلْمَـَٔابِ ﴿١٤﴾

3:15- സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിൻെറയും വെള്ളിയുടെയും കൂമ്പാരങ്ങൾ, മേൽത്തരമായ കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നീ കാമിതവസ്തുക്കളോടുള്ള സ്നേഹം മനുഷ്യന് ആകർഷ കമാക്കപ്പെട്ടിരിക്കുന്നു. ഇതൊക്കെ ഇഹലോകത്തിലെ വിഭവങ്ങളാകുന്നു. എന്നാൽ അല്ലാഹുവിൻെറ അടുക്കലാകുന്നു സുന്ദരമായ പ്രത്യാഗമനസ്ഥാനമുള്ളത്.

قُلْ أَؤُنَبِّئُكُم بِخَيْرٍ مِّن ذَٰلِكُمْ ۚ لِلَّذِينَ ٱتَّقَوْا۟ عِندَ رَبِّهِمْ جَنَّٰتٌ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَا وَأَزْوَٰجٌ مُّطَهَّرَةٌ وَرِضْوَٰنٌ مِّنَ ٱللَّهِ ۗ وَٱللَّهُ بَصِيرٌۢ بِٱلْعِبَادِ ﴿١٥﴾

3:16- പറയുക, ഇതിനേക്കാൾ നല്ലതിനെക്കുറിച്ചു നിങ്ങൾക്ക് ഞാൻ പറഞ്ഞു തരട്ടെയോ? സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിൻെറ സന്നിധിയിൽ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന തോട്ടങ്ങളുണ്ട്. അവർ അതിൽ വസിക്കുന്നതാണ്, പരിശുദ്ധരായ ഇണകളും, അല്ലാഹുവിൻെറ തൃപ്തിയും (അവർക്ക് ലഭിക്കുന്നതാണ്). അല്ലാഹു തൻെറ ദാസന്മാരെ കാണുന്നവനാകുന്നു.

ٱلَّذِينَ يَقُولُونَ رَبَّنَآ إِنَّنَآ ءَامَنَّا فَٱغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ﴿١٦﴾

3:17- ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾക്ക് പൊറുത്തു തരികയും നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ എന്ന് പറയുന്നവർ.

ٱلصَّـٰبِرِينَ وَٱلصَّـٰدِقِينَ وَٱلْقَـٰنِتِينَ وَٱلْمُنفِقِينَ وَٱلْمُسْتَغْفِرِينَ بِٱلْأَسْحَارِ ۝

3:18– സഹനശീലരും സത്യസന്ധരും അനുസരണമുള്ളവരും ചിലവിടുന്നവരും പ്രഭാതയാമങ്ങളിൽ പൊറുക്കലിനെ തേടുന്നവരുമാകുന്നു അവർ.

നരകശിക്ഷയിൽ നിന്ന് രക്ഷനേടുവാൻ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതോടൊപ്പം അങ്ങനെയുള്ളവരുടെ ഗുണങ്ങളെക്കുറിച്ചും അല്ലാഹു പറഞ്ഞതു ശ്രദ്ധിക്കുക. സൽക്കർമ്മങ്ങളില്ലാത്ത വെറും വായ്വാക്കുകളിൽ അടങ്ങിയിരിക്കുന്ന പ്രാർത്ഥനകൾക്ക് പ്രസക്തിയില്ലെന്ന് ഇത് ചൂണ്ടികാണിക്കുന്നു. പ്രാർത്ഥനയും പ്രവർത്തനവും ഒന്നിച്ചു കൊണ്ടുപോകണമെന്ന് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. നരകമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവർ സഹനം, സത്യസന്ധത, അനുസരണം ദൈവമാർഗ്ഗത്തിൽ ചിലവഴിക്കൽ ഇത്യാദി സൽഗുണങ്ങൾ സ്വായത്തമാക്കേണ്ടതാകുന്നു.

## 9– പരാശ്രയരഹിതമായ ജീവിതത്തിനു വേണ്ടിയുള്ള പ്രാർത്ഥന

قُلِ ٱللَّهُمَّ مَـٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ

وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

3:27– പറയുക: ആധിപത്യത്തിന് അധിപനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുകളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ എളിമയിലാക്കുന്നു. നിൻെറ കൈവശമാകുന്നു നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

تُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَتُولِجُ ٱلنَّهَارَ فِى ٱلَّيْلِ ۖ وَتُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ

وَتُخۡرِجُ ٱلۡمَيِّتَ مِنَ ٱلۡحَيِّۖ وَتَرۡزُقُ مَن تَشَآءُ بِغَيۡرِ حِسَابٖ ۝

3:28- രാത്രിയെ നീ പകലിൽ പ്രവേശിപ്പക്കുന്നു. പകലിനെ നീ രാത്രിയിലും പ്രവേശിപ്പക്കുന്നു. ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതിനെ നീ പുറത്തുകൊണ്ടുവരുന്നു. ജീവനുള്ളതിൽ നിന്നും ജീവനില്ലാത്തതിനെ നീ പുറത്തുകൊണ്ടുവരുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ വിഭവങ്ങൾ നൽകുകയും ചെയ്യുന്നു.

പ്രത്യക്ഷത്തിൽ ഇതൊരു പ്രാർത്ഥനയല്ല, ഒരു സ്തോത്രമാണ്. ഇതു നാം പാരായണം ചെയ്യുമ്പോൾ ദൈവിക മാഹാത്മ്യങ്ങളെ സ്തുതിക്കുകയാണ് ചെയ്യുന്നത്. ചക്രവർത്തിമാരുടെ ചക്രവർത്തിയായ ദൈവത്തെയും അവൻെറ കൈയിലുള്ള പരമാധികാരത്തെയും നാം വാഴ്ത്തുമ്പോൾ അതിൻെറ ഫലമായി ദൈവം കനിഞ്ഞു നൽകുന്ന അധികാരം നമ്മിൽ വന്നു ചേരുന്നതാണ്. മററുള്ളവരെ ആശ്രയിക്കാതെ സ്വതന്ത്രമായി ജീവിക്കുകയെന്നതാണല്ലൊ ഒരു വിശ്വാസിയുടെ ആത്മാഭിമാനം. ഈ ആത്മാഭിമാനം ലഭ്യമായിത്തീരുന്നത് ദൈവത്തിൽ നിന്ന് മാത്രമാണ്. എല്ലാ നന്മയും നിൻെറ കൈവശമാകുന്നു, നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളനാകുന്നു എന്ന് നാം പറയുമ്പോൾ ദൈവമേ, നിൻെറ കൈയിൽനിന്ന് നന്മകൾ നീ ഞങ്ങൾക്കു തരേണമേ എന്ന നമ്മുടെ അഭിലാഷം ഈ സ്തോത്രത്തിൻെറ അഗാധതയിൽ അലയടിക്കുന്നുണ്ട്. അതുപോലെ കണക്കില്ലാത്ത ആഹാര വിഭവങ്ങൾ ലഭ്യമായിത്തീരാനും ഈ സ്തോത്രം നമ്മെ പ്രാപ്തരാക്കുന്നു.

## 10- ഹസ്രത്ത് മർയമിനെ ദൈവത്തിലർപ്പിച്ചുകൊണ്ട് അവരുടെ മാതാവു ചെയ്ത പ്രാർത്ഥന.

إِذۡ قَالَتِ ٱمۡرَأَتُ عِمۡرَٰنَ رَبِّ إِنِّي نَذَرۡتُ لَكَ مَا فِي بَطۡنِي

مُحَرَّرٗا فَتَقَبَّلۡ مِنِّيٓۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلۡعَلِيمُ ۝

3:36- ഇംറാൻ (താവഴിയിലെ) ഒരു സ്ത്രീ പറഞ്ഞ സന്ദർഭം. എൻെറ രക്ഷിതാവേ, എൻെറ വയററിലുള്ള കുട്ടിയെ നിനക്ക്

അർപ്പിക്കപ്പെട്ടതായി ഞാൻ നേർച്ച നേർന്നിരിക്കുന്നു. എന്നിൽ നിന്ന് നീ അത് സ്വീകരിച്ചാലും. തീർച്ചയായും നീ കേൾക്കുന്ന വനും അറിയുന്നവനുമാകുന്നു.

فَلَمَّا وَضَعَتْهَا قَالَتْ رَبِّ إِنِّي وَضَعْتُهَا أُنثَىٰ وَٱللَّهُ أَعْلَمُ بِمَا

وَضَعَتْ وَلَيْسَ ٱلذَّكَرُ كَٱلْأُنثَىٰ ۖ وَإِنِّي سَمَّيْتُهَا مَرْيَمَ

وَإِنِّىٓ أُعِيذُهَا بِكَ وَذُرِّيَّتَهَا مِنَ ٱلشَّيْطَٰنِ ٱلرَّجِيمِ ۝

3:37– പക്ഷേ ആ കുട്ടിയെ പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ ഞാൻ പ്രസവിച്ചത് ഒരു പെൺകുട്ടിയെ ആണല്ലോ. ആൺ കുട്ടി പെൺകുട്ടിയെപ്പോലെയല്ല. ഞാൻ അവൾക്ക് മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചി ൽനിന്ന് അവളെയും അവളുടെ സന്തതിയെയും രക്ഷിക്കാനായി ഞാൻ നിന്നിൽ സംരക്ഷണമേല്പ്പിക്കുകയും ചെയ്യുന്നു.

فَتَقَبَّلَهَا رَبُّهَا بِقَبُولٍ حَسَنٍ وَأَنۢبَتَهَا نَبَاتًا حَسَنًا وَكَفَّلَهَا زَكَرِيَّا ۖ كُلَّمَا دَخَلَ عَلَيْهَا زَكَرِيَّا ٱلْمِحْرَابَ وَجَدَ

عِندَهَا رِزْقًا ۖ قَالَ يَٰمَرْيَمُ أَنَّىٰ لَكِ هَٰذَا ۖ قَالَتْ هُوَ مِنْ عِندِ ٱللَّهِ ۖ إِنَّ ٱللَّهَ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ ۝

3:38– അങ്ങനെ അവളുടെ രക്ഷിതാവ് നല്ലനിലയിൽ അവളെ സ്വീകരിക്കുകയും ഉത്തമമായ നിലയിൽ അവളെ വളർത്തി ക്കൊണ്ട്വരികയും അവളുടെ സംരക്ഷണച്ചുമതല സക്കറിയ്യായെ ഏല്പിക്കുകയും ചെയ്തു. അവളുടെയടുക്കൽ പ്രാർത്ഥനാമുറി യിൽ സക്കരിയ്യാ പ്രവേശിക്കുമ്പോൾ എന്തെങ്കിലും ആഹാരവിഭ വങ്ങൾ അവിടെ കാണുമായിരുന്നു. അദ്ദേഹം ചോദിച്ചു, അല്ലാ യോ മർയം ഇത് നിനക്കെവിടെ നിന്നാണ് കിട്ടുന്നത്? അവൾ പറഞ്ഞു: ഇത് അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്. തീർച്ച യായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ ആഹാരവിഭവങ്ങൾ നൽകുന്നു.

സൽസന്താനങ്ങളെ ആഗ്രഹിക്കുന്ന ഒരോ മാതാവും ഇതു പോലെ ദുആ ചെയ്യേണ്ടതാകുന്നു. ഈ ദുആയുടെ ഫലമായി പൈശാചികപ്രേരണകളിൽനിന്ന് അല്ലാഹു നമ്മുടെ സന്താന ങ്ങൾക്ക് പ്രത്യേക രക്ഷ നൽകുന്നതാണ്.

ആഹാരം അല്ലാഹുവിൽ നിന്നാണ് എന്ന് പറഞ്ഞതിന് ആകാശത്തിൽ നിന്നും ലഭ്യമായി എന്ന് അർത്ഥമില്ല. അല്ലാഹുവിൻെറ ദാസൻമാർ കൊണ്ടുകൊടുത്തതായിരിക്കാം അത്.

## 11- സൽസന്താനത്തിനു വേണ്ടി യഹ്‌യാ നബി (അ)യുടെ പ്രാർത്ഥന.

هُنَالِكَ دَعَا زَكَرِيَّا رَبَّهُۥۖ قَالَ

رَبِّ هَبۡ لِي مِن لَّدُنكَ ذُرِّيَّةٗ طَيِّبَةًۖ إِنَّكَ سَمِيعُ ٱلدُّعَآءِ

3:39- അവിടെവെച്ച് സക്കരിയാ തൻെറ രക്ഷിതാവിനോട് പ്രാർത്ഥിച്ചു: എൻെറ രക്ഷിതാവേ, പരിശുദ്ധമായൊരു സന്താനത്തെ നീ എനിക്ക് കനിഞ്ഞു നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാകുന്നു.

فَنَادَتۡهُ ٱلۡمَلَٰٓئِكَةُ وَهُوَ قَآئِمٞ يُصَلِّي فِي ٱلۡمِحۡرَابِ أَنَّ ٱللَّهَ يُبَشِّرُكَ بِيَحۡيَىٰ

مُصَدِّقَۢا بِكَلِمَةٖ مِّنَ ٱللَّهِ وَسَيِّدٗا وَحَصُورٗا وَنَبِيّٗا مِّنَ ٱلصَّٰلِحِينَ

3:40- അങ്ങനെ പ്രാർത്ഥനാമുറിയിൽ അദ്ദേഹം നമസ്ക്കരിച്ചു കൊണ്ട് നിൽക്കവേ മലക്കുകൾ വിളിച്ചു പറഞ്ഞു: അല്ലാഹു യഹ്‌യായെക്കുറിച്ച് നിന്നെ സന്തോഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള ഒരു വചനത്തെ ശരിവയ്ക്കുന്നവനും നേതാവും ആത്മനിയന്ത്രണമുള്ളവനും സദ്‌വൃത്തരിൽപ്പെട്ട ഒരു പ്രവാചകനും ആയിരിക്കും അവൻ.

قَالَ رَبِّ أَنَّىٰ يَكُونُ لِي غُلَٰمٞ وَقَدۡ بَلَغَنِيَ ٱلۡكِبَرُ وَٱمۡرَأَتِي عَاقِرٞۖ قَالَ كَذَٰلِكَ ٱللَّهُ يَفۡعَلُ مَا يَشَآءُ

3:41- അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, ഞാൻ വാർദ്ധക്യം പ്രാപിക്കുകയും എൻെറ ഭാര്യ വന്ധ്യയും ആയിരിക്കെ എങ്ങനെയാണ് എനിക്ക് ഒരു മകൻ ഉണ്ടാകുക? അവൻ പറഞ്ഞു: അത് അങ്ങനെ തന്നെയാകുന്നു. അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു.

قَالَ رَبِّ ٱجۡعَل لِّيٓ ءَايَةٗۖ قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَةَ

أَيَّامٍ إِلَّا رَمْزًا ۗ وَاذْكُر رَّبَّكَ كَثِيرًا وَسَبِّحْ بِالْعَشِيِّ وَالْإِبْكَارِ ﴿٤١﴾

3:42– അവൻ പറഞ്ഞു: എൻെറ രക്ഷിതാവേ, എനിക്ക് ഒരു അടയാളം ഉദ്ദേശിച്ചു തന്നാലും. അവൻ പറഞ്ഞു: നിനക്കുള്ള അടയാളം ആംഗ്യം കൊണ്ടല്ലാതെ മൂന്നു ദിവസം നീ ജനങ്ങളോടു സംസാരിക്കാതിരിക്കലാകുന്നു. നിൻെറ രക്ഷിതാവിനെ നീ അധികമായി സ്മരിക്കുകയും വൈകുന്നേരവും രാവിലെയും അവനെ സ്തോത്രം ചെയ്യുകയും ചെയ്യുക.

സൽസന്താനങ്ങളെ ആഗ്രഹിക്കുന്ന ഓരോ പിതാവും ദൈവത്തോട് സക്കരിയാ നബി (അ) പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കേണ്ടതാണ്. ഈ പ്രാർത്ഥനയിൽ വളരെയധികം തത്ത്വരഹസ്യം അടങ്ങിയിരിക്കുന്നു. ദൈവിക കാരുണ്യത്തെക്കുറിച്ചു ഒരിക്കലും തന്നെ നാം നിരാശരായിത്തീരരുതെന്ന് ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. ഭാര്യ വന്ധ്യയായാലും, നാം വാർദ്ധക്യം പ്രാപിച്ചാലും അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ സന്താനങ്ങൾ ഉണ്ടാകാമെന്നുള്ള സന്തോഷവാർത്തയും ഈ പ്രാർത്ഥനയിൽകൂടി നമുക്ക് ലഭിക്കുന്നു.

അല്ലാഹു പ്രാർത്ഥന കേൾക്കുന്നവനാണെന്ന യഹ്‌യാ നബിയുടെ പ്രഖ്യാപനവും ആ പ്രാർത്ഥനയ്ക്കു ഉത്തരമായി മാലാഖമാരിലൂടെയുള്ള മറുപടിയും ദൈവം അവൻെറ പരിശുദ്ധ ദാസന്മാരുടെ പ്രാർത്ഥനയ്ക്ക് എങ്ങനെയാണ് മറുപടി നൽകുന്നത് എന്നതിനുള്ള ഒരു ഉദാഹരണമാണ്.

യഹ്‌യാ നബി (അ) അല്ലാഹുവിൻെറ പ്രവാചകനായിട്ടും ഒരു സന്താനമില്ലാത്തതിൻെറ ദു:ഖം അദ്ദേഹം വാർദ്ധക്യം പ്രാപിക്കുന്നതുവരെ ക്ഷമിച്ചുകൊണ്ടിരുന്നു, ദൈവത്തോട് യാതൊരു രീതിയിലുമുള്ള പരാതിയും പറയാതെ. അദ്ദേഹം തനിക്ക് സൽസന്താനം ലഭിക്കണമെന്ന ആഗ്രഹം ദൈവത്തിൻെറ മുന്നിൽ പല തവണ പ്രകടിപ്പിച്ചിട്ടുണ്ടാവാം. നാം പ്രാർത്ഥിക്കുന്നതോടൊപ്പം ക്ഷമയോടെ കാത്തുനിൽക്കുകയും വേണം. ആ കാത്തിരിപ്പ് എത്ര തന്നെ ദൈർഘ്യമേറിയതായാലും ദൈവത്തെ കുററം പറയാതെയും അവൻെറ കാരുണ്യത്തിൽ നിരാശപ്പെടാതെയും വാർദ്ധക്യദശവരെയും ചിലപ്പോൾ കാത്തു നിൽക്കേണ്ടി വരും എന്ന സൂചനയും ഈ വാക്യങ്ങൾ നമുക്ക് തരുന്നുണ്ട്. പ്രാർത്ഥിക്കുക, നിരാശനാവാതെ പ്രാർത്ഥിക്കുക, ദൈവത്തിൽ നിന്ന്

ഉത്തരം ലഭിക്കുന്നതു വരെ പ്രാർത്ഥിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നമ്മുടെ പ്രാർത്ഥനയിൽ നാം ക്ഷമ പ്രകടിപ്പി ക്കുകയും നിരാശ കൈവെടിയുകയും ചെയ്യേണ്ട ആവശ്യകത യെയും ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു.

## 12- ഈസാ നബി (അ) ൻെറയും അനുയായികളുടെയും പ്രാർത്ഥന.

إِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۗ هَٰذَا صِرَٰطٌ مُّسْتَقِيمٌ ۝

3:52- തീർച്ചയായും അല്ലാഹു എൻെറ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമാകുന്നു. അതുകൊണ്ട് അവനെ ആരാധിക്കുക, ഇതാകുന്നു നേർമാർഗ്ഗം.

فَلَمَّآ أَحَسَّ عِيسَىٰ مِنْهُمُ ٱلْكُفْرَ قَالَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ

نَحْنُ أَنصَارُ ٱللَّهِ ءَامَنَّا بِٱللَّهِ وَٱشْهَدْ بِأَنَّا مُسْلِمُونَ ۝

3:53- എന്നാൽ ഈസായ്ക്ക് അവരുടെ നിഷേധ സ്വഭാവം ബോദ്ധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ മാർഗ ത്തിൽ എൻെറ സഹായികളായി ആരാണുള്ളത്? ശിഷ്യന്മാർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിൻെറ സഹായികളാണ്. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചരിക്കുന്നു. ഞങ്ങൾ അനുസരണമു ള്ളവരാണെന്നതിന് താങ്കൾ സാക്ഷ്യം വഹിച്ചാലും.

رَبَّنَآ ءَامَنَّا بِمَآ أَنزَلْتَ وَٱتَّبَعْنَا ٱلرَّسُولَ فَٱكْتُبْنَا مَعَ ٱلشَّٰهِدِينَ ۝

3:56- ഞങ്ങളുടെ രക്ഷിതാവേ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും നിൻെറ ദൂതനെ ഞങ്ങൾ പിന്തുട രുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് സാക്ഷ്യം വഹിച്ച വരോടൊപ്പം നീ ഞങ്ങളെയും രേഖപ്പെടുത്തേണമേ.

എന്താണ് യഥാർത്ഥത്തിലുള്ള നേർമാർഗ്ഗമെന്ന് 51ാം വാക്യം വ്യക്തമാക്കുന്നു. പ്രവാചകന്മാരും അദ്ദേഹത്തോടൊപ്പമുള്ള വിശ്വാസികളും ആ ഏകത്വത്തിന് സാക്ഷ്യം വഹിക്കുന്നവരാണ്.

## 13– ദൈവഭക്തരുടെ പ്രാർത്ഥന

وَكَأَيِّن مِّن نَّبِيٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا۟ لِمَآ
أَصَابَهُمْ فِى سَبِيلِ ٱللَّهِ وَمَا ضَعُفُوا۟ وَمَا ٱسْتَكَانُوا۟ ۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ ۝

3:147– എത്രയെത്ര പ്രവാചകന്മാരും അവരോടൊപ്പം അനേകം ദൈവഭക്തരും പോരാടിയിരിക്കുന്നു. എന്നാൽ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അവർക്ക് നേരിട്ട യാതൊന്നിലും അവർ നിരാശരായില്ല. അവർ ദുർബലരാകുകയോ കീഴടങ്ങിക്കൊടുക്കുകയോ ചെയ്തില്ല. സഹനശീലരെ അല്ലാഹു സ്നേഹിക്കുന്നു.

وَمَا كَانَ قَوْلَهُمْ إِلَّآ أَن قَالُوا۟ رَبَّنَا ٱغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا
فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ۝

3:148– അവരുടെ പ്രാർത്ഥന ഇങ്ങനെയല്ലാതെ മററൊന്നുമായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ വീഴ്ചകളും ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോകുന്ന അമിതത്വവും നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങൾ നീ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസികളായ ജനതയ്ക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

فَـَٔاتَىٰهُمُ ٱللَّهُ ثَوَابَ ٱلدُّنْيَا وَحُسْنَ ثَوَابِ ٱلْءَاخِرَةِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ۝

3:149– അതിനാൽ അല്ലാഹു അവർക്ക് ഈ ലോകത്തിലെ പ്രതിഫലവും പരലോകത്തിലെ മെച്ചമായ പ്രതിഫലവും നൽകി. നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

ദൈവമാർഗ്ഗത്തിൽ നിരാശാബോധത്തിന് യാതൊരു സ്ഥാനവുമില്ലെന്ന് ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഇങ്ങനെയുള്ള പോരാട്ടത്തിൽ ചിലപ്പോൾ വീഴ്ചയും വന്നു പോകാം, അമിതത്വവും വന്നു പോകാം. അതൊക്കെ മാപ്പു ചെയ്തു കിട്ടുവാൻ ദൈവത്തോടു നിത്യവും അപേക്ഷിച്ചു കൊണ്ടിരിക്കണം. നന്മ ചെയ്യുന്നതിനുള്ള പ്രതിഫലത്തിന് മരണാനന്തരം വരെ കാത്തിരിക്കേണ്ടതില്ലെന്നും ഈ ലോകത്തിൽ വെച്ചു തന്നെ അതിൻെറ

സദ്ഫലങ്ങൾ അനുഭവിച്ച് തുടങ്ങുന്നതാണെന്നും ഈ വാക്യം വിളംബരപ്പെടുത്തുന്നു.

## 14- ബുദ്ധിമാന്മാരുടെ പ്രാർത്ഥന.

وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

3:190- അല്ലാഹുവിനാകുന്നു ആകശങ്ങളുടെയും ഭുമിയുടെയും ആധിപത്യം. അല്ലാഹു എല്ലാ കാര്യത്തിനും ശക്തനുമാകുന്നു.

إِنَّ فِى خَلْقِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱخْتِلَـٰفِ ٱلَّيْلِ وَٱلنَّهَارِ لَـَٔايَـٰتٍ لِّأُو۟لِى ٱلْأَلْبَـٰبِ ۝

3:191- ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിവരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

ٱلَّذِينَ يَذْكُرُونَ ٱللَّهَ قِيَـٰمًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِى خَلْقِ ٱلسَّمَـٰوَٰتِ وَٱلْأَرْضِ

رَبَّنَا مَا خَلَقْتَ هَـٰذَا بَـٰطِلًا سُبْحَـٰنَكَ فَقِنَا عَذَابَ ٱلنَّارِ ۝

3:192- നിന്നും ഇരുന്നും കിടന്നും കൊണ്ട് അല്ലാഹുവിനെ സ്മരിക്കുകയും ആകാശങ്ങളുടെയും ഭുമിയുടെയും സൃഷ്ടിവൈഭവത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവരാകുന്നു അവർ. ഞങ്ങളുടെ രക്ഷിതാവേ, നീ ഇത് വ്യർത്ഥമായി സൃഷ്ടിച്ചതല്ല. നിനക്ക് സ്തോത്രം. അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ.

رَبَّنَآ إِنَّكَ مَن تُدْخِلِ ٱلنَّارَ فَقَدْ أَخْزَيْتَهُۥ ۖ وَمَا لِلظَّـٰلِمِينَ مِنْ أَنصَارٍ ۝

3:193- ഞങ്ങളുടെ രക്ഷിതാവേ, നീ നരകത്തിൽ കടത്തിവിടുന്നവനെ തീർച്ചയായും നീ അപമാനിച്ചിരിക്കുന്നു. തിന്മ ചെയ്യുന്നവർക്ക് സഹായികളായി ആരും ഇല്ലതന്നെ.

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَـٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ

رَبَّنَا فَٱغۡفِرۡ لَنَا ذُنُوبَنَا وَكَفِّرۡ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلۡأَبۡرَارِ ۝

3:194– ഞങ്ങളുടെ രക്ഷിതാവേ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ (എന്നു പറഞ്ഞുകൊണ്ട്) സത്യവിശ്വാസത്തിലേക്ക് വിളിക്കുന്നയാളുടെ വിളി ഞങ്ങൾ കേട്ടു. അതുകൊണ്ട് ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളുടെ ദൂഷ്യങ്ങൾ ഞങ്ങളിൽ നിന്ന് നീ അകററിക്കളയുകയും ചെയ്യേണമേ. സച്ചരിതരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.

رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخۡزِنَا يَوۡمَ ٱلۡقِيَٰمَةِۗ

إِنَّكَ لَا تُخۡلِفُ ٱلۡمِيعَادَ ۝

3:195– ഞങ്ങളുടെ രക്ഷിതാവേ! നിൻെറ ദൂതന്മാർ മുഖേനെ നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നീ നൽകേണമേ. ഉയിർത്തെഴുന്നേൽപ്പുനാളിൽ ഞങ്ങളെ നീ അപമാനിക്കരുതേ. നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല.

فَٱسۡتَجَابَ لَهُمۡ رَبُّهُمۡ أَنِّي لَآ أُضِيعُ عَمَلَ عَٰمِلٖ مِّنكُم مِّن ذَكَرٍ أَوۡ أُنثَىٰۖ بَعۡضُكُم مِّنۢ بَعۡضٖۖ فَٱلَّذِينَ

هَاجَرُواْ وَأُخۡرِجُواْ مِن دِيَٰرِهِمۡ وَأُوذُواْ فِي سَبِيلِي وَقَٰتَلُواْ وَقُتِلُواْ لَأُكَفِّرَنَّ عَنۡهُمۡ سَيِّـَٔاتِهِمۡ

وَلَأُدۡخِلَنَّهُمۡ جَنَّٰتٖ تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ ثَوَابٗا مِّنۡ عِندِ ٱللَّهِۚ وَٱللَّهُ عِندَهُۥ حُسۡنُ ٱلثَّوَابِ ۝

3:196– അതിനാൽ അവരുടെ രക്ഷിതാവ് അവർക്ക് പ്രത്യുത്തരം നൽകി: പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, നിശ്ചയമായും നിങ്ങളിൽ (നന്മ) പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവൃത്തി ഞാൻ പാഴാക്കുകയില്ല. നിങ്ങളിൽ ചിലർ മററുചിലരിൽനിന്നും ഉണ്ടായവരാകുന്നു. അതുകൊണ്ട് പാലായനം ചെയ്യുകയും തങ്ങളുടെ വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയും എൻെറ മാർഗത്തിൽ മർദ്ദിക്കപ്പെടുകയും യുദ്ധത്തിലേർപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തവരുടെ ദൂഷ്യങ്ങളെ അവരിൽനിന്ന് ഞാൻ നീക്കിക്കളയുകയും അവരെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന തോട്ടങ്ങളിൽ ഞാൻ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.

അല്ലാഹുവിൽ നിന്നുമുള്ള ഒരു പ്രതിഫലമത്രെ അത്. അല്ലാഹു വിങ്കലാകുന്നു ഏററവും ഉത്തമമായ പ്രതിഫലമുള്ളത്.

പ്രപഞ്ചത്തിൽ നടക്കുന്ന ഓരോ പ്രതിഭാസത്തിൻെറയും പിറ കിൽ ദൈവികകരം പ്രവർത്തിക്കുന്നതായി സൂക്ഷ്മമായി ചിന്തി ക്കുന്നവർക്ക് കണ്ടെത്തുവാൻ സാധിക്കുന്നതാണെന്ന് ആദ്യ സൂക്തങ്ങൾ വ്യക്തമാക്കുന്നു. അങ്ങനെ അഗാധമായി ചിന്തി ക്കുന്നവർക്ക് ദൈവത്തിലേക്ക് ക്ഷണിക്കുന്ന ദൈവദൂതന്മാരെ തിരിച്ചറിയുവാൻ സാധിക്കുന്നതും അവരുടെ ആഹ്വാനങ്ങൾ സ്വീകരിച്ചു കൊണ്ട് ജീവിതം ക്രമപ്പെടുത്തുവാൻ സാധിക്കുന്ന തുമാണ്. ഇത് പെട്ടെന്ന് ഒരു പ്രഭാതംകൊണ്ട് പൂർത്തിയാകു ന്നില്ല. അവർ ക്രമേണ പടിപടിയായി പുരോഗമിച്ച് മരിക്കുന്ന തിനു മുമ്പായി സജ്ജനങ്ങളായി മാറുകയാണ് ചെയ്യുന്നത്. സച്ചരിതരായി ഞങ്ങളുടെ ജിവൻ എടുക്കേണമേ എന്ന പ്രാർ ത്ഥനയുടെ താല്പര്യം അതാണ്. ഇങ്ങനെയുള്ള യഥാർത്ഥ വിശ്വാസികൾക്ക് പല കഷ്ടതകളും സഹിക്കേണ്ടി വരുന്നതാണ്. ചിലർക്ക് ഓടിപ്പോകേണ്ടി വരും. ചിലരെ ഭവനങ്ങളിൽ നിന്നും പുറത്താക്കും. ചിലരെ മററുള്ളവർ പീഡിപ്പിക്കും. ചിലർക്ക് യുദ്ധം ചെയ്യേണ്ടി വരും, ചിലർ കൊല്ലപ്പെടും. പക്ഷെ ഇതിനൊ ക്കെ സാഹചര്യം ലഭിക്കുന്നവർ മഹാഭാഗ്യവാന്മാരാണ്. ഇങ്ങ നെയുള്ള ത്യാഗങ്ങൾ സഹിക്കേണ്ടി വരുന്നവരുടെ തെററുകൾ അല്ലാഹു മായിച്ചു കളയുമെന്നും അവരെ സ്വർഗ്ഗത്തിൽ പ്രവേ ശിപ്പിക്കുമെന്നും വാഗ്ദാനം നൽകിയിരിക്കുകയാണിവിടെ. ഇതി നെക്കാൾ മഹത്തായ ഭാഗ്യം വേറെയെന്താണുള്ളത്?

## 15–അക്രമണവിധേയരായ അശക്തരുടെ പ്രാർത്ഥന

فَلْيُقَـٰتِلْ فِى سَبِيلِ ٱللَّهِ ٱلَّذِينَ يَشْرُونَ ٱلْحَيَوٰةَ ٱلدُّنْيَا بِٱلْـَٔاخِرَةِ ۚ وَمَن
يُقَـٰتِلْ فِى سَبِيلِ ٱللَّهِ فَيُقْتَلْ أَوْ يَغْلِبْ فَسَوْفَ نُؤْتِيهِ أَجْرًا عَظِيمًا ۝

4:75– എന്നാൽ പരലോകത്തിനു വേണ്ടി ഇഹലോകജീവി തത്തെ വില്ക്കുന്നവർ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യട്ടെ. അല്ലാഹുവിൻെറ മാർഗത്തിൽ പോരാടുന്നുവൻ കൊല്ല പ്പെട്ടാലും അല്ലെങ്കിൽ വിജയിച്ചാലും നാമവന് മഹത്തായ പ്രതി ഫലം നൽകുന്നതാണ്.

وَمَا لَكُمْ لَا تُقَـٰتِلُونَ فِى سَبِيلِ ٱللَّهِ وَٱلْمُسْتَضْعَفِينَ مِنَ ٱلرِّجَالِ وَٱلنِّسَآءِ وَٱلْوِلْدَٰنِ ٱلَّذِينَ يَقُولُونَ

رَبَّنَآ أَخْرِجْنَا مِنْ هَـٰذِهِ ٱلْقَرْيَةِ ٱلظَّالِمِ أَهْلُهَا وَٱجْعَل لَّنَا مِن لَّدُنكَ

وَلِيًّا وَٱجْعَل لَّنَا مِن لَّدُنكَ نَصِيرًا ۝

4:76–ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ആളുകൾ അധിവസിക്കുന്ന ഈ പട്ടണത്തിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കുകയും നിന്നിൽ നിന്ന് ഞങ്ങൾക്ക് ഒരു രക്ഷാധികാരിയെയും നിന്നിൽ നിന്ന് ഞങ്ങൾക്ക് ഒരു സഹായിയെയും തരികയും ചെയ്യേണമേ എന്നു പറയുന്ന മർദ്ദിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്ക് എന്തു കാരണമാണുള്ളത്?

ٱلَّذِينَ ءَامَنُوا۟ يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ ۖ وَٱلَّذِينَ كَفَرُوا۟ يُقَـٰتِلُونَ فِى سَبِيلِ

ٱلطَّـٰغُوتِ فَقَـٰتِلُوٓا۟ أَوْلِيَآءَ ٱلشَّيْطَـٰنِ ۖ إِنَّ كَيْدَ ٱلشَّيْطَـٰنِ كَانَ ضَعِيفًا ۝

4:77– സത്യവിശ്വാസികൾ അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അവിശ്വാസികൾ പിശാചിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അതിനാൽ പിശാചിൻെറ മിത്രങ്ങളോട് നിങ്ങൾ യുദ്ധം ചെയ്യുവിൻ. തീർച്ചയായും പിശാചിൻെറ കുതന്ത്രം ദുർബലമാകുന്നു.

മക്കയിൽവെച്ച് അവിശ്വാസികളിൽ നിന്ന് എത്രതന്നെ പീഡനങ്ങളനുഭവിച്ചിട്ടും സത്യവിശ്വാസികൾ അവരെ നശിപ്പിക്കുവാനോ അവരിൽ ശാപം ഇറക്കുവാനൊ പ്രാർത്ഥിച്ചിരുന്നില്ല എന്നകാര്യം ഇവിടെ സ്മരണീയമാണ്. അവരിൽനിന്ന് രക്ഷപ്പെടാനുള്ള സഹായത്തിനുവേണ്ടിയായിരുന്നു അവർ എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. ഇങ്ങനെ അക്രമവിധേയമായവരെ അക്രമികളിൽനിന്ന് മോചിപ്പിക്കാനുള്ള യുദ്ധത്തിനാണ് ദൈവമാർഗത്തിലുള്ള യുദ്ധമെന്ന് പറയുന്നത്. ഈ യുദ്ധത്തിൽ പോരാടുന്നവർ തോറ്റാലും ജയിച്ചാലും അവർക്ക് അല്ലാഹു

മഹത്തായ പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു.

## 16- അനുയായികൾക്ക് ഭക്ഷണത്തളികയ്ക്കു വേണ്ടി ഈസാ(അ)ൻെറ പ്രാർത്ഥന

إِذْ قَالَ ٱلْحَوَارِيُّونَ يَٰعِيسَى ٱبْنَ مَرْيَمَ هَلْ يَسْتَطِيعُ رَبُّكَ أَن يُنَزِّلَ

عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ ۖ قَالَ ٱتَّقُوا۟ ٱللَّهَ إِن كُنتُم مُّؤْمِنِينَ ﴿١١٢﴾

5:113- ശിഷ്യന്മാർ പറഞ്ഞ സന്ദർഭം: അല്ലയോ മർയമിൻെറ മകൻ ഈസാ, ആകാശത്തുനിന്ന് ഒരു ഭക്ഷണതളിക ഞങ്ങ ൾക്ക് ഇറക്കിത്തരുവാൻ നിൻെറ രക്ഷിതാവിനു കഴിയുമോ? അദ്ദേഹം പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികൾ ആണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുക.

قَالُوا۟ نُرِيدُ أَن نَّأْكُلَ مِنْهَا وَتَطْمَئِنَّ قُلُوبُنَا وَنَعْلَمَ أَن

قَدْ صَدَقْتَنَا وَنَكُونَ عَلَيْهَا مِنَ ٱلشَّٰهِدِينَ ﴿١١٣﴾

5:114- അവർ പറഞ്ഞു: അതിൽനിന്ന് ഞങ്ങൾ ഭക്ഷിക്കുന്ന തിനും ഞങ്ങൾക്ക് മനസ്സമാധാനമുണ്ടാകുന്നതിനും താങ്കൾ ഞങ്ങളോട് പറഞ്ഞകാര്യങ്ങൾ സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമാകുന്നതിനും ഞങ്ങൾ അതിന് സാക്ഷികളാകുന്ന തിനും ഞങ്ങൾ ആഗ്രഹിക്കുന്നു.

قَالَ عِيسَى ٱبْنُ مَرْيَمَ ٱللَّهُمَّ رَبَّنَآ أَنزِلْ عَلَيْنَا مَآئِدَةً مِّنَ ٱلسَّمَآءِ تَكُونُ لَنَا

عِيدًا لِّأَوَّلِنَا وَءَاخِرِنَا وَءَايَةً مِّنكَ ۖ وَٱرْزُقْنَا وَأَنتَ خَيْرُ ٱلرَّٰزِقِينَ ﴿١١٤﴾

5:115- മർയമിൻെറ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷി താവായ അല്ലാഹുവേ, ആകാശത്തുനിന്നും ഞങ്ങൾക്ക് ഒരു ഭക്ഷണതളിക നീ ഇറക്കിത്തന്നാലും, ഞങ്ങളിൽ ആദ്യത്തിലു ള്ളവർക്കും ഞങ്ങളിൽ അന്ത്യത്തിലുള്ളവർക്കും വേണ്ടി ഒരു പെരുന്നാളും നിന്നിൽനിന്നുള്ള ഒരു ദൃഷ്ടാന്തവും ആയി. ഞങ്ങ ൾക്ക് നീ ഉപജീവനം നൽകേണമേ. നീയാണ് ഉപജീവനം നൽ കുന്നവരിൽ ഏറ്റവും ഉത്തമൻ.

قَالَ ٱللَّهُ إِنِّى مُنَزِّلُهَا عَلَيْكُمْ ۖ فَمَن يَكْفُرْ بَعْدُ مِنكُمْ فَإِنِّىٓ أُعَذِّبُهُۥ عَذَابًا لَّآ أُعَذِّبُهُۥٓ أَحَدًا مِّنَ ٱلْعَٰلَمِينَ ﴿١١٥﴾

5:116– അല്ലാഹു പറഞ്ഞു: തീർച്ചയായും നിങ്ങൾക്ക് ഞാനത് ഇറക്കിത്തരാം. എന്നാൽ അതിനുശേഷം നിങ്ങളിൽ ആരെങ്കിലും അവിശ്വാസിക്കുന്നതായാൽ ലോകത്ത് ഒരാൾക്കും നൽകാത്ത ശിക്ഷ ഞാൻ അവന് നൽകുന്നതാണ്.

ആകാശത്തുനിന്നും ഒരു ഭക്ഷണത്തളിക ഞങ്ങൾക്ക് ഇറക്കിത്തരേണമെ എന്ന പ്രാർത്ഥനയുടെ അർത്ഥം ഭക്ഷണം നിറച്ച ഒരു തളിക ആകാശത്തുനിന്ന് അത്ഭുതകരമായ രീതിയിൽ ഇറങ്ങി വരണം എന്നതല്ല. അവർ ആവശ്യപ്പെട്ടത് ഒരു നേരത്തെ ഭക്ഷണവുമല്ല. അവരിൽ ആദ്യമുള്ളവർക്കും അവസാനമുള്ളവർക്കും നീണ്ടുനിൽക്കുന്ന രീതിയിൽ സുഭിക്ഷമായുള്ള ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ദൈവിക സഹായത്താൽ ഉണ്ടായിത്തീരുവാനുള്ള അവരുടെ ആഗ്രഹപ്രകടനമായിരുന്നു അത്.

ഈ പ്രാർത്ഥനയുടെഫലമായി കോൺസൈറ്റൻെറ കാലത്തും അതായത് മൂന്നാം നൂറ്റാണ്ടിലും അതു പോലെ അവസാനമായി 19ാം നൂറ്റാണ്ടിലും 20ാം നൂറ്റാണ്ടിലും കൃസ്തീയസമൂഹങ്ങൾ ഭൗതികമായി തുല്യതയില്ലാത്ത രീതിയിൽ സുഭിക്ഷമായിരിക്കുകയാണ്.

ഇവിടെ പറയുന്ന ഭക്ഷണതളിക രണ്ടു രീതിയിലും എടുക്കാവുന്നതാണ്. ആത്മീയമായും ഭൗതീകമായും. ആത്മീയമായ ഭക്ഷണത്തളിക യഥാർത്ഥത്തിൽ ദൈവമാർഗത്തിൽ അനുഭവിക്കുന്ന പ്രയാസങ്ങളണ്. അതുവഴി ആത്മാവിന് ഔന്നത്യം ലഭ്യമായിത്തീരുന്നു. ഈ അർത്ഥത്തിലെടുക്കുമ്പോൾ ആദ്യകാലമസീഹിൻെറ അനുയായികൾക്കും അവസാന കാലത്ത് ആഗതനായ മഹ്ദീമസീഹിൻെറ അനുയായികൾക്കും അത്തരത്തിലുള്ള ഭക്ഷണത്തളികകൾ ലഭ്യമായി. ആദ്യകാല മസീഹിൻെറ അനുയായികളെ അവിശ്വാസികൾ വിശന്നുവലഞ്ഞ സിംഹങ്ങളുടെ മുന്നിലേക്ക് എറിഞ്ഞു കൊടുത്തുകൊണ്ട് അവരെ കീറിമുറിക്കുന്നത് കണ്ടുരസിച്ചു. രണ്ടാമത്തെ മസീഹിൻെറ അനുയായികളെയും സിംഹങ്ങളേക്കാൾ ക്രൂരരായ മനുഷ്യമൃഗങ്ങളുടെ മുന്നിലേക്ക് എറിഞ്ഞുകൊടുക്കയും അങ്ങനെ ആ മനുഷ്യമൃഗങ്ങൾ അവരെ

കുത്തിക്കീറുന്നത് കണ്ടുരസിക്കുകയും ചെയ്തു. അങ്ങനെ രണ്ടു വിഭാഗങ്ങളും അല്ലാഹുവിൻെറ യഥാർത്ഥത്തിലുള്ള ആത്മീയ ഭക്ഷണം കരസ്ഥമാക്കി.

ഭൗതികസമ്പന്നതയുടെ വിവക്ഷയിലെടുക്കുമ്പോൾ, അല്ലാഹുവിൽനിന്ന് സുഭിക്ഷത വന്നുകിട്ടിയശേഷം കൃതഘ്നത കാട്ടുന്നവരായി അനുയായികൾ മാറിപ്പോകരുത്. അങ്ങനെ നന്ദികേടു കാട്ടുന്നവർക്ക് ഈ ലോകത്ത് ഒരിക്കലും വന്നു ഭവിച്ചിട്ടില്ലാത്ത ശിക്ഷ ലഭിക്കുന്നതാണ്. ഈ മുന്നറിയിപ്പ് ഈ കാലഘട്ടത്തിലെ പാശ്ചാത്യ കൃസ്തീയ ജനതയ്ക്കുള്ളതാണ്. അവർ അതിഭയങ്കരമായ ദൈവിക ശിക്ഷയിലൂടെ (മൂന്നാം ലോക മഹായുദ്ധത്തിലൂടെ) നശിക്കപ്പെടുമെന്ന് സാരം.

## 17- ആദം ദമ്പതിമാരുടെ
## പാശ്ചാത്താപവും പ്രാർത്ഥനയും

قَالَا رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَـٰسِرِينَ ۝

7:24- അവർ ഇരുവരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റു ചെയ്തുപോയിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നഷ്ടപ്പെട്ടവരുടെ കൂടെ ആയിത്തീരും.

قَالَ ٱهْبِطُوا۟ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَـٰعٌ إِلَىٰ حِينٍ ۝

7:25- (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകുവിൻ. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളായിരിക്കും. ഭൂമിയിൽ നിങ്ങൾക്ക് വാസസ്ഥലവും ഒരു കാലയളവുവരെ ജീവിത സൗകര്യവുമുണ്ട്.

قَالَ فِيهَا تَحْيَوْنَ وَفِيهَا تَمُوتُونَ وَمِنْهَا تُخْرَجُونَ ۝

7:26- (അല്ലാഹു) പറഞ്ഞു: അതിൽ തന്നെ നിങ്ങൾ ജീവിക്കുകയും അതിൽ തന്നെ നിങ്ങൾ മരിക്കുകയും അവിടെ നിന്നു തന്നെ നിങ്ങൾ പുറപ്പെടുവിക്കപ്പെടുകയും ചെയ്യും.

ഭൂമിയിൽ ആദം ഭമ്പതിമാർ വസിച്ച സ്വർഗ തുല്യമായ നഗരത്തിൽ വെച്ചു തെററു സംഭവിച്ചു പോയപ്പോൾ അവർ ചെയ്ത

പ്രാർത്ഥനയാണിത്. ചെയ്തുപോയ തെറ്റ് അവർ മനസ്സിലാക്കുകയും അല്ലാഹുവിനോടു പാപമോചനത്തിനു വേണ്ടി അപേക്ഷിക്കുകയും ചെയ്തു. അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനായതു കൊണ്ടു അവരുടെ അഭ്യർത്ഥന സ്വീകരിക്കുകയും അവരുടെ തെററുകൾ അല്ലാഹു പൊറുത്തുകൊടുകുകയും ചെയ്തു. (2:38). ആദ്യപിതാവായ ആദം പാപം ചെയ്തതു കൊണ്ടു പിന്നീടുവന്ന തലമുറകളെല്ലാം പാപിയായിത്തീർന്നു എന്ന കൃസ്തീയ വിശ്വാസത്തെ ഈ സൂക്തം ഖണ്ഡിക്കുന്നു. മനുഷ്യൻെറ ജീവിതവും മരണവും മരണാന്തരജീവിതവും, അവൻെറ സ്വർഗവും അവൻെറ നരകവും എല്ലാം തന്നെ ഈ ഭുമിയിൽ തന്നെയാണ് കൂടികൊള്ളുന്നതെന്ന് 25ാം വാക്യം വ്യക്തമാക്കുന്നു. ആരും ആകാശത്ത് പോയി ജീവിക്കുകയില്ലെന്ന് സാരം. ഈസാനബി(അ) ആകാശത്തു ജീവിക്കുന്നുവെന്ന വിശ്വാസത്തെ ഈ വാക്യം ഖണ്ഡിക്കുന്നു.

## 18-ഷുഐബ് നബി (അ)ൻെറ അനുയായികളുടെ പ്രാർത്ഥന

قَالَ ٱلْمَلَأُ ٱلَّذِينَ ٱسْتَكْبَرُوا۟ مِن قَوْمِهِۦ لَنُخْرِجَنَّكَ يَٰشُعَيْبُ وَٱلَّذِينَ

ءَامَنُوا۟ مَعَكَ مِن قَرْيَتِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا ۚ قَالَ أَوَلَوْ كُنَّا كَٰرِهِينَ ﴿٨٨﴾

7:89- അദ്ദേഹത്തിൻെറ ജനതയിലെ അഹംഭാവികളായിരുന്ന പ്രമാണിമാർ പറഞ്ഞു: ഹേ ഷുഐബ്, നിന്നെയും നിൻെറ കൂടെ വിശ്വാസിച്ചവരെയും ഞങ്ങളുടെ നാട്ടിൽനിന്ന് ഞങ്ങൾ പുറത്താക്കുകതന്നെ ചെയ്യും. അല്ലെങ്കിൽ ഞങ്ങളുടെ മതത്തിൽ തീർച്ചയായും നിങ്ങൾ തിരിച്ചു വരണം. അദ്ദേഹം പറഞ്ഞു: ഞങ്ങൾ അതിനെ വെറുക്കുന്നവരാണെങ്കിൽപോലും (തിരിച്ചു വരണമെന്നോ?).

قَدِ ٱفْتَرَيْنَا عَلَى ٱللَّهِ كَذِبًا إِنْ عُدْنَا فِى مِلَّتِكُم بَعْدَ إِذْ نَجَّىٰنَا ٱللَّهُ مِنْهَا ۚ وَمَا يَكُونُ لَنَآ أَن نَّعُودَ

فِيهَآ إِلَّآ أَن يَشَآءَ ٱللَّهُ رَبُّنَا ۚ وَسِعَ رَبُّنَا كُلَّ شَىْءٍ عِلْمًا ۚ عَلَى ٱللَّهِ تَوَكَّلْنَا ۚ

رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَٰتِحِينَ ﴿٨٩﴾

7:90- അല്ലാഹു ഞങ്ങളെ നിങ്ങളുടെ മതത്തിൽനിന്ന് രക്ഷപ്പെടുത്തിയ ശേഷം അതിൽ ഞങ്ങൾ തിരിച്ചുവരികയാണെങ്കിൽ, തീർച്ചയായും അല്ലാഹുവിൻെറ പേരിൽ ഞങ്ങൾ അസത്യം കെട്ടിച്ചമയ്ക്കുകയാവും ചെയ്യുന്നത്. ഞങ്ങളുടെ രക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ അതിലേക്ക് തിരിച്ചു പോകുവാൻ ഞങ്ങൾക്ക് സാധിക്കുന്നതല്ല. ഞങ്ങളുടെ രക്ഷിതാവിൻെറ അറിവ് എല്ലാ വസ്തുക്കളിലും വ്യാപിച്ചു നിൽക്കുന്നു. അല്ലാഹുവിൽ ഞങ്ങൾ ഭരമേല്പ്പിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളുടെയും ഞങ്ങളുടെ ജനതയുടെയും മദ്ധ്യേ നീ സത്യത്തോടെ വിധി കല്പിക്കേണമേ. വിധികർത്താക്കളിൽ നീയാണ് ഏറ്റവും ഉത്തമൻ.

وَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ لَئِنِ ٱتَّبَعْتُمْ شُعَيْبًا إِنَّكُمْ إِذًا لَّخَٰسِرُونَ ۝

7:91- അദ്ദേഹത്തിൻെറ ജനതയിലെ അവിശ്വാസികളായ പ്രമാണിമാർ പറഞ്ഞു: നിങ്ങൾ ഷുഐബിനെ പിൻപററുകയാണെങ്കിൽ തീർച്ചയായും നിങ്ങൾക്കു തന്നെയായിരിക്കും നഷ്ടം സംഭവിക്കുന്നത്.

فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَٰثِمِينَ ۝

7:92- അപ്പോൾ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ പ്രഭാതമായപ്പോൾ അവരുടെ വീടുകളിൽ അവർ കമിഴ്ന്നുവീണു കിടക്കുകയായിരുന്നു.

ٱلَّذِينَ كَذَّبُوا۟ شُعَيْبًا كَأَن لَّمْ يَغْنَوْا۟ فِيهَا ۚ ٱلَّذِينَ كَذَّبُوا۟ شُعَيْبًا كَانُوا۟ هُمُ ٱلْخَٰسِرِينَ ۝

7:93- ശുഐബിനെ നിഷേധിച്ചവരുടെ അവസ്ഥ അവരവിടെ താമസിച്ചിരുന്നതേയില്ല എന്നതു പോലെയായി. ഷുഐബിനെ നിഷേധിച്ചവർ തന്നെയായിരുന്നു നഷ്ടം സംഭവിച്ചവർ.

അതാതു കാലഘട്ടത്തിലെ സത്യവിശ്വാസികൾക്കെതിരായി ഭൂരിപക്ഷം വരുന്ന അവിശ്വാസികൾ കാട്ടിക്കൂട്ടിയ ക്രൂരതകൾക്ക് ഒരുദാഹരണമാണ് ഷുഐബ് നബി(അ)ൻെറയും അനുയായികളുടെയും ഈ പ്രാർത്ഥന. ഒരാൾ ഇഷ്ടപ്പെടാത്ത മതവിശ്വാസത്തിൽ ബലാൽക്കാരമായി അയാളെ പിടിച്ചുനിർത്തുകയെന്നത് അവിശ്വാസികളുടെ സ്വഭാവമായി വിശുദ്ധഖുർആനിൽ എടുത്തു പറയുന്നു.

അങ്ങനെ യാതൊരു ഗത്യന്തരവുമില്ലാത്തൊരു അവസ്ഥ സംജാതമായപ്പോൾ ദൈവിക വിധിതീർപ്പിനുവേണ്ടി അവർ പ്രാർത്ഥിച്ചു. ദൈവം അവിശ്വാസികളെ നശിപ്പിക്കാനുള്ള ശിക്ഷയിറക്കി. ഭൂകമ്പം.

അവിശ്വാസികൾ നാശമടയാനുള്ള ശക്തി വിശ്വാസികളുടെ പ്രാർത്ഥനയ്ക്കുണ്ടെന്ന് ഈസംഭവം തെളിയിക്കുന്നു. പൊതുവെ ബലഹീനരും അശക്തരുമായ വിശ്വാസികളല്ല, ഭൂരിപക്ഷം വരുന്ന അവിശ്വാസികളാണ് യഥാർത്ഥത്തിൽ എല്ലാം നഷ്ടമായവർ എന്ന് നമുക്കീ സംഭവം വ്യക്തമാക്കിതരുന്നു.

## 19- മൂസാനബി (അ) ൻെറ
## അനുയായികളുടെ പ്രാർത്ഥന

قَالَ فِرْعَوْنُ ءَامَنتُم بِهِۦ قَبْلَ أَنْ ءَاذَنَ لَكُمْ ۖ إِنَّ هَـٰذَا لَمَكْرٌ
مَّكَرْتُمُوهُ فِى ٱلْمَدِينَةِ لِتُخْرِجُوا۟ مِنْهَآ أَهْلَهَا ۖ فَسَوْفَ تَعْلَمُونَ ۝

7:124- ഫിർഔൻ പറഞ്ഞു: നിങ്ങൾക്ക് ഞാൻ അനുമതി തരുന്നതിനു മുമ്പ് അവനിൽ നിങ്ങൾ വിശ്വസിക്കുകയോ? തീർച്ചയായും ഈ പട്ടണത്തിൽനിന്ന് അതിലെ ആളുകളെ പുറത്താക്കുവാൻ വേണ്ടി നിങ്ങൾ ആസൂത്രണം ചെയ്ത ഒരു ഗൂഢാലോചന തന്നെയാണിത്. എന്നാൽ വേഗം തന്നെ നിങ്ങൾ അറിഞ്ഞുകൊള്ളും.

لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَـٰفٍ ثُمَّ لَأُصَلِّبَنَّكُمْ أَجْمَعِينَ ۝

7:125- നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും എതിർ വശങ്ങളിൽനിന്ന് ഞാൻ മുറിച്ചു കളയും. പിന്നെ നിങ്ങൾ എല്ലാവരെയും ഞാൻ ക്രൂശിക്കുകയും ചെയ്യും.

قَالُوٓا۟ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ ۝

7:126- അവർ പറഞ്ഞു: തീർച്ചയായും ഞങ്ങളുടെ രക്ഷിതാവിലേക്ക് തിരിച്ചുചെല്ലുന്നവരാണ് ഞങ്ങൾ.

وَمَا تَنقِمُ مِنَّآ إِلَّآ أَنْ ءَامَنَّا بِـَٔايَـٰتِ رَبِّنَا لَمَّا جَآءَتْنَا ۚ

رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرٗا وَتَوَفَّنَا مُسۡلِمِينَ ۝

7:127– ഞങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങൾ ഞങ്ങൾക്ക് വന്നു കിട്ടിയപ്പോൾ ഞങ്ങൾ അതിൽ വിശ്വസിച്ചുവെന്നതിനാണല്ലോ നീ ഞങ്ങളോടു പകരം വീട്ടുന്നത്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ മേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും അനുസരണം കൈക്കൊണ്ടവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.

വിശ്വാസികൾക്കെതിരെ അവിശ്വാസികൾ ചെയ്ത ക്രൂരതകൾക്കുള്ള മറ്റൊരുദാഹരണം. സ്വയം സത്യമായി തോന്നിയ വിശ്വാസം സ്വീകരിക്കണമെങ്കിൽ ഫിർഔൻെറ സമ്മതം വേണമായിരുന്നു. ഫറോവയുടെ ഹിതത്തിനെതിരായി സത്യവിശ്വാസം സ്വീകരിച്ചവർക്കുള്ള ശിക്ഷാവിധികൾ കാണുക! കൈകളും കാലുകളും എതിർ ദിശകളിൽനിന്ന് വെട്ടിമാറ്റുമെന്ന ഭീഷണിക്കു മുമ്പിൽ സത്യവിശ്വാസികൾ കുലുങ്ങിയില്ല. അവർ സഹനശക്തിക്കും ദൈവാനുസാരികളായി മരിക്കുവാനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അവരുടെ മോക്ഷം നേടിയെടുത്തു.

## 20– മൂസാനബിയുടെ (അ) പ്രാർത്ഥന-2

وَلَمَّا رَجَعَ مُوسَىٰٓ إِلَىٰ قَوۡمِهِۦ غَضۡبَٰنَ أَسِفٗا قَالَ بِئۡسَمَا خَلَفۡتُمُونِي مِنۢ بَعۡدِيٓۖ أَعَجِلۡتُمۡ أَمۡرَ رَبِّكُمۡۖ وَأَلۡقَى ٱلۡأَلۡوَاحَ وَأَخَذَ بِرَأۡسِ أَخِيهِ يَجُرُّهُۥٓ إِلَيۡهِۚ قَالَ ٱبۡنَ أُمَّ إِنَّ ٱلۡقَوۡمَ ٱسۡتَضۡعَفُونِي وَكَادُواْ يَقۡتُلُونَنِي فَلَا تُشۡمِتۡ بِيَ ٱلۡأَعۡدَآءَ وَلَا تَجۡعَلۡنِي مَعَ ٱلۡقَوۡمِ ٱلظَّٰلِمِينَ ۝

7:151– മൂസാ കുപിതനും ദു:ഖിതനുമായിക്കൊണ്ട് തൻെറ ജനങ്ങളുടെ അടുക്കൽ മടങ്ങിവന്നുകൊണ്ട് പറഞ്ഞു: ഞാൻ പോയതിനു ശേഷം നിങ്ങൾ ചെയ്ത കാര്യം വളരെ മോശമായതു തന്നെ. നിങ്ങളുടെ നാഥൻെറ വിധിതീർപ്പ് ത്വരിതപ്പെടുത്തുകയാണോ നിങ്ങൾ? അദ്ദേഹം പലകകൾ താഴെയിട്ടു. തൻെറ സഹോദരൻെറ തല പിടിച്ചു തൻെറ അടുത്തേക്ക് വലിക്കുകയും ചെയ്തു. (ഹാറൂൻ) പറഞ്ഞു: എൻെറ മാതാവിൻെറ മകനേ, തീർച്ചയായും ജനങ്ങൾ എന്നെ നിസ്സാരനായി കരുതി. അവർ എന്നെ കൊല്ലുകയും ചെയ്തേനെ. അതു

കൊണ്ട് നീ ശത്രുക്കൾക്ക് സന്തോഷത്തിന് നീ ഇടവരുത്തരുത്. തെറ്റു ചെയ്യുന്ന ജനങ്ങളുടെ കൂട്ടത്തിൽ നീ എന്നെ കണക്കാക്കുകയും അരുത്.

قَالَ رَبِّ ٱغْفِرْ لِى وَلِأَخِى وَأَدْخِلْنَا فِى رَحْمَتِكَ ۖ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ۝

7:152- (മൂസാ) പ്രാർത്ഥിച്ചു: എൻെറ രക്ഷിതാവേ! എനിക്കും എൻെറ സഹോദരനും നീ പൊറുത്തു തരേണമേ. നിൻെറ കാരുണ്യത്തിൽ ഞങ്ങളെ നീ ഉൾപ്പെടുത്തേണമേ. നീ കാരുണ്യം ചെയ്യുന്നവരിൽ വെച്ച് ഏററവും കൂടുതൽ കാരുണ്യം ചെയ്യുന്നവനാണല്ലോ.

إِنَّ ٱلَّذِينَ ٱتَّخَذُوا۟ ٱلْعِجْلَ سَيَنَالُهُمْ غَضَبٌ مِّن رَّبِّهِمْ
وَذِلَّةٌ فِى ٱلْحَيَوٰةِ ٱلدُّنْيَا ۚ وَكَذَٰلِكَ نَجْزِى ٱلْمُفْتَرِينَ ۝

7:153- കാളക്കുട്ടിയെ (ദൈവമായി) എടുത്തവർക്ക് തീർച്ചയായും അവരുടെ നാഥനിൽ നിന്നുള്ള കോപവും ഐഹികജീവിതത്തിൽ അപമാനവും വന്നു ഭവിക്കുന്നതാണ്. ഇപ്രകാരം കള്ളം കെട്ടിച്ചമയ്ക്കുന്നവർക്ക് നാം പ്രതിഫലം നൽകുന്നു.

മൃഗങ്ങളെയും രൂപങ്ങളെയും ദൈവതുല്യമായി ആരാധിക്കുന്നവർക്കുള്ള ശിക്ഷ ഇവിടെ വെളിപ്പെടുത്തിയിരിക്കുകയാണ്. ബുദ്ധിപരമായി കാര്യങ്ങൾ വിശകലനം ചെയ്യാതെ വെറും വികാരത്തിനടിമപ്പെട്ടു കൊണ്ടുള്ള ആരാധനാരീതികൾ സ്വയം തിരുത്തിക്കൊണ്ടു അവിവേകത്തിൽ നിന്നും മോചനം നേടിയെടുക്കുക എന്നത് മനുഷ്യൻ സ്വയംതന്നെ അവൻെറ ബുദ്ധിശക്തി ഉപയോഗിച്ചു ചെയ്യേണ്ട കാര്യമാണ്.

## 21- മൂസാനബിയുടെ (അ) പ്രാർത്ഥന -3

وَٱخْتَارَ مُوسَىٰ قَوْمَهُۥ سَبْعِينَ رَجُلًا لِّمِيقَـٰتِنَا ۖ فَلَمَّآ أَخَذَتْهُمُ ٱلرَّجْفَةُ قَالَ
رَبِّ لَوْ شِئْتَ أَهْلَكْتَهُم مِّن قَبْلُ وَإِيَّٰىَ ۖ أَتُهْلِكُنَا بِمَا فَعَلَ ٱلسُّفَهَآءُ
مِنَّآ ۖ إِنْ هِىَ إِلَّا فِتْنَتُكَ تُضِلُّ بِهَا مَن تَشَآءُ وَتَهْدِى مَن تَشَآءُ ۖ

أَنتَ وَلِيُّنَا فَٱغْفِرْ لَنَا وَٱرْحَمْنَا ۖ وَأَنتَ خَيْرُ ٱلْغَٰفِرِينَ ۝

7:156- നമ്മുടെ നിശ്ചിത സ്ഥാനത്തേക്കു മൂസാ തൻെറ ജനതയിൽ നിന്ന് എഴുപതു ആളുകളെ തിരഞ്ഞെടുത്തു. എന്നിട്ട് ഭയങ്കരമായ ഭൂചലനം അവരെ പിടികൂടിയപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, നീ ഉദ്ദേശിച്ചിരുന്നുവെങ്കിൽ മുമ്പുതന്നെ അവരെയും എന്നെയും നിനക്ക് നശിപ്പിക്കാമായിരുന്നു. ഞങ്ങളിലുള്ള മൂഢന്മാർ പ്രവർത്തിച്ചതിൻെറ ഫലമായി നീ ഞങ്ങളെ നശിപ്പിക്കുകയോ? ഇത് നിൻെറ പരീക്ഷണമല്ലാതെ മറെറാന്നുമല്ല. അതു മൂലം നീ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും നീ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീപൊറുത്തുകൊടുക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു.

وَٱكْتُبْ لَنَا فِى هَٰذِهِ ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ إِنَّا هُدْنَآ إِلَيْكَ ۚ

قَالَ عَذَابِىٓ أُصِيبُ بِهِۦ مَنْ أَشَآءُ ۖ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا

لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَٰتِنَا يُؤْمِنُونَ ۝

7:157- ഈ ലോകത്തും പരലോകത്തും നീ ഞങ്ങൾക്ക് നല്ലത് വിധിക്കേണമേ. തീർച്ചയായും ഞങ്ങൾ നിന്നിലേക്ക് മടങ്ങുന്നു. അവൻ പറഞ്ഞു: ഞാൻ ഉദ്ദേശിക്കുന്നവരെ ഞാൻ ശിക്ഷിക്കുന്നു. എൻെറ കാരുണ്യം എല്ലാവസ്തുക്കളിലും വ്യാപിച്ചു നിൽക്കുന്നു. എന്നാൽ സൂക്ഷ്മത പാലിക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്യുന്നവർക്കായി നാമത് പ്രത്യേകമായ നിലയിൽ നൽകുന്നതാണ്. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരുമാണ്.

കാളക്കുട്ടിയെ ആരാധിച്ചതിനു ശേഷം സംഭവിച്ച ഭൂകമ്പമായതുകൊണ്ട് സ്വാഭാവികമായും അത് ദൈവിക ശിക്ഷയാണെന്ന് കരുതി മൂസാ നബി (അ) ഭയപ്പെട്ടു പോയിരിക്കണം. ദൈവം കാരുണ്യവാനാണ്. ആ കാരുണ്യം എല്ലാവരിലേക്കും ദൈവം

വ്യാപിച്ചിരിക്കുന്നു. എന്നാൽ അത് എല്ലാവരും ഒരുപോലെയല്ല കരസ്ഥമാക്കുന്നത്. ഓരോരുത്തരുടെയും സൂക്ഷ്മതയനുസരിച്ചും സൽക്കർമ്മമനുസരിച്ചും അത് വേറിട്ടു നിൽക്കുന്നു.

## 22- സ്വർഗവാസികളുടെ പ്രാർത്ഥന

إِنَّ ٱلَّذِينَ لَا يَرۡجُونَ لِقَآءَنَا وَرَضُواْ بِٱلۡحَيَوٰةِ ٱلدُّنۡيَا وَٱطۡمَأَنُّواْ بِهَا وَٱلَّذِينَ هُمۡ عَنۡ ءَايَٰتِنَا

غَٰفِلُونَ ۝ أُوْلَٰٓئِكَ مَأۡوَىٰهُمُ ٱلنَّارُ بِمَا كَانُواْ يَكۡسِبُونَ ۝

10:8-9 നാമുമായുള്ള കൂടികാഴ്ചയെ പ്രത്യാശിക്കാതിരിക്കുകയും ഇഹലോക ജീവിതം കൊണ്ടു തൃപ്തിയടയുകയും അതിൽ നിർവൃതി കൊള്ളുകയും നമ്മുടെ സന്ദേശങ്ങളെക്കുറിച്ച് അശ്രദ്ധ രായി കഴിയുകയും ചെയ്യുന്നവരുടെ അഭയസ്ഥാനം അവർ സമ്പാദിച്ച തിന്മകൾ കാരണം നരകമായിരിക്കുന്നതാണ്.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ يَهۡدِيهِمۡ رَبُّهُم بِإِيمَٰنِهِمۡۖ

تَجۡرِي مِن تَحۡتِهِمُ ٱلۡأَنۡهَٰرُ فِي جَنَّٰتِ ٱلنَّعِيمِ ۝

10:10- വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ അവരുടെ വിശ്വാസത്തിൻെറ ഫലമായി അവരുടെ നാഥൻ നേർവഴിയിലാക്കുന്നതാണ്. അനുഗ്രഹങ്ങൾ നിറഞ്ഞ സ്വർഗത്തിൽ അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകി ക്കൊണ്ടിരിക്കുന്നതാണ്.

دَعۡوَىٰهُمۡ فِيهَا سُبۡحَٰنَكَ ٱللَّهُمَّ وَتَحِيَّتُهُمۡ فِيهَا سَلَٰمٞۚ

وَءَاخِرُ دَعۡوَىٰهُمۡ أَنِ ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ۝

10:11- അല്ലാഹുവേ, നിനക്ക് സ്തോത്രം എന്നതായിരിക്കും അതിൽ അവരുടെ പ്രാർത്ഥന. സമാധാനം എന്നതായിരിക്കും അതിൽ അവരുടെ അഭിവാദനം. സർവ്വലോക സംരക്ഷകനായ അല്ലാഹുവിന് സ്തുതി എന്നതായിരിക്കും അവരുടെ പ്രാർത്ഥന യുടെ അവസാനഭാഗം.

ലൗകികകാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുന്നവർക്ക് ദൈവ ത്തെ ഓർക്കാൻ സമയം കിട്ടാതെ പോകുന്നു. ഒരു ഇടവേളക്ക് ശേഷം വേർപിരിഞ്ഞു പോകേണ്ട ഈ ലോകത്തിനുവേണ്ടി ജീവിതമെല്ലാം വെറുതെ ചിലവഴിക്കുന്നതിൻെറ നിരർത്ഥകത കൂടുതൽ വിചിന്തനം ചെയ്യാതെ തന്നെ നമുക്ക് മനസ്സിലാക്കി യെടുക്കുവാൻ സാധിക്കുന്നതാണ്. അതിനു തുനിയാതെ ഈ ലോകത്തിനുവേണ്ടി സ്വയം മറക്കുന്നവർ നരകത്തിൽ ചെന്നു പതിക്കുന്നു. അത് അവർ ചെയ്ത പ്രവൃത്തികൾ കാരണമാ ണെന്ന് അല്ലാഹു വിശദമാക്കുകയും ചെയ്തിരിക്കുന്നു.

നല്ലകർമ്മങ്ങൾ പ്രവർത്തിക്കുന്നവർ അവർ ആരായിരുന്നാലും അല്ലാഹു അവരെ നേർമാർഗത്തിലേക്കും തുടർന്ന് സ്വർഗത്തി ലേക്കും വഴികാണിക്കുന്നതാണ്. നല്ല കർമ്മങ്ങൾ എന്താണെന്ന് തീരുമാനിക്കുന്നവൻ അല്ലാഹു ആകുന്നു. മനുഷ്യരുടെ മുമ്പിൽ ഒരു കർമ്മം എത്രതന്നെ മഹത്വമുള്ളതായി അനുഭവപ്പെട്ടാലും അതിൻെറ യഥാർത്ഥ മഹത്വം അറിയുന്നവൻ അവസാനം ദൈവം തന്നെയാകുന്നു.

## 23- മൂസാനബി (അ) യുടെ
## അനുയായികളുടെ പ്രാർത്ഥന

وَقَالَ مُوسَىٰ يَـٰقَوْمِ إِن كُنتُمْ ءَامَنتُم بِٱللَّهِ فَعَلَيْهِ تَوَكَّلُوٓا۟ إِن كُنتُم مُّسْلِمِينَ ۝

10:85- മൂസാ പറഞ്ഞു: എൻെറ ജനങ്ങളെ, നിങ്ങൾ അല്ലാഹു വിൽ വിശ്വസിക്കുന്നുവെങ്കിൽ അവനെ നിങ്ങൾ ഭരമേല്പിക്കു വിൻ. നിങ്ങൾ അവനെ അനുസരിക്കുന്നവരാണെങ്കിൽ.

فَقَالُوا۟ عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّـٰلِمِينَ ۝

10:86- അപ്പോൾ അവർ പറഞ്ഞു: അല്ലാഹുവിൽ ഞങ്ങൾ ഭരമേല്പിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്ര മികളായ ഈ ജനതയുടെ മർദ്ദനത്തിന് ഇരയാക്കരുതേ.

وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَـٰفِرِينَ ۝

10:87- നീ ഞങ്ങളെ നിൻെറ കാരുണ്യം കൊണ്ട് അവിശ്വാസി കളായ ഈ ജനതയിൽ നിന്ന് രക്ഷപ്പെടുത്തേണമേ.

അല്ലാഹുവിൽ ഭരമേല്പിക്കുക എന്നവാക്കിന് പല അർത്ഥങ്ങളുമുണ്ട്. നമ്മുടെ എല്ലാ പ്രയാസങ്ങളും അല്ലാഹുവിന് വിട്ടുകൊടുത്തു കൊണ്ട് നമ്മുടെ മനസ്സ് സ്വസ്ഥമാക്കിവെക്കുക,അല്ലാഹു അനുവദിക്കാത്ത കാലത്തോളം മറ്റുള്ളവർക്ക് നമ്മെ ഉപദ്രവിക്കാനോ പീഡിപ്പിക്കാനോ സാധിക്കുകയില്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ഭയരഹിതമായി ജീവിക്കുക, നമ്മുടെ ആശകളെ അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് അല്ലാഹുവിൻെറ അഭീഷ്ടങ്ങളെ നമ്മുടെ അഭീഷ്ടങ്ങളാക്കി മാറ്റിയെടുക്കുക മുതലായവ അതിൽപ്പെടുന്നു. എല്ലാ ആപത്തുകളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും അല്ലാഹു നമ്മെ കരകയററുന്നതാണെന്ന് വിശ്വസിക്കുക. അവനാണ് നമ്മുടെ സംരക്ഷകനെന്ന് വിശ്വസിക്കുക. എല്ലാം തന്നെ അല്ലാഹുവിൽ ഭരമേല്പിക്കുന്നവർക്ക് മാത്രമെ മനസ്സിനെ മനോദു:ഖങ്ങളിൽ നിന്നും വ്യാകുലതകളിൽ നിന്നും മോചിപ്പിച്ചുകൊണ്ട് മനസ്സ:മാധാനം നേടിയെടുക്കുവാൻ സാധിക്കുകയുള്ളു.

## 24- യുസഫ് നബി (അ)ൻെറ പ്രാർത്ഥന

وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا ۖ وَقَالَ يَٰٓأَبَتِ هَٰذَا تَأْوِيلُ رُءْيَٰىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ وَقَدْ أَحْسَنَ بِىٓ إِذْ أَخْرَجَنِى مِنَ ٱلسِّجْنِ وَجَآءَ بِكُم مِّنَ ٱلْبَدْوِ مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَٰنُ بَيْنِى وَبَيْنَ إِخْوَتِىٓ ۚ إِنَّ رَبِّى لَطِيفٌ لِّمَا يَشَآءُ ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿١٠١﴾

12:101- അദ്ദേഹം തൻെറ മാതാപിതാക്കളെ രാജപീഠത്തിന്മേൽ കയററിയിരുത്തി. അവനു (അല്ലാഹുവിനു) വേണ്ടി അവർ സുജൂദ് ചെയ്തു. അദ്ദേഹം പറഞ്ഞു: എൻെറ പിതാവേ, ഞാൻ മുമ്പുകണ്ട എൻെറ സ്വപ്നത്തിൻെറ സാഫല്യമാണിത്. എൻെറ രക്ഷിതാവ് അത് യാഥാർത്ഥ്യമാക്കി കാണിച്ചിരിക്കുന്നു. എന്നെ ജയിലിൽനിന്ന് പുറത്തു കൊണ്ടു വന്നപ്പോഴും എനിക്ക് അവൻ അനുഗ്രഹം ചെയ്തു. എന്നെയും എൻെറ സഹോദരന്മാരെയും പിശാച് ഭിന്നിപ്പിച്ചു നിർത്തിയതിനു ശേഷം മരുഭൂമിയിൽനിന്നും നിങ്ങളെ അവൻ (അല്ലാഹു) കൊണ്ടു വന്നപ്പോഴും (എനിക്ക് അവൻ അനുഗ്രഹം ചെയ്തു). തീർച്ചയായും താൻ ഉദ്ദേശിക്കുന്നവർക്ക് കൃപ ചെയ്യുന്നവനാകുന്നു എൻെറ നാഥൻ. തീർച്ചയായും അവൻ അറിവുററവനും പരമതന്ത്രജ്ഞനുമാകുന്നു.

رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ ٱلْأَحَادِيثِ ۚ

فَاطِرَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ

تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّـٰلِحِينَ ۝

12:102- എൻെറ രക്ഷിതാവേ തീർച്ചയായും നീ എനിക്ക് ആധിപത്യം നൽകിയിരിക്കുന്നു. സ്വപ്നങ്ങളുടെ ആന്തരാർത്ഥം നീ എന്നെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവേ നീയാണ് ഈ ലോകത്തിലും പരലോകത്തിലും എൻെറ രക്ഷാധികാരി. അനുസരണം കൈക്കൊണ്ടവനായി നീ എന്നെ മരിപ്പിക്കേണമേ. സജ്ജനങ്ങളുടെ കൂടെ നീ എന്നെ ചേർക്കുകയും ചെയ്യേണമേ. വിശ്വാസികളുടെ സ്വപ്നങ്ങൾക്ക് ആന്തരാർത്ഥമുണ്ടെന്നും അല്ലാഹുവിൻെറ കാലാവധിയെത്തുമ്പോൾ സ്വപ്നങ്ങൾ പൂർത്തിയാകുന്നതാണെന്നും ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ചില സ്വപ്നങ്ങളുടെ പൂർത്തികരണത്തിനു വേണ്ടി ശതകങ്ങൾ തന്നെയെടുത്തെന്നുവരാം.

പിശാച് ഭിന്നിപ്പിച്ചു എന്നത് കൊണ്ടു അർത്ഥമാക്കുന്നത് അവർ രൂപം കൊടുത്ത പൈശാചിക പ്രക്രിയയെയാണ്.

ധാരാളം സ്വപ്നങ്ങൾ ഉണ്ടാവുകയും അത് ജീവിതത്തിൽ പൂർത്തിയാവുകയും ചെയ്യുന്നതു വഴിയാണ് യഥാർത്ഥത്തിൽ സ്വപ്നങ്ങളെ കൂടുതൽ മനസ്സിലാക്കുവാനും അതിൻെറ ആന്തരാർത്ഥം ഗ്രഹിക്കുവാനും സാധിക്കുക.

## 25- ഇബ്രാഹീം നബി (അ) ൻെറ പ്രാർത്ഥന

وَإِذْ قَالَ إِبْرَٰهِيمُ

رَبِّ ٱجْعَلْ هَـٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ۝

14:36- ഇബ്രാഹീം ഇങ്ങനെ പറഞ്ഞ സന്ദർഭം ശ്രദ്ധേയമാണ്: എൻെറ രക്ഷിതാവേ, ഈ പട്ടണത്തെ (മക്കയെ) നീ സമാധാന

നിർഭരമാക്കേണമേ. നീ എന്നെയും എൻെറ സന്താനങ്ങളെയും വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്ന് അകററി നിർത്തുകയും ചെയ്യേണമേ.

رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ ٱلنَّاسِ فَمَن تَبِعَنِى فَإِنَّهُۥ مِنِّى وَمَنْ عَصَانِى فَإِنَّكَ غَفُورٌ رَّحِيمٌ

14:37–എൻെറ നാഥാ, തീർച്ചയായും അവ മനുഷ്യരിൽ അധികം പേരെയും വഴി പിഴപ്പിച്ചിരിക്കുന്നു. എന്നെ പിന്തുടരുന്നുവൻ നിശ്ചയമായും എന്നിൽ പെട്ടവനാകുന്നു. ആരെങ്കിലും എന്നെ അനുസരിക്കാതിരിക്കുന്നുവെങ്കിൽ തീർച്ചയായും നി പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയുമാകുന്നു.

رَّبَّنَآ إِنِّىٓ أَسْكَنتُ مِن ذُرِّيَّتِى بِوَادٍ غَيْرِ ذِى زَرْعٍ عِندَ بَيْتِكَ ٱلْمُحَرَّمِ رَبَّنَا لِيُقِيمُوا۟ ٱلصَّلَوٰةَ فَٱجْعَلْ أَفْـِٔدَةً مِّنَ ٱلنَّاسِ تَهْوِىٓ إِلَيْهِمْ وَٱرْزُقْهُم مِّنَ ٱلثَّمَرَٰتِ لَعَلَّهُمْ يَشْكُرُونَ

14:38– ഞങ്ങളുടെ നാഥാ! തീർച്ചയായും എൻെറ സന്താനങ്ങ ളിൽ ചിലരെ കൃഷിയിടമല്ലാത്ത ഒരു താഴ്വരയിൽ പാവനമായ നിൻെറ മന്ദിരത്തിന്നടുത്ത് ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങ ളുടെ രക്ഷിതാവേ അവർ നമസ്കാരം നിലനിർത്തുന്നതിനു വേണ്ടിയാണത്. അതുകൊണ്ടു മനുഷ്യരുടെ ഹൃദയങ്ങളെ അവ രിലേക്ക് ആകൃഷ്ടമാക്കുകയും കായ്കനികൾ കൊണ്ട് നീ അവ ർക്ക് ഭക്ഷണം നൽകുകയും ചെയ്യേണമേ. അവർ നന്ദി കാട്ടുന്ന തിനു വേണ്ടി.

رَبَّنَآ إِنَّكَ تَعْلَمُ مَا نُخْفِى وَمَا نُعْلِنُ وَمَا يَخْفَىٰ عَلَى ٱللَّهِ مِن شَىْءٍ فِى ٱلْأَرْضِ وَلَا فِى ٱلسَّمَآءِ

14:39- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ മറച്ചുവെയ്ക്കുന്നതും ഞങ്ങൾ വെളിപ്പെടുത്തുന്നതും തീർച്ചയായും നീ അറിയുന്നു. ഭൂമിയിലോ ആകാശത്തിലോ ഒരു വസ്തുവും അല്ലാഹുവിൽ നിന്ന് മറഞ്ഞിരിക്കുന്നില്ല.

ٱلْحَمْدُ لِلَّهِ ٱلَّذِى وَهَبَ لِى عَلَى ٱلْكِبَرِ إِسْمَـٰعِيلَ وَإِسْحَـٰقَ ۚ إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ ۝

14:40- വാർദ്ധക്യകാലത്ത് എനിക്ക് ഇസ്മായിലിനെയും ഇസ്ഹാക്കിനെയും കനിഞ്ഞു നൽകിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. തീർച്ചയായും എൻെറ രക്ഷിതാവ് പ്രാർത്ഥന കേൾക്കുന്നവൻ തന്നെയാകുന്നു.

رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ۝

14:41- എൻെറ നാഥാ, എന്നെ നീ നമസ്കാരം നിലനിർത്തുന്നവനാക്കേണമേ. എൻെറ സന്തതികളേയും. ഞങ്ങളുടെ നാഥാ, എൻെറ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.

رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ ٱلْحِسَابُ ۝

14:42- ഞങ്ങളുടെ നാഥാ, വിചാരണനാളിൽ എനിക്കും എൻെറ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തു തരേണമേ.

ഇബ്രാഹീം നബി (അ)ൻെറ ഈ പ്രാർത്ഥനയിൽ പല ദൈവികാനുഗ്രഹങ്ങളും ഒളിഞ്ഞു കിടക്കുന്നു. നാം ഈ പ്രാർത്ഥന അല്ലാഹുവിനോടു ഏറ്റു പറയുമ്പോൾ ഇതിൽ ഉൾക്കൊണ്ട എല്ലാ അനുഗ്രഹങ്ങളും ലഭിക്കാനുള്ള അർഹത നമുക്കും ഉണ്ടായിത്തീരുന്നതാണ്. ഈ പ്രാർത്ഥനയിൽ ദൈവത്തിൻെറ മഹാനായ ആ പ്രവാചകൻ തൻെറ സ്രഷ്ടാവിനു വേണ്ടി ചെയ്ത ത്യാഗങ്ങൾ എടുത്തു പറഞ്ഞുകൊണ്ട് തൻെറ സന്താനങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചിരിക്കുന്നു. അല്ലാഹുവിനു വേണ്ടി ചെയ്തിട്ടുള്ള ത്യാഗങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ

വേഗത്തിൽ സ്വീകരിക്കുമെന്നാണ് നാം ഇതിൽ നിന്നും മനസ്സി ലാക്കേണ്ട്. 'ഞങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നുതും നീ അറിയുന്നു' എന്ന ഭാഗം ഈ ആവശ്യകതയെ എടുത്തു കാണിക്കുന്നു.

നാം സുഭിക്ഷതയ്ക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നന്ദി കാട്ടു ന്നവരായിത്തീരാനും വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. ദൈവത്തെ മറന്നുപോകാനുള്ള സാദ്ധ്യത ഏറ്റവും കൂടുതലളുള്ളത് നാം സമ്പന്നരായിത്തീരുമ്പോഴാണ്. 'അവർ നന്ദികാട്ടുന്നതിനുവേണ്ടി' എന്ന ഭാഗം ഈ സാദ്ധ്യതകളെ ഇല്ലാതാക്കിത്തീർക്കുന്നതാണ്.

പ്രാർത്ഥനകളിൽ നാം അല്ലാഹുവിനോട് എപ്പോഴും കൃതജ്ഞത പ്രകടിപ്പിക്കേണ്ടതാണ്. അവൻ നമുക്ക് ചെയ്തു തന്ന അനുഗ്ര ഹങ്ങൾ എണ്ണി പറഞ്ഞുകൊണ്ട്. പ്രത്യേകമായ അനുഗ്രഹങ്ങൾ ഉണ്ടെങ്കിൽ അവ എടുത്തുദ്ധരിക്കുന്നതായിരിക്കും കൂടുതൽ നല്ലത്. ഇവിടെ ഇബ്രാഹീം (അ) വാർദ്ധക്യ ദശയിൽ ദൈവം അദ്ദേഹത്തിന് സന്താനങ്ങളെ നൽകിയ കാര്യമാണ് പറഞ്ഞി രിക്കുന്നത്. ദൈവത്തെ മഹത്വപ്പെടുത്തുന്ന എല്ലാവർക്കും തന്നെ പ്രത്യേകമായ ദൈവികാനുഗ്രഹങ്ങൾ വന്നു ചേരുന്ന താണ്. അങ്ങനെയുള്ള അനുഗ്രഹങ്ങളെ കണ്ടെത്തുവാൻവേണ്ടി ജീവിതത്തിൽ പരതിനടക്കേണ്ട ആവശ്യം വരില്ല.

## 26- മാതാപിതാക്കൾക്കു വേണ്ടിയുള്ള ദുആ

وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ۚ إِمَّا يَبْلُغَنَّ عِندَكَ ٱلْكِبَرَ

أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ۝

17:24- അവനെ മാത്രമല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കളോടു നന്മ ചെയ്യണമെന്നും നിൻെറ നാഥൻ കല്പിച്ചു. അവരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരോ നിൻെറ ജീവിത കാലത്ത് വാർദ്ധക്യം പ്രാപിക്കുന്നുവെങ്കിൽ അവരോടു 'ച്ഛേ' എന്നുപോലും നീ പറയരുത്. അവരോട് നീ കയർക്കു കയും ചെയ്യരുത്. ഇരുവരോടും നീ മാന്യമായ രീതിയിൽ സംസാരിക്കുക.

وَٱخْفِضْ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل

رَّبِّ ٱرۡحَمۡهُمَا كَمَا رَبَّيَانِي صَغِيرٗا ۝

17:25- കരുണാമയത്തോടെ ഇരുവർക്കും നീ വിനയത്തിൻെറ ചിറക് താഴ്ത്തി കൊടുക്കുക. പറയുക: എൻെറ രക്ഷിതാവേ, കുട്ടിക്കാലം ഇരുവരും എന്നെ പോറ്റിവളർത്തിയതു പോലെ ഇവരോടും നീ കരുണ ചെയ്യേണമേ.

വിശുദ്ധഖുർആനിൽ അല്ലാഹു മാതാപിതാക്കൾ രണ്ടുപേർക്കും തുല്യമായ സ്ഥാനമാണ് നൽകിയിട്ടുള്ളത്. ആരോടും തന്നെ അപമര്യാദയായി പെരുമാററുതെന്ന് പറഞ്ഞിരിക്കുകയാണ്. പക്ഷേ സന്താനങ്ങളിൽ നിന്ന് നല്ലപെരുമാറ്റം കിട്ടുവാൻ മാതാ പിതാക്കൾ അവരുടെ കുട്ടികളോട് നല്ല നിലയിൽ പെരുമാറു കയും അവരെ നല്ലനിലയിൽ വളർത്തികൊണ്ടുവരികയും ചെയ്യണം. ചെറുപ്പത്തിൽ ഞങ്ങളെ പോറ്റി വളർത്തിയതുപോലെ എന്ന ഭാഗം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ചെറുപ്പത്തിൽ കുട്ടികളോട് കാരുണ്യം കാണിക്കാതെ, അവർക്ക് വേണ്ട സംര ക്ഷണം നൽകാതെ, അവരെ ശകാരിച്ചു വളർത്തുന്ന മാതാപി താക്കൾക്ക് തിരിച്ചു ലഭിക്കുന്ന കാരുണ്യം ഈ പ്രാർത്ഥനമൂലം എന്തായിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

## 27- റസൂൽ (സ.അ)യുടെ ദുആ

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمۡسِ إِلَىٰ غَسَقِ ٱلَّيۡلِ وَقُرۡءَانَ
ٱلۡفَجۡرِۖ إِنَّ قُرۡءَانَ ٱلۡفَجۡرِ كَانَ مَشۡهُودٗا ۝

17:79- സൂര്യൻ മദ്ധ്യാഹനം വിട്ടതിരിയുന്നതു മുതൽ രാത്രി ഇരുൾ മൂടുന്നതുവരെ നമസ്ക്കാരം നിലനിർത്തുക. അതു പോലെ പ്രഭാതവേളയിലെ ഖുർആൻ പാരായണവും. തീർച്ച യായും പ്രഭാതവേളയിലെ പാരായണം സാക്ഷ്യം വഹിക്കുന്ന താണ്.

وَمِنَ ٱلَّيۡلِ فَتَهَجَّدۡ بِهِۦ نَافِلَةٗ لَّكَ عَسَىٰٓ أَن يَبۡعَثَكَ رَبُّكَ مَقَامٗا مَّحۡمُودٗا ۝

17:80- രാത്രിയിൽ നീ അതുമായി ഉറക്കമുണർന്നിരിക്കുക. ഇത് നിനക്ക് ഐച്ഛികമായ ഒരു കർമ്മമാകുന്നു. നിൻെറ രക്ഷി താവ് നിന്നെ സ്തുത്യർഹമായ സ്ഥാനത്തേക്ക് ഉയർത്തുന്നതി

നുവേണ്ടിയാണത്.

وَقُل رَّبِّ أَدۡخِلۡنِي مُدۡخَلَ صِدۡقٖ وَأَخۡرِجۡنِي مُخۡرَجَ صِدۡقٖ وَٱجۡعَل لِّي مِن لَّدُنكَ سُلۡطَٰنٗا نَّصِيرٗا ۝

17:81– പറയുക: എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശന മാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും സത്യത്തിന്റേതായ ബഹിർഗമന മാർഗത്തിലൂടെ നീ എന്നെ പുറത്തുകൊണ്ടുവരികയും ചെയ്യേണമേ. നിന്നിൽ നിന്ന് ശക്തമായ സഹായിയെ നീ എനിക്കു നൽകുകയും ചെയ്യേണമേ.

അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം അവന് ആരാധനകളർപ്പിക്കേണ്ട ആവശ്യകതയെയും ഈ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ നമ്മുടെ ആരാധനകളുടെ ആധിക്യമാണ് നമ്മുടെ പ്രാർത്ഥനകൾ ദൈവ സന്നിധിയിൽ സ്വീകാര്യമാക്കിത്തീർക്കുന്നത്.

വിശുദ്ധ ഖുർആൻ പാരായണം ചെയ്യേണ്ടത് ആരാധനയുടെ ഒരു ഭാഗമായും വിശുദ്ധഖുർആൻ പാരായണം ചെയ്തുകൊണ്ട് രാത്രിയിൽ തഹജ്ജുദ് നമസ്കരിക്കേണ്ടതിനെക്കുറിച്ചും അല്ലാഹു ഇവിടെ ചൂണ്ടികാണിക്കുന്നു. അങ്ങനെയുള്ളവരെ അല്ലാഹു സ്തുത്യർഹമായ സ്ഥാനത്തേക്ക് ഉയർത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്.

സത്യത്തിൽ നമുക്ക് ഉറച്ചുനിൽക്കുവാൻ തീർച്ചയായും അല്ലാഹുവിന്റെ പ്രത്യേക കാരുണ്യവും ശക്തിമത്തായ സഹായവും ആവശ്യമാണ്. സത്യത്തിൽ ഉറച്ചു നിൽക്കുമ്പോൾ നമുക്ക് തരണം ചെയ്യേണ്ടി വരുന്ന പ്രയാസ്സങ്ങളെ അതിജീവിച്ചു മുന്നേറുവാൻ ഈ പ്രാർത്ഥന ആവശ്യമാണ്.

ഈ പ്രാർത്ഥനയുടെ ഫലമായി റസൂൽ(സ.അ) വിജയശ്രീലാളിതനായി മക്കയിൽ പ്രവേശിക്കുകയും മക്ക കീഴടക്കിയ ശേഷം വിജയിയായിക്കൊണ്ടുതന്നെ മദീനയിലേക്ക് തിരിച്ചപോരുകയും ചെയ്തു. ഈ പ്രാർത്ഥനയിൽ മക്കാവിജയത്തിന്റെ പ്രവചനം അടങ്ങിയിരിക്കുന്നു.

## 28- ഗുഹാവാസികളുടെ പ്രാർത്ഥന

أَمۡ حَسِبۡتَ أَنَّ أَصۡحَٰبَ ٱلۡكَهۡفِ وَٱلرَّقِيمِ كَانُواْ مِنۡ ءَايَٰتِنَا عَجَبًا ۝

18:10. അല്ലെങ്കിൽ ഗുഹാവാസികളും അവരുടെ ലിഖിതങ്ങളും നമ്മുടെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു അത്ഭുതം ആയിരുന്നു വെന്ന് നീ ചിന്തിച്ചുവോ?

إِذۡ أَوَى ٱلۡفِتۡيَةُ إِلَى ٱلۡكَهۡفِ فَقَالُواْ

رَبَّنَآ ءَاتِنَا مِن لَّدُنكَ رَحۡمَةً وَهَيِّئۡ لَنَا مِنۡ أَمۡرِنَا رَشَدًا ۝

18:11- ആ യുവാക്കൾ ഗുഹയിലേക്ക് അഭയം പ്രാപിച്ചപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, നിന്നിൽനിന്ന് ഞങ്ങ ൾക്ക് കാരുണ്യം ചൊരിയുകയും ഞങ്ങളുടെ കാര്യങ്ങൾ ശരി യായ രീതിയിൽ നിർവ്വഹിക്കാനുള്ള സാഹചര്യം ഒരുക്കിത്തരി കയും ചെയ്യേണമേ.

فَضَرَبۡنَا عَلَىٰٓ ءَاذَانِهِمۡ فِي ٱلۡكَهۡفِ سِنِينَ عَدَدًا ۝

18:12- അങ്ങനെ കുറെയേറെ വർഷങ്ങൾ ഗുഹയിൽ നാം അവരുടെ കാതുകൾക്കു മീതെ മറയിട്ടു. (അവർ മററുള്ളവരുടെ ശബ്ദം കേൾക്കാതെയായി/അവരെക്കുറിച്ച് മററുള്ളവർ അറി യാതെയായി.)

റോമാ ചക്രവർത്തിമാരുടെ കിരാതമർദ്ദനങ്ങൾ സഹിക്കവയ്യാ തായപ്പോൾ ആദ്യകാല കൃസ്ത്യാനികൾക്ക് മലകൾക്കിടയിലുള്ള ഗുഹകളിലേക്ക് അഭയം പ്രാപിക്കേണ്ടി വന്നു. ഒരോ കാലഘട്ട ത്തിലെയും വിശ്വാസികൾക്ക് അതാതുകാലത്തെ അവിശ്വാസി കളിൽ നിന്ന് നേരിടേണ്ടിവന്ന പീഡനങ്ങളുടെ മറ്റൊരുദാഹ രണം. ഏതൊരു വിശ്വാസിക്കും ഇതുപോലെയുള്ള അനുഭവ ങ്ങൾ നേരിടേണ്ടിവരാം എന്നു ചൂണ്ടിക്കാണിക്കുവാനായി അല്ലാഹു വിശുദ്ധഖുർആനിൽ ഈ സംഭവം ഉൾക്കൊള്ളിച്ചിരി ക്കുന്നു. യഥാർത്ഥത്തിൽ വിശ്വാസികൾ എല്ലാം തന്നെ ഗുഹ യിൽ അഭയം തേടുന്നവർ തന്നെയാണ്. ആധുനിക കാലത്ത് മലയിടുക്കുകളിലുള്ള ഗുഹയിൽ പോകേണ്ടി വരുന്നില്ലെങ്കിലും മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെട്ട് അവരുടെ പരിഹാസങ്ങളെയും

എതിർപ്പുകളെയും നേരിട്ടുകൊണ്ടു വിശ്വാസികൾക്ക് ഒരുതരം ഗുഹാജീവിതം ദൈവം അവരുടെ കാല്പാദങ്ങൾ ഉറപ്പിച്ചുനിർത്തുന്നതുവരെ നയിക്കേണ്ടിവരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ ദൈവീകാരുണ്യത്തിനുവേണ്ടിയുള്ള ഈ പ്രാർത്ഥനയ്ക്കു അതിൻേറതായ പ്രസക്തിയുണ്ട്.

## 29- റസൂൽ (സ.അ)യുടെ ദുആ, അറിവ് വർദ്ധിക്കുന്നതിനു വേണ്ടി.

فَتَعَـٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ

أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا ﴿١١٤﴾

20:115- സാക്ഷാൽ രാജാവായ അല്ലാഹു അത്യുന്നതനാകുന്നു. ഖുർആൻെറ വെളിപാട് നിന്നിൽ പൂർണ്ണമാകുന്നതിനു മുമ്പേ (അതിൻെറ ആന്തരാർത്ഥം മനസ്സിലാക്കാൻ) നീ ധൃതി കാണിക്കരുത്. എൻെറ രക്ഷിതാവേ, എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക.

വിജ്ഞാനവർദ്ധനവ് ലഭിക്കാനുള്ള ഈ പ്രാർത്ഥന നമ്മുടെ ജീവിത കാലം മുഴുവനും തുടർന്നു കൊണ്ടേയിരിക്കേണ്ടതാണ്. വെളിപാടു പൂർണ്ണമാകുന്നുതിനു മുമ്പേ നീ ധൃതികാണിക്കരുതെന്ന് പറഞ്ഞതിനുശേഷം അറിവു വർദ്ധിപ്പിച്ചു തരുവാൻ നിർദ്ദേശിച്ചതിൽ നിഗൂഢരഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പ്രാർത്ഥന വിശുദ്ധഖുർആൻ മറക്കാതെ മന:പാഠമായിരിക്കുവാൻ വേണ്ടി മാത്രമുള്ളതല്ല. വിശുദ്ധഖുർആനിൽ നിഗൂഢമാക്കിവെച്ചിരിക്കുന്ന തത്ത്വജ്ഞാനം ലഭിക്കുവാൻ വേണ്ടിയുള്ളതാണ്. വിശുദ്ധഖുർആൻ വെറുതെ പാരായണം ചെയ്യുന്നതിനെക്കാളുപരിയായി അതിലടങ്ങിയിരിക്കുന്ന അഗാധജ്ഞാനം ലഭ്യമാവാനുള്ള പ്രാർത്ഥന. അതുപോലെ മറ്റു ലൗകിക വിജ്ഞാനങ്ങളെക്കുറിച്ചുള്ള അവഗാഹം ലഭിക്കുവാനും ഈ പ്രാർത്ഥന ഉപയോഗപ്പെടുത്തേണ്ടതാണ്. ദൈവത്തെ അറിയുകയാണല്ലോ ഈ ലോകത്തിൽ വെച്ച് ലഭിക്കേണ്ട ഏറ്റവും വിലപ്പെട്ട വിജ്ഞാനം.

## 30- അയ്യൂബ് നബി (അ)ൻെറ പ്രാർത്ഥന

وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ۝

21:84- അയ്യൂബിനേയും സ്മരിക്കുക. തൻെറ രക്ഷിതാവിനോട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ കഠിന വ്യഥ ബാധിച്ചിരിക്കുന്നു, നീ കാരുണ്യംചെയ്യുന്നവരിൽ പരമ കാരുണികനാണല്ലൊ.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم

مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ۝

21:85- അപ്പോൾ നാം അദ്ദേഹത്തിന് മറുപടി കൊടുക്കുകയും അദ്ദേഹത്തെ ബാധിച്ച വ്യഥ നാം മാറ്റിക്കൊടുക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ കുടുംബത്തെ നാം അദ്ദേഹത്തോടൊപ്പം ചേർക്കുകയും ചെയ്തു. അതുപോലെ അവരെപ്പോലെയുള്ള മററുള്ളവരേയും. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യമായും (ദൈവത്തെ) ആരാധിക്കുന്നവർക്ക് ഒരു അനുസ്മരണമായും.

പൊതുവെ സാധാരണക്കാർ കഠിന വ്യഥകളിൽ ദൈവത്തെ കുററപ്പെടുത്തുവാനാണ് ശ്രമിക്കാറ്. എന്നാൽ പ്രവാചകനായ അയ്യൂബ് നബി(അ) കഠിന വ്യഥകളിൽപോലും ദൈവ കാരുണ്യത്തെ മഹത്വപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. വിഷമതകൾ എത്രതന്നെ കഠിനമായാലും ദൈവ കാരുണ്യം എടുത്തു പറഞ്ഞു കൊണ്ടുള്ള പ്രാർത്ഥനയ്ക്കു അതിൻേറതായ ഫലം ലഭിക്കുമെന്ന് ഈ പ്രാർത്ഥനയും അതിനുകൊടുത്ത മറുപടിയും വ്യക്തമാക്കുന്നു. യഥാർത്ഥ ദൈവരാധകർക്ക് ഒരു അനുസ്മരണമായും എന്നു പറഞ്ഞതിൻെറ വിവക്ഷ അല്ലാഹുവിൻെറ ആരാധകർ ഇതിൽനിന്ന് പാഠം പഠിക്കുവാനും ഇതുപോലെയുള്ള ദൈവികാനുഗ്രഹങ്ങൾ അങ്ങനെയുള്ളവർക്ക് എക്കാലത്തും കിട്ടിക്കൊണ്ടിരിക്കുമെന്ന് കാണിക്കുവാനുമാണ്.

## 31- യൂനുസു നബി (അ) ൻെറ പ്രാർത്ഥന

وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَٰتِ أَن

لَّآ إِلَـٰهَ إِلَّآ أَنتَ سُبۡحَـٰنَكَ إِنِّى كُنتُ مِنَ ٱلظَّـٰلِمِينَ ۝

21:88- ദുന്നൂനിനെയും സ്മരിക്കുക. അദ്ദേഹം കുപിതനായിക്കൊണ്ട് പോയ സന്ദർഭം അദ്ദേഹത്തെ നാം പിടികൂടുകയില്ലെന്ന് അദ്ദേഹം ധരിക്കുകയും ചെയ്തു. എന്നാൽ അന്ധകാരങ്ങളിൽനിന്ന് (മത്സ്യത്തിൻെറ വയറ്റിൽനിന്ന്) അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ചു: നീ അല്ലാതെ ഒരു ദൈവവുമില്ല. നീ പരുശുദ്ധനാകുന്നു. തീർച്ചയായും ഞാൻ തെറ്റുകാരനിൽപ്പെട്ടവനായിരിക്കുന്നു.

فَٱسۡتَجَبۡنَا لَهُۥ وَنَجَّيۡنَـٰهُ مِنَ ٱلۡغَمِّۚ وَكَذَٰلِكَ نُـۨجِى ٱلۡمُؤۡمِنِينَ ۝

21:89- അപ്പോൾ നാം അദ്ദേഹത്തിന് മറുപടി കൊടുക്കുകയും ദുഃഖത്തിൽനിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. ഇങ്ങനെ സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നു.

ദൈവത്തിൻെറ പ്രവാചകൻ തന്നെയും ദൈവത്തോടു കോപം പ്രകടിപ്പിച്ചാൽ ശിക്ഷ ബാധിക്കുന്നതാണെന്ന് ഈ വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. എങ്കിലും ദൈവത്തോട് ചെയ്തുപോയ തെററുകൾ ഏറ്റുപറയുമ്പോൾ കാരുണ്യവാനായ ദൈവം അത് പൊറുത്തുകൊടുക്കുന്നതാണെന്നതിനുള്ള വലിയൊരുദാഹരണവും ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. വന്നുപെടുന്ന ആപത്തുകൾ എത്രതന്നെ രക്ഷാമാർഗമില്ലാത്തതായി നമുക്ക് അനുഭവപ്പെട്ടാലും ദൈവത്തിൽനിന്ന് അവൻേറതായ രക്ഷാമാർഗങ്ങൾ മനുഷ്യനുവേണ്ടിയുണ്ടെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. സത്യവിശ്വാസികൾ നേരിടുന്ന ആപത്തുകൾ എത്രതന്നെ വലുതായാലും അതിൽ നിന്നൊക്കെ അല്ലാഹു അവരെ രക്ഷപ്പെടുത്തുന്നതാണെന്നുള്ള സന്തോഷവാർത്തയാണ് 'ഇപ്രകാരം സത്യവിശ്വാസികളെ നാം രക്ഷപ്പെടുത്തുന്നു' എന്ന ഭാഗം വിളിച്ചോതുന്നത്.

## 32- സക്കരിയാ നബി (അ) യുടെ പ്രാർത്ഥന

وَزَكَرِيَّآ إِذۡ نَادَىٰ رَبَّهُۥ رَبِّ لَا تَذَرۡنِى فَرۡدًا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ۝

21:90- സക്കരിയ്യായെയും സ്മരിക്കുക. തൻെറ രക്ഷിതാവിനോട്

അദ്ദേഹം ഇപ്രകാരം വിളിച്ചു പ്രാർത്ഥിച്ച സന്ദർഭം: എന്‍റെ രക്ഷിതാവേ, ഏകനായി (സന്താനമില്ലാത്തവനായി) എന്നെ നീ വിട്ടുകളയരുതേ. നീയാണല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ അത്യുത്തമൻ.

فَٱسْتَجَبْنَا لَهُۥ وَوَهَبْنَا لَهُۥ يَحْيَىٰ وَأَصْلَحْنَا لَهُۥ زَوْجَهُۥٓ ۚ إِنَّهُمْ كَانُوا۟ يُسَـٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَـٰشِعِينَ ۝

21:91– അപ്പോൾ നാം അദ്ദേഹത്തിന് മറുപടികൊടുക്കുകയും (മകനായി) നാം യഹ്‌യായെ നൽകുകയും ചെയ്തു. അദ്ദേഹത്തിന്‍റെ ഭാര്യയെ നാം സുഖപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. തീർച്ചയായും സൽപ്രവൃത്തികളിൽ അവർ സത്വരം മുന്നിട്ടു നിൽക്കുകയും പ്രത്യാശയോടും ഭയത്തോടും കൂടി നമ്മെ വിളിച്ചുപ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അവർ നമ്മുടെ നേരെ വിനയം കാണിക്കുന്നവരായിരുന്നു.

അതിവാർദ്ധക്യകാലത്ത് സക്കരിയാ നബി (അ)ക്ക് അല്ലാഹു ഒരു ആൺകുട്ടിയെ നൽകിയതിനെക്കുറിച്ചാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. അവരുടെ പ്രാർത്ഥന സ്വീകരിക്കുന്നതിന് അവരിലുണ്ടായിരുന്ന മഹത്വം അല്ലാഹു എടുത്തുദ്ധരിക്കുകയും ചെയ്തിരിക്കുന്നു. അവർ സൽക്കർമ്മങ്ങൾ ചെയ്തു കൊണ്ടിരിക്കുകയും ആശ വെച്ചു പുലർത്തിക്കൊണ്ട് വിനയത്തോടെ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രാർത്ഥന സ്വീകരിക്കപ്പെടാനുള്ള ഉപാധികളിൽ രണ്ടെണ്ണമാണ് ഇവിടെ നമുക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനകൾ കൂടുതൽ സ്വീകരിക്കപ്പെടാനായി നാമും സൽക്കർമ്മങ്ങളിൽ മുന്നിട്ടു നിൽക്കേണ്ടതും പ്രത്യാശ വെച്ചു പുലർത്തികൊണ്ട് വിനയത്തോടുകൂടി അല്ലാഹുവിന്‍റെ മുമ്പിൽ നമ്മുടെ ആവശ്യങ്ങൾ സമർപ്പിച്ചുകൊണ്ട് കാത്തിരിക്കേണ്ടതുമാകുന്നു. സന്താനമില്ലാത്തവർ സന്താനലബ്ദിക്കുവേണ്ടി ഈ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അതുപോലെ ഗർഭധാരണം പ്രതീക്ഷിക്കുന്ന സമയത്തും, ഗർഭം ധരിച്ച് പ്രസവിക്കുന്നതുവരെയും ഈ ദുആ തുടർന്നു കൊണ്ടിരിക്കണം.

## 33- സത്യവിധിക്കു വേണ്ടിയുള്ള പ്രാർത്ഥന

إِنَّهُۥ يَعۡلَمُ ٱلۡجَهۡرَ مِنَ ٱلۡقَوۡلِ وَيَعۡلَمُ مَا تَكۡتُمُونَ ۝

21:111- തീർച്ചയായും സംസാരത്തിൽ പരസ്യമായിട്ടുള്ളത് അവൻ അറിയുന്നു. നിങ്ങൾ മറച്ചു വെക്കുന്നതും അവൻ അറിയുന്നു.

وَإِنۡ أَدۡرِي لَعَلَّهُۥ فِتۡنَةٞ لَّكُمۡ وَمَتَٰعٌ إِلَىٰ حِينٖ ۝

21:112- അത് (ശിക്ഷമാറ്റിവെക്കൽ) നിങ്ങൾക്ക് ഒരു പരീക്ഷ ണമോ അല്പ നേരത്തേക്കുള്ള സുഖമെടുപ്പോ ആണെന്ന് ഞാൻ അറിയുന്നില്ല.

قَٰلَ رَبِّ ٱحۡكُم بِٱلۡحَقِّۗ وَرَبُّنَا ٱلرَّحۡمَٰنُ ٱلۡمُسۡتَعَانُ عَلَىٰ مَا تَصِفُونَ ۝

21:113- പറയുക: എന്റെ രക്ഷിതാവേ, നീ സത്യത്തോടെ വിധി കൽപിച്ചാലും. ഞങ്ങളുടെ രക്ഷിതാവ് പരമകാരുണികനും നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതിനെതിരെ സഹായമർത്ഥിക്കപ്പെടേ ണ്ടവനുമാകുന്നു.

അല്ലാഹു എല്ലാം അറിയുന്നവനാകുന്നു. നാം രഹസ്യമാക്കിവെ ക്കുന്നതും പരസ്യമാക്കി വെക്കുന്നതും അല്ലാഹു അറിയുന്നു. നമ്മുടെ ഹൃദയമിടിപ്പും നമ്മുടെ മനസ്സിലെ ചിന്തകളും നാം നിരൂപിച്ചുവെക്കുന്നതും അവൻ അറിയുന്നു. ഇവിടെ ഉദ്ദേശി ക്കുന്ന രഹസ്യാലോചന അവിശ്വാസികൾ വിശ്വാസികൾക്കെ തിരായി കൈകൊള്ളുവാൻ ഉദ്ദേശിക്കുന്ന നിഗൂഢമായ അക്രമ പ്രവർത്തനങ്ങളാണ്. വിശ്വാസികൾക്കെതിരെ എന്തു തന്നെ ദ്രോഹങ്ങൾ ചെയ്തിട്ടും തങ്ങൾക്കു ശിക്ഷ വരുന്നില്ലല്ലോ എന്ന വിചാരം അവിശ്വാസികളെ കൂടുതൽ ദ്രോഹങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നു. അല്ലാഹു സഹനശീലനായതുകൊണ്ട് അവിശ്വാ സികൾ വിശ്വാസികൾക്കെതിരെ ചെയ്യുന്ന ദ്രോഹങ്ങൾ ഒരു പരിധിവരെ ക്ഷമിക്കുകയും അല്ലാഹു വിശ്വാസികളോട് ക്ഷമി ക്കുവാൻ ആവശ്യപ്പെടുകയുംചെയ്യുന്നു. പക്ഷെ അല്ലാഹുവിന്റെ അവധി പൂർത്തിയാവുമ്പോൾ ശിക്ഷവരുന്നതും അല്ലാഹുവിന്റെ വിധി നടപ്പിലാവുന്നതുമാണ്. അവന്റെ നീതി നിയമമനുസരിച്ച് ആ സമയം അവൻ സത്യത്തോടെ വിധികല്പിക്കുന്നതാണ്. വിശ്വാസികൾ കുററം ചെയ്യാത്തവരായതിനാൽ അവർക്ക് ന്യായ

വിധിയെക്കുറിച്ച് ഭയപ്പെടേണ്ടതില്ല. അതു കൊണ്ടുതന്നെ സത്യത്തോടെ വിധി കല്പിക്കുന്നതിൽ തീർച്ചയായും വിശ്വാസികൾ സന്തോഷഭരിതരായിത്തീരുന്നതാണ്. കുറ്റവാളികൾ അപമാനിതരായിത്തീരുന്നതുമാണ്.

## 34- നൂഹ് നബി (അ) ൻെറ പ്രാർത്ഥന

قَالَ رَبِّ ٱنصُرْنِى بِمَا كَذَّبُونِ ۝

23:27- അദ്ദേഹം (നൂഹ്) പറഞ്ഞു: എൻെറ രക്ഷിതാവേ, ഇവർ എന്നെ നിഷേധിച്ചു തള്ളിയതിനാൽ എന്നെ നീ സഹായിക്കേണമേ.

فَأَوْحَيْنَآ إِلَيْهِ أَنِ ٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا فَإِذَا جَآءَ أَمْرُنَا وَفَارَ ٱلتَّنُّورُ ۙ
فَٱسْلُكْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ ٱلْقَوْلُ مِنْهُمْ ۖ
وَلَا تُخَـٰطِبْنِى فِى ٱلَّذِينَ ظَلَمُوٓا۟ ۖ إِنَّهُم مُّغْرَقُونَ ۝

23:28- അപ്പോൾ നാം അദ്ദേഹത്തിന് വെളിപാട് നൽകി: നമ്മുടെമേൽ നോട്ടത്തിലും നിർദ്ദേശത്തിലും നീ ഒരു കപ്പൽ പണിയുക. അങ്ങനെ നമ്മുടെ കല്പന വരികയും (പ്രകൃതിയുടെ) അടുപ്പിൽനിന്ന് ഉറവ് പൊട്ടുകയും ചെയ്യുമ്പോൾ ഓരോ വർഗ്ഗത്തിലുമുള്ള രണ്ട് ഇണകളേയും നിൻെറ കുടുംബത്തെയും അതിൽ കയറ്റുക. അവരിൽ ശിക്ഷാവചനം നിറവേറാൻ പോകുന്നവർ ഒഴികെ. അവരിലുള്ള അക്രമികളുടെ കാര്യത്തിൽ എന്നോട് നീ സംസാരിച്ചു പോകരുത്. തീർച്ചയായും അവർ മുക്കിക്കൊല്ലപ്പെടുന്നതാണ്."

فَإِذَا ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ فَقُلِ
ٱلْحَمْدُ لِلَّهِ ٱلَّذِى نَجَّىٰنَا مِنَ ٱلْقَوْمِ ٱلظَّـٰلِمِينَ ۝

23:29- അങ്ങനെ നീയും നിൻെറ കൂടെയുള്ളവരും കപ്പലുകളിൽ കയറിക്കഴിയുമ്പോൾ പറയുക: തെറ്റുകാരായ ജനതയിൽ നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തിയ അല്ലാഹുവിനാകുന്നു സർവ്വസ്തു

തിയും.

وَقُل رَّبِّ أَنزِلْنِي مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ ۝

23:30– പറയുക: എൻെറ രക്ഷിതാവേ, അനുഗ്രഹീതമായ ഒരു സ്ഥലത്ത് എന്നെ നീ ഇറക്കേണമേ. കരക്കെത്തിക്കുന്നവരിൽ നീയാണ് അത്യുത്തമൻ.

തന്നെ നിഷേധിച്ച ജനതക്കെതിരെ സഹായത്തിനായുള്ള നൂഹ് നബിയുടെ പ്രാർത്ഥന. ആ പ്രാർത്ഥനയുടെ ഫലമായി അല്ലാഹുവിൽ നിന്ന് വന്നെത്തിയ സഹായമാണ് കപ്പൽ നിർമാണം. ആ സഹായത്തിന് കൃതജ്ഞത പ്രകടിപ്പിക്കുവാൻ കാരുണ്യവാനായ ദൈവം തന്നെ നൂഹ് നബി(അ)നെ പ്രാർത്ഥന പഠിപ്പിക്കുന്നു. നാം പ്രാർത്ഥിച്ച ശേഷം നമ്മുടെ പ്രാർത്ഥന സ്വീകരിച്ചുകൊണ്ട് ദൈവം സഹായം ലഭ്യമാക്കിത്തന്നാൽ നാം ദൈവത്തിന് കൃതജ്ഞത പ്രകടിപ്പിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതാണെന്ന് ഈ പ്രാർത്ഥനാ വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

## 35– ദൈവിക ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാനുള്ള ദുആ

عَـٰلِمِ ٱلْغَيْبِ وَٱلشَّهَـٰدَةِ فَتَعَـٰلَىٰ عَمَّا يُشْرِكُونَ ۝

23:93– അദൃശ്യവും ദൃശ്യവും അറിയുന്നവൻ. അതിനാൽ അവർ പങ്കുചേർക്കുന്നതിൽനിന്നല്ലാം അവൻ അത്യുന്നതനായിരിക്കുന്നു.

قُل رَّبِّ إِمَّا تُرِيَنِّي مَا يُوعَدُونَ ۝

23:94– പറയുക: എൻെറ രക്ഷിതാവേ, അവർക്ക് മുന്നറിയിപ്പ് നൽകപ്പട്ട ശിക്ഷ എനിക്കു നീ കാണിച്ചു തരികയാണെങ്കിൽ–

رَبِّ فَلَا تَجْعَلْنِي فِى ٱلْقَوْمِ ٱلظَّـٰلِمِينَ ۝

23:95–എൻെറ രക്ഷിതാവേ, അപ്പോൾ എന്നെ നീ അക്രമികളായ ജനതയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തരുതേ.

നമ്മുടെ വികലമായ ജ്ഞാന രിധിക്കുള്ളിൽ നിന്നുകൊണ്ട് നാം

അല്ലാഹുവിനെക്കുറിച്ച് എന്തുതന്നെ അസഭ്യങ്ങൾ പുലമ്പിയാലും അവനെ നിന്ദിച്ചാലും ദൈവത്തിൻെറ ഔന്നത്യം താണുപോവുന്നില്ല. നാമാണ് യഥാർത്ഥത്തിൽ സ്വയം നിന്ദിതരാവുന്നത്. അതിൻെറ പ്രധാന കാരണം ദൈവം എല്ലാം അറിയുന്നവനും നാം അല്പം മാത്രം അറിയുന്നവരും ആകുന്നു എന്നതാണ്. അവിശ്വാസികളുടെ ദൈവനിഷേധം ദൈവകോപം ആളിപ്പടരുന്ന ഒരുഘട്ടത്തിലേക്ക് എത്തുമ്പോൾ പെട്ടെന്ന് ദൈവിക ശിക്ഷ ഭൂമിയിൽ വെളിപ്പെടുന്നു. അങ്ങനെയുള്ള അവസരത്തിൽ വിശ്വാസികൾക്കും ആ ശിക്ഷയുടെ വേദനകൾ അനുഭവിക്കേണ്ടിവന്നേക്കാം. ആ ശിക്ഷ വരുന്നതിനു മുമ്പായി രക്ഷ പ്രാപിക്കുവാൻ വേണ്ടിയുള്ളതാണ് ഈ പ്രാർത്ഥന. ഈ തത്വം വിപരീതരീതിയിൽ അപഗ്രഥിച്ചാൽ ഒരു സത്യവിശ്വാസിയെങ്കിലും ഒരു നഗരത്തിൽ താമസിക്കുന്നത് അവിശ്വാസികൾക്ക് വരുന്ന ശിക്ഷയെ തടുത്തു നിർത്തുവാൻ കാരണമായിത്തീരുമെന്നും വിശ്വാസികളെ ആ നഗരത്തിൽനിന്നും പുറത്തേക്കോടിക്കുന്നത് അവിശ്വാസികൾക്ക് ശിക്ഷ വന്നെത്തുന്നതിനുള്ള സമയമായെന്നതിൻെറ സൂചനയാണെന്നും മനസ്സിലാക്കാവുന്നതാണ്.

## 36- പൈശാചിക ബോധനങ്ങളിൽ നിന്ന് രക്ഷനേടുവാനുള്ള പ്രാർത്ഥന.

ٱدۡفَعۡ بِٱلَّتِي هِيَ أَحۡسَنُ ٱلسَّيِّئَةَۚ نَحۡنُ أَعۡلَمُ بِمَا يَصِفُونَ ۝

23:97- ഏറ്റവും നല്ലത് എന്തോ അതു മൂലം തിന്മയെ തടയുക. അവർ ആരോപിക്കുന്നതിനെക്കുറിച്ച് നാം നല്ലതുപോലെ അറിയുന്നവനാകുന്നു.

وَقُل رَّبِّ أَعُوذُ بِكَ مِنۡ هَمَزَٰتِ ٱلشَّيَٰطِينِ ۝

23:98- പറയുക: എൻെറ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽനിന്ന് നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.

وَأَعُوذُ بِكَ رَبِّ أَن يَحۡضُرُونِ ۝

23:99-അവർ എന്നെ സമീപിക്കുന്നതിൽ നിന്നും എൻെറ നാഥാ, നിന്നെ ഞാൻ അഭയം പ്രാപിക്കുന്നു.

നമ്മുടെ മനസ്സിൽ ഉടലെടുക്കുന്ന പൈശാചികമായ ഉൾപ്രേരണ കളിൽനിന്നാണ് തിന്മകൾ ഉടലെടുക്കുന്നത്. തിന്മകൾകൊണ്ട് തിന്മകളെ തടയുമ്പോൾ തിന്മകളുടെ ആധിക്യം കൂടിവരുന്നു. അതുകൊണ്ടാണ് നന്മ കൊണ്ട് തിന്മയെ തടയുവാൻ കൽപിച്ചി രിക്കുന്നത്. നാം നമ്മുടെ സ്വഭാവ രൂപീകരണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതാണ് നമ്മുടെ മനസ്സിൽ ദുഷ്ചിന്തകൾ ഉണ്ടാവാനുള്ള കാരണം. അങ്ങനെയുള്ള നമ്മുടെ മനസ്സിനെ കൂടുതൽ വിഷലിപ്തമാക്കുവാൻ തിന്മകൾ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്ന കൂട്ടുകാർക്കും നേതാക്കന്മാർക്കും ഭൗതിക നേട്ട ത്തിന് വേണ്ടി നമ്മുടെ അധമവികാരങ്ങളെ ചൂഷണം ചെയ്യുന്ന സമൂഹത്തിലെ ഉന്നതന്മാർക്കും സാധിക്കുന്നതാണ്. ഇങ്ങനെ യുള്ള പിശാചുക്കളുടെ ദുഷ്പ്രേരണകളിൽ നിന്ന് മുക്തി നേടു വാൻ നമ്മുടെ കഴിവ് അപൂർണ്ണമാകുന്നു. അതിന് ദൈവസ ഹായം കൂടിയേ തീരൂ. അതുകൊണ്ടാണ് തിന്മകളിൽ നിന്ന് രക്ഷനേടുവാൻ എപ്പോഴും തന്നെ ദൈവത്തോട് പ്രാർത്ഥിക്കു വാൻ പറഞ്ഞിരിക്കുന്നത്. ഇങ്ങനെയുള്ള പ്രാർത്ഥനകൾക്രമേണ നമ്മുടെ മനസ്സിൽ ചീത്ത കാര്യങ്ങളെക്കുറിച്ച് വെറുപ്പുണ്ടാക്കു കയും നാം ക്രമേണയായി ചീത്ത പ്രവൃത്തികളിൽ നിന്ന് മോചി തരായിത്തീരുകയും ചെയ്യുന്നതാണ്.

## 37- വിശ്വാസികളുടെ ദുആ

إِنَّهُۥ كَانَ فَرِيقٌ مِّنْ عِبَادِى يَقُولُونَ

رَبَّنَآ ءَامَنَّا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلرَّٰحِمِينَ ﴿١٠٩﴾

23:110- തീർച്ചയായും എന്റെ ദാസന്മാരിൽ ഒരു വിഭാഗം ഇപ്ര കാരം പറയുമായിരുന്നു: ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസി ച്ചിരിക്കുന്നു. അതുകൊണ്ട് നീ ഞങ്ങൾക്കു പൊറുത്തുതരിക യും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. കാരു ണ്യവാന്മാരിൽ അത്യുത്തമനാകുന്നു നീ.

فَٱتَّخَذْتُمُوهُمْ سِخْرِيًّا حَتَّىٰٓ أَنسَوْكُمْ ذِكْرِى وَكُنتُم مِّنْهُمْ تَضْحَكُونَ ﴿١١٠﴾

23:111- അപ്പോൾ നിങ്ങൾ അവരെ പരിഹാസ പാത്രമാക്കിയെ ടുത്തു, നിങ്ങൾ എന്നെ സ്മരിക്കുന്നത് മറക്കുവോളം അവരെ

നിങ്ങൾ പരിഹാസ്യമായി എടുത്തു. നിങ്ങൾ അവരെക്കുറിച്ച് ചിരിച്ചുകൊണ്ടേയിരുന്നു.

إِنِّي جَزَيْتُهُمُ ٱلْيَوْمَ بِمَا صَبَرُوٓا۟ أَنَّهُمْ هُمُ ٱلْفَآئِزُونَ ۝

23:112- അവർ ക്ഷമിച്ചിരുന്നതുകൊണ്ട് തീർച്ചയായും ഇന്ന് ഞാൻ അവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. തീർച്ചയായും. അവർ തന്നെയാകുന്നു വിജയം നേടിയവർ.

അവിശ്വാസികളുടെ പരിഹാസത്തിനെതിരെ വിശ്വാസികൾ സഹനം കൈകൊള്ളേണ്ട ആവശ്യകതയെ ഈ സൂക്തങ്ങൾ എടുത്തുകാണിക്കുന്നു. കാരണം അവർ കാണിക്കുന്ന ക്ഷമ അപാരമായ ദൈവികാനുഗ്രഹത്തിന് കാരണമായിത്തീരുന്ന താണ്. അതുപോലെ നാം മററുള്ളവരെ പരിഹസിക്കുന്നതിനെ തിരായും ഈ വാക്യങ്ങൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു. അപ്പോൾ നാം ദൈവസന്നിധിയിൽ നിന്ദ്യരായിത്തീരുന്നതാണ്.

മറ്റുള്ളവരെ പരിഹസിക്കുന്നവർ സ്വയം തന്നെ വലിയവർ എന്നു നടിക്കുന്നവരായിരിക്കുമല്ലോ. ഇങ്ങനെയുള്ള പ്രവർത്തനഫല മായി സൽക്കർമ്മങ്ങൾ പ്രവർത്തിക്കാനുള്ള സാഹചര്യം അവർ സ്വയം നഷ്ടപ്പെടുത്തുന്നു. സൽക്കർമ്മങ്ങളുടെ അഭാവം ഈശ്വരവിചാരത്തെ മനസ്സിൽനിന്ന് അകറ്റിക്കളയുന്നതാണെന്ന് ഈ വാക്യങ്ങൾ നമ്മെ ഉണർത്തുന്നു.

## 38- വിശ്വാസികളുടെ വേറൊരു ദുആ

فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۖ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْكَرِيمِ ۝

23:117- യഥാർത്ഥ രാജാവായ അല്ലാഹു പരമോന്നതനാകുന്നു. അവനല്ലാതെ ദൈവമേയില്ല. മഹത്തായ സിംഹാസനത്തിൻെറ നാഥനാകുന്നു അവൻ.

وَمَن يَدْعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرْهَٰنَ لَهُۥ بِهِۦ

فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓ ۚ إِنَّهُۥ لَا يُفْلِحُ ٱلْكَٰفِرُونَ ۝

23:118- അല്ലാഹുവിനോടൊപ്പം മറ്റൊരു ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുന്നവന് അവൻെറയടുക്കൽ അതിന് ഒരു തെളിവും ഇല്ല. എന്നാൽ അവൻെറ കണക്കുവിചാരണ അവൻെറ രക്ഷി

താവിൻെറ അടുക്കൽ തന്നെയായിരിക്കും. തീർച്ചയായും അവിശ്വാസികൾ വിജയിക്കുകയില്ല.

وَقُل رَّبِّ ٱغۡفِرۡ وَٱرۡحَمۡ وَأَنتَ خَيۡرُ ٱلرَّٰحِمِينَ ۝

23:119–പറയുക: എൻെറ രക്ഷിതാവേ, നീ പൊറുത്തു തരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണ്യവാന്മാരിൽ അത്യുത്തമനാകുന്നു.

ദൈവം എല്ലാം അറിയുന്നവനായതുകൊണ്ട് വേറൊരു ദൈവം ഉണ്ടായിരുന്നുവെങ്കിൽ അത് ആദ്യം തന്നെ ഏക ദൈവം അറിയുമായിരുന്നു. അവനല്ലാതെ വോറൊരു ദൈവമില്ല എന്ന ഏക ദൈവത്തിൻെറ പ്രവചനം യുക്തിപരമായിത്തന്നെ സത്യമായിത്തീരുന്നു. മറ്റുദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ അവർ അവരുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുകയും ഈ പ്രസ്താവന തെറ്റാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യേണ്ടതായിരുന്നു. പൂർവ്വീകരുടെ ചെയ്തികളെ യുക്തിചിന്തകൾക്ക് വിധേയമാക്കാതെയുള്ള അന്ധമായ അനുകരണമാണ് ബഹുദൈവവിശ്വാസത്തിലേക്ക് കൊണ്ടെത്തിക്കുന്നത്. വേദഗ്രന്ഥങ്ങളിൽ അതിന് ഉപോൽബലകമായ തെളിവുകൾ കണ്ടെത്തുവാൻ സാധിക്കുകയില്ല.

ഏക ദൈവവിശ്വാസത്തെ പ്രഖ്യാപിക്കുന്നവർ എല്ലാം തന്നെ നൂറു ശതമാനവും ആ വിശ്വാസത്തിൽ ജീവിതം നയിക്കുന്നവരല്ല. അവരുടെ ബലഹീനതകൾ അവരുടെ ജീവിതത്തിൽ വീഴ്ചകൾ ഉണ്ടാക്കുന്നു. നാം മറ്റുള്ളവരെ പേടിച്ചുകൊണ്ട് കളവു പറഞ്ഞു പോകുന്നത് ഇതിനനൊരുദാഹരണമാണ്. അതുകൊണ്ടാണ് പൊറുക്കുവാനും കരുണ കാണിക്കുവാനും ദൈവത്തോട് പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിരിക്കുന്നത്.

## 39– നരകശിക്ഷക്കെതിരായി വിശ്വാസികളുടെ പ്രാർത്ഥന

وَعِبَادُ ٱلرَّحۡمَٰنِ ٱلَّذِينَ يَمۡشُونَ عَلَى ٱلۡأَرۡضِ هَوۡنٗا

وَإِذَا خَاطَبَهُمُ ٱلۡجَٰهِلُونَ قَالُواْ سَلَٰمٗا ۝

25:64– പരമകാരുണികൻെറ ദാസന്മാർ വിനയത്തോടെ ഭൂമിയിൽ നടക്കുന്നവരാകുന്നു. അജ്ഞന്മാർ അവരെ സംബോധന

ചെയ്യുമ്പോൾ അവർ പറയുന്നു സലാം. (അവർ സലാംപറഞ്ഞു പിരിയുന്നതായിരിക്കും).

وَٱلَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَـٰمًا ۝

25:65– തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും, നിന്ന് നമസ്കരിക്കുന്നുവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ.

وَٱلَّذِينَ يَقُولُونَ رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ۝

25:66– ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരക ശിക്ഷയെ നീ അകററിത്തരേണമേ എന്ന് പറയുന്നവർ. തീർച്ചയായും ആ ശിക്ഷ അഭേദ്യം തന്നെയാണ്.

إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ۝

24:67– തീർച്ചയായും അത് ഒരു പാർപ്പിടമായും വിശ്രമസ്ഥാനമായും ചീത്തയാകുന്നു.

ദൈവവിശ്വാസികളുടെ ഏററവും വലിയ പ്രത്യേകതയാണ് അവർ ലളിതമായി ജീവിതം നയിക്കുന്നവരാണെന്നതും വിനയത്തോടെ പെരുമാറുന്നവരാണ് എന്നതും. ഇവിടെ എടുത്തു പറഞ്ഞ അജ്ഞന്മാർ യഥാർത്ഥത്തിൽ ദൈവത്തെക്കുറിച്ചും അവൻെറ ഗുണമാഹാത്മ്യങ്ങളെക്കുറിച്ചും വിവരമില്ലാത്തവരാണ്. അവർ ദൈവത്തിന് സൃഷ്ടികളുടെ ഗുണങ്ങൾ സങ്കൽപ്പിച്ചു കൊടുക്കുകയും സൃഷ്ടികളെ കാണുന്ന രീതിയിൽ ദൈവത്തെ കാണുവാൻ ശ്രമിക്കുകയും ചെയ്യുന്നു. സ്വയം വലിയവരാണെന്ന് നടിച്ച് ദൈവത്തിൻെറ ഗുണമാഹാത്മ്യങ്ങളെക്കുറിച്ച് വിതർക്കങ്ങളിൽ ഏർപ്പെടുന്നവരാണ് വേറൊരു വിഭാഗം. ഇങ്ങനെയുള്ള തർക്കവിതർക്കങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവരായിരിക്കും വിശ്വാസികളെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ദൈവത്തിൻെറ ഗുണമാഹാത്മ്യങ്ങളെക്കുറിച്ച് അനാവശ്യമായി തർക്കങ്ങളിൽ ഏർപ്പെടുന്നവർ അവസാനം നരക ശിക്ഷക്ക് അർഹരായിത്തീരാനുള്ള സാധ്യതകളുള്ളതുകൊണ്ടാണ് വിശ്വാസികളോട് നരകശിക്ഷയിൽ നിന്ന് മോചനം നേടുവാൻ പ്രാർത്ഥിക്കുവാൻ പറഞ്ഞിരിക്കുന്നത്.

## 40- സഹവാസികളിൽനിന്ന് കൺകുളിർമ്മ ലഭിക്കുവാനുള്ള പ്രാർത്ഥന

وَٱلَّذِينَ يَقُولُونَ

رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّـٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ۝

25:75- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഇണകളിൽനിന്നും ഞങ്ങളുടെ സന്താനങ്ങളിൽനിന്നും നീ ഞങ്ങൾക്ക് കൺകുളിർമ നൽകേണമേ. നീ ഞങ്ങളെ സൂക്ഷ്മത പാലിക്കുന്നവർക്ക് മാതൃകയാക്കുകയും ചെയ്യേണമേ എന്നു പറയുന്നവരും (ആണ് വിശ്വാസികൾ).

أُوْلَـٰٓئِكَ يُجْزَوْنَ ٱلْغُرْفَةَ بِمَا صَبَرُواْ وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَـٰمًا ۝

25:76- അവർ ക്ഷമ കൈകൊണ്ടതിന്റെ ഫലമായി അവർക്ക് ഉന്നത പദവികൾ പ്രതിഫലം നൽകപ്പെടുന്നതും അഭിവാദനത്തോടും സമാധാനാശംസയോടും കൂടി അവരവിടെ സ്വീകരിക്കപ്പെടുന്നതുമാണ്.

خَـٰلِدِينَ فِيهَا ۚ حَسُنَتْ مُسْتَقَرًّا وَمُقَامًا ۝

25:77- അവരതിൽ നിത്യമായി വസിക്കുന്നതാണ്. ഒരു പാർപ്പിടവും വിശ്രമസ്ഥാനവുമെന്ന നിലയിൽ ഉത്തമമായതാകുന്നു അത്.

നമ്മുടെ ചുറ്റുപാടുമുള്ളവരുടെ സ്നേഹപ്രകടനങ്ങളാണ് യഥാർത്ഥത്തിൽ നമ്മുടെ ജീവിതത്തെ സമ്പുഷ്ടമാക്കുന്നത്. നമ്മെ വെറുക്കുന്നവരുടെയും നാം വെറുക്കുന്നവരുടെയും ഇടയിൽ നാം താമസിക്കുമ്പോൾ നമ്മുടെ ജീവിതം ദുസ്സഹമായിത്തീരുകയും മനോവ്യഥകൾ വർദ്ധിച്ചു വരികയും ചെയ്യുന്നു. നമ്മുടെ ജീവിതത്തുടിപ്പിന്റെ അത്രതന്നെ പ്രാധാന്യം ഈ പ്രാർത്ഥനക്കുണ്ട്. നമ്മുടെ ഭാര്യാമക്കളാണ് ഈ പ്രാർത്ഥനയിലെ പ്രഥമ സംബോധിതരങ്കിലും ഇതിന്റെ വ്യാപ്തി അവരിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. നമ്മുടെ മാതാപിതാക്കളിലും സഹോദരീ സഹോദരന്മാരിലും അടുത്ത ബന്ധുക്കളിലും സ്നേഹിതന്മാരിലും നമ്മുടെ കൂടെ ജോലിയെടുക്കുന്നവരിലും നമ്മുടെ

ഉദ്യോഗമേധാവികളിലും മുഴുവൻ ലോകജനതയിലും ഈ പ്രാർത്ഥനയുടെ ഫലം വ്യാപിച്ചു നിൽക്കുന്നു. ഇവിടെ ക്ഷമയുടെ മഹത്വത്തെ എടുത്തു പറഞ്ഞിരിക്കുകയാണ്. കാരണം ഇത്തരത്തിലുള്ള കൺകുളിർമ്മ നമ്മുടെ മനസ്സിൽ അലയടിക്കണമെങ്കിൽ നാം ക്ഷമയുള്ളവരും മറ്റുള്ളവരുടെ തെറ്റുകൾ ഒരു പരിധി വരെ പൊറുത്തു കൊടുക്കുന്നവരുമായിരിക്കണം. കൂടാതെ നാം സ്വയം നല്ലൊരു മാതൃകയായിരിക്കണം. നമ്മുടെ നല്ല മാതൃക അനുകരിച്ചുകൊണ്ടുവേണം നമ്മുടെ ഭാര്യാമക്കളും നല്ലവരായി ത്തീരാൻ. അപ്പോഴാണ് നമുക്ക് യഥാർത്ഥത്തിൽ അവരിൽനിന്ന് കൺകുളിർമ്മ ലഭിക്കുക.

## 41- ഇബ്രാഹീം നബി (അ) ൻെറ പ്രാർത്ഥന

رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ۝

26:84- എൻെറ നാഥാ, നീ എനിക്ക് വിജ്ഞാനം നൽകുകയും നീ എന്നെ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ.

وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْءَاخِرِينَ ۝

26:85- പിൻതലമുറക്കാരിൽ നീ എനിക്ക് സൽകീർത്തി ഉണ്ടാക്കിത്തരികയും ചെയ്യേണമേ.

وَٱجْعَلْنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ۝

26:86- ആനന്ദനിർഭരമായ സ്വർഗ്ഗത്തിൻെറ അവകാശികളിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ.

ഇവിടെ ഉദ്ദേശിക്കുന്ന വിജ്ഞാനം ഭൗതിക വസ്തുക്കളെക്കുറിച്ചുള്ള വിജ്ഞാനമല്ല. അത് വിജ്ഞാനത്തിൻെറ അർത്ഥവ്യാപ്തിക്കുള്ളിൽ ഉൾപ്പെടുന്നതുകൊണ്ട് അതും ഈ പ്രാർത്ഥനയുടെ ഒരു ഭാഗമാണുതാനും. എന്നാൽ ഇവിടെ പ്രസക്തിയുള്ള വിജ്ഞാനം ദൈവത്തെക്കുറിച്ചുള്ള അവൻെറ അസ്ഥിത്വത്തെക്കുറിച്ചുള്ള അവൻെറ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവാണ്. ഈ ജ്ഞാനത്തിൻെറ വർദ്ധനവാണ് നമ്മെ യഥാർത്ഥത്തിൽ സൽക്കർമ്മങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നതും സജ്ജനങ്ങളാക്കി മാറ്റുന്നതും. അതു കൊണ്ടാണ് വിജ്ഞാനം കനിഞ്ഞു നൽകുവാൻ

പ്രാർത്ഥിച്ചതോടൊപ്പം സജ്ജനങ്ങളോട് ചേർക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നത്. ഒരാൾ ചെയ്യുന്ന നല്ല കർമ്മങ്ങളാണ് അയാളെക്കുറിച്ചുള്ള മാന്യത പിൻതലമുറയിൽ അവശേഷിപ്പിക്കുന്നത്. അതേ കർമ്മങ്ങൾ തന്നെ അയാളെ സ്വർഗ്ഗത്തിനവകാശിയാക്കിത്തീർക്കുകയും ചെയ്യുന്നു. വിജ്ഞാനവും സൽക്കർമ്മങ്ങളും മാന്യമായ അനുസ്മരണവും സ്വർഗ്ഗീയാനന്ദവും എല്ലാം തന്നെ ഒരേ ചരടിലെ കണ്ണികളെപ്പോലെ കോർത്തിരിക്കുകയാണ്.

എല്ലാ പ്രവാചകന്മാരും സ്വർഗ്ഗത്തിൻെറ അവകാശികളാണ്. എന്നിട്ടും ആ സ്വർഗ്ഗത്തിനു വേണ്ടി അല്ലാഹുവിനോട് അവർ കേണപേക്ഷിച്ചു കൊണ്ടിരുന്നതു കാണുക. അപ്പോൾ സാധാരണക്കാരായ നാം അല്ലാഹുവിനോട് എത്രമാത്രം കരഞ്ഞു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

## 42- നൂഹ് നബി(അ)ൻെറ പ്രാർത്ഥന

قَالُواْ لَئِن لَّمْ تَنتَهِ يَٰنُوحُ لَتَكُونَنَّ مِنَ ٱلْمَرْجُومِينَ ۝

26:117- അവർ പറഞ്ഞു: നീ (നിൻെറ സന്ദേശത്തിൽനിന്ന്) വിരമിക്കുന്നില്ലെങ്കിൽ ഹേ നൂഹ്, നിന്നെ (ഞങ്ങൾ) കല്ലെറിഞ്ഞു കൊല്ലുന്നതാണ്.

قَالَ رَبِّ إِنَّ قَوْمِى كَذَّبُونِ ۝

26:118- അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, തീർച്ചയായും എൻെറ ജനത എന്നെ നിഷേധിച്ചിരിക്കുന്നു.

فَٱفْتَحْ بَيْنِى وَبَيْنَهُمْ فَتْحًا وَنَجِّنِى وَمَن مَّعِىَ مِنَ ٱلْمُؤْمِنِينَ ۝

26:119- അതുകൊണ്ട് അവർക്കും എനിക്കും മദ്ധ്യേ നീ വിധി കല്പിക്കുകയും എന്നെയും എൻെറ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷപ്പെടുത്തുകയും ചെയ്യേണമേ.

അവിശ്വാസികൾ വിശ്വാസികളോട് കാണിച്ച ക്രൂരതക്ക് മറ്റൊരു ദാഹരണം. അവരോട് അങ്ങോട്ട് കല്ലെറിയുമെന്ന് പറയാതെ വിധിതീർപ്പ് നടത്തുവാനായി അല്ലാഹുവിനോട് അപേക്ഷിച്ചിരിക്കുന്നു. കല്ലേറും ദ്രോഹവും എപ്പോഴും അഴിച്ചുവിട്ടു കൊണ്ടിരുന്നത് അവിശ്വാസികളായിരുന്നു. വിശ്വാസികൾ അതൊക്കെ

സഹിച്ചുകൊണ്ട് സഹായത്തിനു വേണ്ടി അല്ലാഹുവിനോട് അപേക്ഷിക്കുകയായിരുന്നു ചെയ്തു കൊണ്ടിരുന്നത്.

## 43- മാതാപിതാക്കൾക്കു വേണ്ടി സുലൈമാൻ നബി (അ) ൻെറ പ്രാർത്ഥന

وَحُشِرَ لِسُلَيْمَـٰنَ جُنُودُهُۥ مِنَ ٱلْجِنِّ وَٱلْإِنسِ وَٱلطَّيْرِ فَهُمْ يُوزَعُونَ ۝

27:18- സുലൈമാനുവേണ്ടി ജിന്നിലും മനുഷ്യരിലും പക്ഷികളിലും പെട്ട തൻെറ സൈന്യങ്ങൾ അണിനിരത്തപ്പെട്ടു.

حَتَّىٰٓ إِذَآ أَتَوْا۟ عَلَىٰ وَادِ ٱلنَّمْلِ قَالَتْ نَمْلَةٌ يَـٰٓأَيُّهَا ٱلنَّمْلُ ٱدْخُلُوا۟ مَسَـٰكِنَكُمْ

لَا يَحْطِمَنَّكُمْ سُلَيْمَـٰنُ وَجُنُودُهُۥ وَهُمْ لَا يَشْعُرُونَ ۝

27:19- അങ്ങനെ അവർ ഉറുമ്പിൻെറ താഴ്‌വരയിൽ എത്തിയപ്പോൾ ഒരു ഉറമ്പു പറഞ്ഞു: ഹേ ഉറുമ്പുകളേ, നിങ്ങൾ നിങ്ങളുടെ പാർപ്പിടങ്ങളിൽ പ്രവേശിച്ചു കൊള്ളുവിൻ. സുലൈമാനും സൈന്യങ്ങളും അവർ അറിയാതെ നിങ്ങളെ ചവിട്ടാതിരിക്കുന്നതിനുവേണ്ടി

فَتَبَسَّمَ ضَاحِكًا مِّن قَوْلِهَا وَقَالَ

رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ

أَعْمَلَ صَـٰلِحًا تَرْضَىٰهُ وَأَدْخِلْنِى بِرَحْمَتِكَ فِى عِبَادِكَ ٱلصَّـٰلِحِينَ ۝

27:20- അപ്പോൾ അതിൻെറ സംസാരത്തിൽ വിസ്മയിച്ച് അദ്ദേഹം പുഞ്ചിരിച്ചു. അദ്ദേഹം പറഞ്ഞു, എൻെറ രക്ഷിതാവേ, എനിക്കും എൻെറ മാതാപിതാക്കൾക്കും നീ നൽകിയ അനുഗ്രഹത്തിന് ഞാൻ നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽപ്രവൃത്തി ഞാൻ ചെയ്യുന്നതിനുംവേണ്ടി നീ എനിക്ക് പ്രേരണ നല്കേണമേ. നിൻെറ കാരുണ്യത്താൽ സദ്‌വൃത്തരായ നിൻെറ ദാസന്മാരിൽ എന്നെയും നീ ഉൾപ്പെടുത്തേണമേ.

ഇവിടെ ഉറുമ്പു കൊണ്ടുദ്ദേശിക്കുന്നത് സാധാരണ പൗരന്മാരാ

വാനാണ് സാധ്യത. സുലൈമാൻ നബി(അ)ൻെറ സൈന്യങ്ങൾ അവരെ ശത്രുക്കളാണെന്ന് കരുതി അക്രമിക്കാതിരിക്കുവാനും സുലൈമാൻെറ പടയോട്ടത്തിൽ നിന്നും രക്ഷനേടുവാനുംവേണ്ടി അവരുടെ വീടുകളിൽപോയി വാതിലടച്ചു അകത്തു കൂടുവാനുള്ള ആഹ്വാനമാണിത്. സാധാരണ ഭരണാധികാരികൾ വിജയലഹരിയിൽ തലമറന്ന് എണ്ണതേക്കുമ്പോൾ സുലൈമാനബി(അ) അദ്ദേഹത്തിലും അദ്ദേഹത്തിൻെറ മാതാപിതാക്കളിലും ഉണ്ടായ അല്ലാഹുവിൻെറ അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കുകയും കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള സൗഭാഗ്യത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. യഥാർത്ഥ വിശ്വാസികൾ ഇങ്ങനെ പ്രാർത്ഥിക്കുന്നവരായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ പ്രാർത്ഥന അല്പം ഭേദഗതിയോടെ വേറൊരിടത്ത് ഉദ്ധരിച്ചിട്ടുണ്ട്. (46:16).

## 44- മൂസാ നബി (അ) ൻെറ ദുആ

وَدَخَلَ ٱلْمَدِينَةَ عَلَىٰ حِينِ غَفْلَةٍ مِّنْ أَهْلِهَا فَوَجَدَ فِيهَا رَجُلَيْنِ يَقْتَتِلَانِ هَـٰذَا مِن شِيعَتِهِۦ
وَهَـٰذَا مِنْ عَدُوِّهِۦ ۖ فَٱسْتَغَـٰثَهُ ٱلَّذِى مِن شِيعَتِهِۦ عَلَى ٱلَّذِى مِنْ عَدُوِّهِۦ فَوَكَزَهُۥ مُوسَىٰ
فَقَضَىٰ عَلَيْهِ ۖ قَالَ هَـٰذَا مِنْ عَمَلِ ٱلشَّيْطَـٰنِ ۖ إِنَّهُۥ عَدُوٌّ مُّضِلٌّ مُّبِينٌ ۝

28:16-പട്ടണവാസികൾ ശ്രദ്ധിക്കാതിരുന്ന ഒരുസമയത്ത് അദ്ദേഹം അവിടെ പ്രവേശിച്ചു. അപ്പോൾ അവിടെ രണ്ടുപേർ അന്യോന്യം അടിപിടികൂടുന്നത് അദ്ദേഹം കണ്ടു. ഒരാൾ തൻെറ കക്ഷിയിലുള്ളവനും മറ്റെയാൾ തൻെറ ശത്രു പക്ഷത്തുള്ളവനും. അപ്പോൾ തൻെറ കക്ഷിയിൽപെട്ടവൻ തൻെറ ശത്രുപക്ഷക്കാരനെതിരിൽ അദ്ദേഹത്തോട് സഹായഭ്യർത്ഥന നടത്തി. അപ്പോൾ മൂസാനബി അവനെ മുഷ്ടി ചുരുട്ടി അടിച്ചു. അങ്ങനെ അവൻെറ കഥ കഴിച്ചു. മൂസാ പറഞ്ഞു, ഇത് പിശാചിൻെറ പണിയാകുന്നു. അവൻ വ്യക്തമായും വഴിതെറ്റിക്കുന്ന ശത്രുവാകുന്നു.

قَالَ رَبِّ إِنِّى ظَلَمْتُ نَفْسِى فَٱغْفِرْ لِى فَغَفَرَ لَهُۥٓ ۚ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ۝

28:17- അദ്ദേഹം പറഞ്ഞു, എൻെറ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോടുതന്നെ തെറ്റു ചെയ്തു പോയിരിക്കുന്നു. അതു

കൊണ്ട് എനിക്ക് നീ പൊറുത്തുതരേണമേ. അപ്പോൾ അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുത്തു. തീർച്ചയായും അവൻ തന്നെയാകുന്നു പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയും.

قَالَ رَبِّ بِمَآ أَنۡعَمۡتَ عَلَيَّ فَلَنۡ أَكُونَ ظَهِيرٗا لِّلۡمُجۡرِمِينَ ۝

28:18- അദ്ദേഹം പറഞ്ഞു: എൻെറ നാഥാ, നീ എനിക്ക് അനുഗ്രഹം ചെയ്തുതന്നതിനാൽ കുററവാളികൾക്ക് ഞാൻ ഒരിക്കലും സഹായം നൽകുന്നവനാകുകയില്ല.

നാം അറിയാതെ ചെയ്തു പോകുന്ന തെറ്റുകളും നമ്മിൽ നിന്ന് വന്നുപോകുന്ന വീഴ്ചകളും എത്ര തന്നെ ഭീമമായാലും, നാം അകമഴിഞ്ഞ് ദൈവത്തോട് മാപ്പപേക്ഷിക്കുകയാണെങ്കിൽ അതു പൊറുത്തു കിട്ടുന്ന താണെന്നതിനുള്ള വലിയൊരു ഉദാഹരണമാണ് ഈ സംഭവം. മൂസാനബി(അ)ൻെറ കൈയ്യിൽനിന്ന് വന്നു പോയ പിഴവ് അദ്ദേഹം സ്വയം ഏറ്റെടുക്കുകയും അല്ലാഹുവിനോട് മാപ്പു ചോദിക്കുകയുമാണ് ചെയ്തിരിക്കുന്നത്. വീണ്ടും അങ്ങനെയൊരു പിഴവ് വരുത്താതിരിക്കാനുള്ള അദ്ദേഹത്തിൻെറ ദൃഢനിശ്ചയവും തുടർന്നു പ്രഖ്യാപിച്ചിരിക്കുന്നു.

## 45- സ്വർഗ്ഗവാസികളുടെ പ്രാർത്ഥന

جَنَّٰتُ عَدۡنٖ يَدۡخُلُونَهَا يُحَلَّوۡنَ فِيهَا مِنۡ أَسَاوِرَ

مِن ذَهَبٖ وَلُؤۡلُؤٗاۖ وَلِبَاسُهُمۡ فِيهَا حَرِيرٞ ۝

35:34- നിത്യനിവാസത്തിനുള്ള സ്വർഗത്തിൽ അവർ പ്രവേശിക്കുന്നതാണ്. സ്വർണ്ണം കൊണ്ടുള്ള കങ്കണങ്ങളും പവിഴങ്ങളും അവിടെ അവർക്ക് അണിയിക്കപ്പെടും. അവിടെ അവരുടെ വസ്ത്രം പട്ടായിരിക്കും.

وَقَالُواْ ٱلۡحَمۡدُ لِلَّهِ ٱلَّذِيٓ أَذۡهَبَ عَنَّا ٱلۡحَزَنَۖ إِنَّ رَبَّنَا لَغَفُورٞ شَكُورٌ ۝

35:35-അവർ പറയും: ദു:ഖങ്ങൾ ഞങ്ങളിൽനിന്ന് നീക്കിക്കളഞ്ഞ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. തീർച്ചയായും ഞങ്ങളുടെ നാഥൻ പൊറുത്തു തരുന്നവനും (പ്രവർത്തനങ്ങളെ) വിലമതിക്കുന്നവനും തന്നെയാകുന്നു.

ٱلَّذِىٓ أَحَلَّنَا دَارَ ٱلْمُقَامَةِ مِن فَضْلِهِۦ لَا يَمَسُّنَا فِيهَا

نَصَبٌ وَلَا يَمَسُّنَا فِيهَا لُغُوبٌ ۝

35:36- തൻെറ അനുഗ്രഹത്താൽ സ്ഥിരവാസത്തിനുള്ള ഈ ഭവനത്തിൽ ഞങ്ങളെ താമസിപ്പിച്ചവൻ. ഇവിടെ യാതൊരു ബുദ്ധിമുട്ടും ഞങ്ങളെ ബാധിക്കുകയില്ല. യാതൊരു ക്ഷീണവും ഞങ്ങൾ അനുഭവിക്കുകയുമില്ല.

സൃഷ്ടിയുടെ ലക്ഷ്യപ്രാപ്തിയുടെ പൂർത്തീകരണമാണ് നാമിവിടെ കാണുന്നത്. അല്ലാഹു മനുഷ്യനെ സൃഷ്ടിക്കുകയും അവനുവേണ്ടി സ്വർഗ്ഗവും അതിലെ അനുഭൂതികളും ഒരുക്കിവെക്കുകയും ചെയ്തു. ദൈവം മനുഷ്യനുവേണ്ടി എത്രമാത്രം ഉദാത്തമായ കാരുണ്യമാണ് ഒരുക്കി വെച്ചിട്ടുള്ളത് എന്നതിന് ഏറ്റവും പ്രബലമായ ദൃഷ്ടാന്തം. മനുഷ്യനെ സൃഷ്ടിക്കുകയും അവന് വേണ്ടി സ്വർഗ്ഗം പണിയുകയും ചെയ്തവനായ ദൈവം. എന്നിട്ട് സൽക്കർമ്മങ്ങളിലൂടെ എല്ലാവരോടും സ്വർഗ്ഗം നേടിയെടുക്കുവാൻ പറഞ്ഞ ദൈവം. താന്തോന്നിയും നന്ദികെട്ടവനുമായ മനുഷ്യൻ ദൈവത്തിൻെറ ഈ കരുണാകടാക്ഷത്തെ അവഗണിച്ചു കൊണ്ട് യാതനകളുടെ ജീവിതം തിരഞ്ഞെടുക്കുന്നു. എന്നിട്ട് അവൻെറ കുറ്റങ്ങൾ കൊണ്ട് ദൈവത്തെ പഴിചാരുന്നു. എന്നാൽ ദൈവിക കാരുണ്യത്തെ മനസ്സിലാക്കുകയും അതിനനുസരിച്ച് ജീവിതം നയിക്കുന്നവരുമായ ഒരു വിഭാഗം സത്യവിശ്വാസികൾ ദൈവകാരുണ്യത്തെ ശരിക്കും നുണച്ചിറക്കുന്നു. അവരുടെ കൃതജ്ഞതയാണ് നമുക്ക് ഈ പ്രാർത്ഥനയിൽ കാണുവാൻ സാധിക്കുന്നത്.

## 46- ഇബ്രാഹീം നബി (അ) സന്താനലബ്ധിക്കു വേണ്ടി ചെയ്ത പ്രാർത്ഥന.

رَبِّ هَبْ لِى مِنَ ٱلصَّـٰلِحِينَ ۝

37:101- എൻെറ നാഥാ, സദ്വൃത്തനായ (ഒരു മകനെ) എനിക്ക് നീ പ്രദാനം ചെയ്യേണമേ.

فَبَشَّرْنَـٰهُ بِغُلَـٰمٍ حَلِيمٍ ۝

37:102- അപ്പോൾ സഹനശീലനായ ഒരു ബാലനെക്കുറിച്ച് നാം അദ്ദേഹത്തെ സന്തോഷവാർത്ത അറിയിച്ചു.

فَلَمَّا بَلَغَ مَعَهُ ٱلسَّعْىَ قَالَ يَـٰبُنَىَّ إِنِّىٓ أَرَىٰ فِى ٱلْمَنَامِ أَنِّىٓ أَذْبَحُكَ فَٱنظُرْ
مَاذَا تَرَىٰ ۚ قَالَ يَـٰٓأَبَتِ ٱفْعَلْ مَا تُؤْمَرُ ۖ سَتَجِدُنِىٓ إِن شَآءَ ٱللَّهُ مِنَ ٱلصَّـٰبِرِينَ ۝

37:103- അങ്ങനെ അദ്ദേഹത്തിൻെറ കൂടെ ആ ബാലൻ അദ്ധ്വാനിക്കുന്ന പ്രായം എത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എൻെറ കുഞ്ഞുമകനേ, നിന്നെ ഞാൻ ബലികൊടുക്കണമെന്ന് ഒരു സ്വപ്നദർശനത്തിൽ ഞാൻ കാണുന്നു. അതുകൊണ്ട് നോക്കൂ, നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എൻെറ പ്രിയപിതാവേ, അങ്ങയോട് എന്താണോ കല്പ്പിക്കപ്പെടുന്നത് അത് ചെയ്യുക. അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ ക്ഷമാശീലനായി താങ്കൾ എന്നെ കാണുന്നതാണ്.

നമുക്ക് സന്താനങ്ങൾ ജനിക്കുന്നതിനു മുമ്പുതന്നെ അവർ നല്ലവരായിത്തീരുന്നതിനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതിൻെറ പ്രാധാന്യം ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. സ്വപ്നദർശനങ്ങൾ ദൈവത്തിൽ നിന്നുള്ള അറിയിപ്പുകളാണെന്ന് ഈ വാക്യങ്ങൾ സ്ഥരീകരിക്കുകയും ചെയ്യുന്നു. സാധാരണ ഒരു ബാലൻ പേടിച്ചു വിറച്ചുപോകാവുന്ന ഒരു പ്രായത്തിൽ ദൈവകല്പന എന്താണോ അത് നിറവേറ്റുവാനുള്ള ആ കൊച്ചുമകൻെറ ക്ഷമാശീലത്തിന് നമുക്ക് മറ്റൊരുദാഹരണം കണ്ടെത്തുവാൻ പ്രയാസം. അതുപോലെ സ്വന്തം മകനെ ദൈവാഭീഷ്ടം മാനിച്ച് ബലികൊടുക്കുവാൻ തയ്യാറായ പിതാവിൻെറ ദൃഢനിശ്ചയവും. എന്നാൽ സ്വപ്നത്തിൽ കാണിച്ചിരുന്ന ബലികൊണ്ടുദ്ദേശിക്കപ്പെട്ടിരുന്നത് നരബലിയായിരുന്നില്ല. ആ കൊച്ചു മകനെയും മാതാവിനെയും വിജനമായ ഒരു സ്ഥലത്ത് ആൾപാർപ്പില്ലാതിരുന്ന സമയത്ത് കഅ്ബ നിർമ്മാണത്തിനു വേണ്ടി നിയോഗിക്കുവാനുള്ള കല്പനയായിരുന്നു അത്. ഈ സ്വപ്നം കണ്ടത് മകൻ കൊച്ചുകുട്ടിയായിരുന്ന സമയത്തല്ല, അദ്ധ്വാനിക്കുന്ന പ്രായം എത്തിയപ്പോഴാണെന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

## 47- സത്യവിശ്വാസികളുടെ പ്രാർത്ഥന

قُل لِّلَّهِ ٱلشَّفَٰعَةُ جَمِيعًا لَّهُۥ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ثُمَّ إِلَيْهِ تُرْجَعُونَ ۝

39:45- പറയുക: ശുപാർശ മുഴുവനും അല്ലാഹുവിനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവൻേറതാണ്. പിന്നീട് അവനിലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നത്.

وَإِذَا ذُكِرَ ٱللَّهُ وَحْدَهُ ٱشْمَأَزَّتْ قُلُوبُ ٱلَّذِينَ لَا يُؤْمِنُونَ

بِٱلْءَاخِرَةِ وَإِذَا ذُكِرَ ٱلَّذِينَ مِن دُونِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ۝

39:46- ഏകനായ അല്ലാഹുവിനെക്കുറിച്ച് മാത്രം അനുസ്മരിക്കപ്പെടുമ്പോൾ പരലോകത്തിൽ വിശ്വാസിമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പടുന്നു. അവനെ കൂടാതെയുള്ള മറ്റു (ദൈവങ്ങളെ)ക്കുറിച്ച് പ്രസ്താവിക്കപ്പെടുമ്പോഴതാ അവർ സന്തോഷഭരിതരായിത്തീരുന്നു.

قُلِ ٱللَّهُمَّ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ عَٰلِمَ ٱلْغَيْبِ وَٱلشَّهَٰدَةِ

أَنتَ تَحْكُمُ بَيْنَ عِبَادِكَ فِى مَا كَانُوا۟ فِيهِ يَخْتَلِفُونَ ۝

39:47- പറയുക: ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവും അദൃശ്യവും ദൃശ്യവും അറിയുന്നവനുമായ അല്ലാഹുവേ, നിൻെറ ദാസന്മാർക്കിടയിൽ അവർ അന്യോന്യം ഭിന്നിച്ചു നിൽക്കുന്ന കാര്യങ്ങളിൽ നീ തന്നെയാകുന്നു വിധി കൽപ്പിക്കുന്നത്.

സ്വന്തം ആത്മാക്കളോട് തെറ്റു ചെയ്യുന്നവരാണ് ഒന്നിലധികം ദൈവമുണ്ടായിരിക്കുവാൻ ആഗ്രഹിക്കുകയെന്ന് ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നു. സ്വന്തം അഭീഷ്ടങ്ങൾ പൂർത്തിയായി കിട്ടുമെന്ന് മോഹിച്ച് കൊണ്ടാണ് അവർ അങ്ങനെയുള്ള ദൈവങ്ങളെ ആരാധിക്കുന്നത്. എന്നാൽ നേരെ മറിച്ച് ഏകദൈവത്തെ ആരാധിക്കുന്നവർ ദൈവത്തിൻെറ അഭീഷ്ടങ്ങളെ വകവെച്ചു കൊടുക്കുവാൻ തയ്യാറെടുക്കുകയാണ് ചെയ്യുന്നത്. ഇതാണ് കാതലായ വ്യത്യാസം. ബഹുദൈവ വിശ്വാസികൾക്ക് ഏകദൈവത്തെ ഉൾക്കൊള്ളാൻ സാധിക്കാത്തതും ഇതു കൊണ്ടുതന്നെ.

എങ്കിലും ബഹുദൈവവിശ്വാസത്തിൻെറ പേരിൽ അവരോട് യാതൊരുവിധ പ്രകോപനമായ രീതിയിലും പെരുമാറാതെ അല്ലാഹുവിൻെറ വിധിതീർപ്പ് വരുന്നതുവരെ ക്ഷമിച്ചിരിക്കുവാനുള്ള ആഹ്വാനമാണ് തുടർന്നു വന്ന വാക്യത്തിൽ അറിയിച്ചിരിക്കുന്നത്.

## 48- സ്വർഗ്ഗവാസികളുടെ സ്തുതിഗീതം

وَسِيقَ ٱلَّذِينَ ٱتَّقَوْا۟ رَبَّهُمْ إِلَى ٱلْجَنَّةِ زُمَرًا ۖ حَتَّىٰٓ إِذَا جَآءُوهَا وَفُتِحَتْ

أَبْوَٰبُهَا وَقَالَ لَهُمْ خَزَنَتُهَا سَلَـٰمٌ عَلَيْكُمْ طِبْتُمْ فَٱدْخُلُوهَا خَـٰلِدِينَ ۝

39:74-തങ്ങളുടെ നാഥനോട് ഭയഭക്തിയോടെ ജീവിതം കഴിച്ചുകൂട്ടിയവർ കൂട്ടംകൂട്ടമായി സ്വർഗ്ഗത്തിലേക്ക് ആനയിക്കപ്പെടും. അങ്ങനെ അവർ അവിടെ എത്തുകയും വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുമ്പോൾ അതിൻെറ കാവൽക്കാർ അവരോട് പറയും: നിങ്ങൾക്കു സമാധാനം. നിങ്ങൾ സന്തോഷഭരിതരായിരിക്കുവിൻ. നിത്യവാസികളായിക്കൊണ്ട് നിങ്ങൾ ഇതിൽ പ്രവേശിക്കുവിൻ.

وَقَالُوا۟ ٱلْحَمْدُ لِلَّهِ ٱلَّذِى صَدَقَنَا وَعْدَهُۥ وَأَوْرَثَنَا ٱلْأَرْضَ

نَتَبَوَّأُ مِنَ ٱلْجَنَّةِ حَيْثُ نَشَآءُ ۖ فَنِعْمَ أَجْرُ ٱلْعَـٰمِلِينَ ۝

39:75- അവർ പറയും: തൻെറ വാഗ്ദാനം ഞങ്ങൾക്കു നിറവേറ്റിത്തരികയും സ്വർഗ്ഗത്തിൽ നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് വസിക്കാവുന്ന രീതിയിൽ ഈ (സ്വർഗ) ഭൂമി ഞങ്ങൾക്കു അനന്തരാവകാശമാക്കിത്തരികയും ചെയ്തുതന്ന അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അപ്പോൾ (നന്മ) പ്രവർത്തിച്ചവരുടെ പ്രതിഫലം എത്ര വിശിഷ്ടം.

وَتَرَى ٱلْمَلَـٰٓئِكَةَ حَآفِّينَ مِنْ حَوْلِ ٱلْعَرْشِ يُسَبِّحُونَ بِحَمْدِ

رَبِّهِمْ ۖ وَقُضِىَ بَيْنَهُم بِٱلْحَقِّ وَقِيلَ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ ۝

39:76- സിംഹാസനിത്തിനു ചുറ്റും തങ്ങളുടെ നാഥൻെറ

സ്തുതികീർത്തനം ചെയ്തുകൊണ്ട് തിങ്ങിപ്പൊതിയുന്നവിധം മലക്കുകളെ നീ കാണും. അവർക്കിടയിൽ സത്യത്തോടെ വിധിക്കപ്പെടും. പറയപ്പെടും: ലോകങ്ങളുടെ നാഥനായ അല്ലാഹുവിനു സ്തുതി.

മനുഷ്യസൃഷ്ടിയുടെ പിറകിലുള്ള ദൈവത്തിൻെറ ഏറ്റവും സുന്ദരവും അതിമഹനീയവുമായ കാരുണ്യം നിറഞ്ഞ ഉദ്ദേശ്യങ്ങൾക്കു പൂർണ്ണത കൈവരുന്ന നിമിഷത്തിൻെറ ഒരു വെളിവെട്ടം നമുക്കീ വാക്യങ്ങളിൽ കാണുവാൻ സാധിക്കുന്നു. ദൈവത്തിൻെറ അനർഘമായ കാരുണ്യത്തിനു മുമ്പിൽ നമ്മുടെ ഹൃദയത്തിൽ എന്തെന്നില്ലാത്തൊരു സ്പന്ദനത്തിൻെറ തുടിപ്പുകൾ. മലക്കുകൾ ആനയിച്ചു കൊണ്ടുപോകുന്ന ഈ രംഗത്തിന് പ്രപഞ്ചത്തിലുള്ള എല്ലാ രത്നങ്ങളും മുത്തുകളും സുഗന്ധദ്രവ്യങ്ങളും വർണ്ണങ്ങളും ശോഭകളും ഒത്തു ചേർന്നാൽ പോലും ലഭിക്കാത്തൊരു അനൗപമ കാന്തിയും സൗരഭ്യവും അടങ്ങിയിരിക്കുന്നു.

## 49– വിശ്വാസികൾക്കു വേണ്ടിയുള്ള മലക്കുകളുടെ പ്രാർത്ഥന

ٱلَّذِينَ يَحۡمِلُونَ ٱلۡعَرۡشَ وَمَنۡ حَوۡلَهُۥ يُسَبِّحُونَ بِحَمۡدِ رَبِّهِمۡ وَيُؤۡمِنُونَ بِهِۦ وَيَسۡتَغۡفِرُونَ لِلَّذِينَ ءَامَنُواْ

رَبَّنَا وَسِعۡتَ كُلَّ شَيۡءٖ رَّحۡمَةٗ وَعِلۡمٗا فَٱغۡفِرۡ لِلَّذِينَ تَابُواْ وَٱتَّبَعُواْ

سَبِيلَكَ وَقِهِمۡ عَذَابَ ٱلۡجَحِيمِ ۝

40:08– ദൈവസിംഹാസനം വഹിക്കുന്നവരും അതിൻെറ ചുറ്റുമുള്ളവരും തങ്ങളുടെ നാഥനെ സ്തുതി കീർത്തനം ചെയ്യുന്നു. അവർ അവനിൽ വിശ്വസിക്കുകയും വിശ്വാസികൾക്കുവേണ്ടി പൊറുത്തു കൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു: ഞങ്ങളുടെ നാഥാ, നീ കാരുണ്യവും ജ്ഞാനവും മുഖേനെ എല്ലാ വസ്തുക്കളിലും വ്യാപിച്ചു നില്ക്കുന്നു. അതുകൊണ്ട് നിന്നെ ലക്ഷ്യമാക്കുകയും നിൻെറ മാർഗ്ഗത്തെ പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തു കൊടുക്കേണമേ. നരകശിക്ഷയിൽ നിന്ന് അവരെ നീ രക്ഷിക്കുകയും ചെയ്യേണമേ.

رَبَّنَا وَأَدْخِلْهُمْ جَنَّـٰتِ عَدْنٍ ٱلَّتِى وَعَدتَّهُمْ وَمَن صَلَحَ مِنْ
ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّـٰتِهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ۝

40:09- ഞങ്ങളുടെ നാഥാ, അവർക്കു നീ വാഗ്ദത്തം ചെയ്ത നിത്യ നിവാസത്തോട്ടങ്ങളിൽ അവരെയും അവരുടെ പിതാക്കളിലും ഭാര്യമാരിലും സന്താനങ്ങളിലും നിന്നുമുള്ള സദ്വൃത്തരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു സർവ്വശക്തനും സർവ്വതന്ത്രജ്ഞനും.

وَقِهِمُ ٱلسَّيِّـَٔاتِ ۚ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ فَقَدْ رَحِمْتَهُۥ ۚ
وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ۝

40:10- അവരെ നീ തിന്മകളിൽ നിന്ന് രക്ഷിക്കേണമേ. ആ ദിനം തിന്മകളിൽ നിന്ന് ആരെ നീ രക്ഷിച്ചുവോ അപ്പോൾ അവന് നീ കരുണ ചെയ്തിരിക്കുന്നു. അതത്രേ മഹത്തായ നേട്ടം.

മാലാഖമാരുടെ മേലാധികാരികളെയാണ് ഇവിടെ ദൈവസിംഹാസനം വഹിക്കുന്നവരായി ചിത്രീകരിച്ചിരിക്കുന്നത്. അതിൻെറ ചുറ്റുമുള്ളവർ അവരുടെ കീഴെയുള്ളവരെ സൂചിപ്പിക്കുന്നു. വിശ്വാസികൾക്കുപൊറുത്തു കൊടുക്കുവാൻ പ്രാർത്ഥിക്കുവാൻ വേണ്ടി അല്ലാഹു ഒരു കൂട്ടം മലക്കുകളെ തന്നെ നിയോഗിച്ചിരിക്കുകയാണ്. പ്രാർത്ഥിക്കുന്നതോടൊപ്പം അതിനുവേണ്ട സാഹചര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കേണ്ട ചുമതലയും മലക്കുകൾക്കു തന്നെയാണ്. ഈ പ്രാർത്ഥനയുടെ ഫലമായി നരകത്തിൽനിന്ന് എല്ലാവരെയും മോചിപ്പിക്കുന്ന ഒരു ദിനം വന്നണയുന്നതാണ്. ദൈവ കാരുണ്യത്തിൻെറ വേറൊരു ദൃഷ്ടാന്തം.

## 50- വാഹനങ്ങളിൽ കയറുമ്പോൾ ചൊല്ലേണ്ട ദുആ

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَـٰمِ مَا تَرْكَبُونَ ۝

43:13- എല്ലാ ഇണകളെയും സൃഷ്ടിച്ചവൻ. നിങ്ങൾക്ക് സവാരി ചെയ്യാനായി കപ്പലുകളും നാൽക്കാലി മൃഗങ്ങളും ഏർപ്പെടുത്തി ത്തരികയും ചെയ്തവൻ.

لِتَسْتَوُۥا۟ عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا۟ نِعْمَةَ رَبِّكُمْ إِذَا ٱسْتَوَيْتُمْ عَلَيْهِ وَتَقُولُوا۟

سُبْحَـٰنَ ٱلَّذِى سَخَّرَ لَنَا هَـٰذَا وَمَا كُنَّا لَهُۥ مُقْرِنِينَ ۝

43:14- -നിങ്ങൾ അവയുടെ പുറത്തു ഉറച്ചിരിക്കുവാനും ഉറ ച്ചിരുന്നതി നുശേഷം നിങ്ങളുടെ രക്ഷിതാവിൻെറ അനുഗ്രഹം നിങ്ങൾ സ്മരിക്കുവാനും നിങ്ങൾ ഇങ്ങനെ പറയുവാനും വേണ്ടി: ഇതിനെ ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നവൻ പരിശു ദ്ധനാകുന്നു. ഇതിനെ കീഴ്പ്പെടുത്തുവാൻ സ്വയം ഞങ്ങൾക്കു സാധിക്കുമായിരുന്നില്ല.

وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ ۝

43:15- -തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ നാഥൻെറ അടുക്ക ലേക്ക് തിരിച്ചു ചെല്ലുന്നവരാകുന്നു.

വിശ്വാസികൾ അവരുടെ ഓരോ വ്യവഹാരത്തിലും ദൈവികാനു ഗ്രഹങ്ങളെ വിലമതിക്കുന്നവരും കൃതജ്ഞത പ്രകടിപ്പിക്കുന്ന വരും ആയിരിക്കണം. നാം നിത്യേനെ വാഹനങ്ങളിൽ കയറി പ്പോകുന്നവരാണെങ്കിലും അത് നമുക്ക് സൗകര്യപ്പെടുത്തിത്തന്ന ദൈവത്തെ നാം സൗകര്യപൂർവ്വം മറക്കുകയാണ് ചെയ്യാറ്. മനു ഷ്യനു വേണ്ടി ദൈവം ഒരുക്കിവെച്ച എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത അനുഗ്രഹങ്ങളിൽ ഒന്നായി വാഹനങ്ങളെ ഇവിടെ ചൂണ്ടികാണിച്ചിരിക്കുകയാണ്. നാം നമ്മുടെ നാഥനിലേക്ക് തിരി ച്ചുചെല്ലുന്നവരാണ് എന്ന ഭാഗം വാഹന സഞ്ചാരത്തിൽ പതി യിരിക്കുന്ന അപകടസാദ്ധ്യതകളെയാണ് ഓർമ്മിപ്പിക്കുന്നത്. നമുക്ക് സഞ്ചാരസൗകര്യം എർപ്പെടുത്തിത്തന്ന ദൈവം തന്നെ നമ്മെ വാഹനാപകടങ്ങളിൽനിന്ന് രക്ഷിക്കുകയും വേണം. വാഹ നത്തിൽ കയറുമ്പോൾ ദൈവത്തെ ഓർക്കുകയും അവൻ നൽ കിയ അനുഗ്രഹത്തിന് കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യാ ത്തവർക്ക് എങ്ങനെ ദൈവിക സംരക്ഷണത്തെക്കുറിച്ച് പ്രത്യാശ വെച്ച് പുലർത്തുവാൻ പറ്റും? എന്നാൽ ഈ പ്രാർത്ഥനയിലൂടെ

കൃതജ്ഞത പ്രകടിപ്പിക്കുന്നവരെ ദൈവം അതുല്യമായ രീതിയിൽ അപകടങ്ങളിൽനിന്ന് സംരക്ഷിക്കുന്നതായിരിക്കും.

### 51- മാതാപിതാക്കൾക്കു വേണ്ടിയുള്ള ദുആ

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ إِحْسَـٰنًا ۖ حَمَلَتْهُ أُمُّهُۥ كُرْهًا وَوَضَعَتْهُ كُرْهًا ۖ وَحَمْلُهُۥ
وَفِصَـٰلُهُۥ ثَلَـٰثُونَ شَهْرًا ۚ حَتَّىٰٓ إِذَا بَلَغَ أَشُدَّهُۥ وَبَلَغَ أَرْبَعِينَ سَنَةً قَالَ
رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ
وَأَنْ أَعْمَلَ صَـٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ
إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾

46:16-17. മനുഷ്യനോട് തന്റെ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ നാം അനുശാസിച്ചു. കഷ്ടപ്പാടോടുകൂടി അവന്റെ മാതാവ് അവനെ ഗർഭം ചുമന്നു. പ്രയാസങ്ങൾ സഹിച്ചുകൊണ്ട് അവനെ അവൾ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിയും മുപ്പത് മാസക്കാലമാണ്. ഒടുവിൽ അവന്റെ പൂർണ്ണ ശക്തി അവൻ പ്രാപിക്കുകയും നാല്പത് വയസ്സ് തികയുകയും ചെയ്യുമ്പോൾ അവൻ പ്രാർത്ഥിക്കുന്നു. എന്റെ രക്ഷിതാവേ, എന്നിലും എന്റെ മാതാപിതാക്കളിലും നീ ചെയ്ത നിന്റെ അനുഗ്രഹത്തിന് ഞാൻ നന്ദികാണിക്കുന്നതിനും നിനക്ക് തൃപ്തികരമായ കാര്യങ്ങൾ ഞാൻ ചെയ്യുന്നതിനും നീ എനിക്ക് പ്രേരണ നൽകേണമേ. എന്റെ സന്തതികളിൽ എനിക്കായി നീ നന്മവരുത്തേണമെ. തീർച്ചയായും നിന്നെ ഞാൻ ലക്ഷ്യമാക്കുന്നു. തീർച്ചയായും ഞാൻ അനുസരണമർപ്പിക്കുന്നവരിൽപ്പെട്ടവനാകുന്നു.

أُو۟لَـٰٓئِكَ ٱلَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا۟ وَنَتَجَاوَزُ عَن سَيِّـَٔاتِهِمْ فِىٓ
أَصْحَـٰبِ ٱلْجَنَّةِ ۖ وَعْدَ ٱلصِّدْقِ ٱلَّذِى كَانُوا۟ يُوعَدُونَ ﴿١٦﴾

46:16– അവരിൽ നിന്ന് അവർ പ്രവർത്തിച്ചതിൽ ഏറ്റവും നല്ലത് നാം സ്വീകരിക്കുകയും അവരുടെ ദോഷങ്ങളെ നാം വിട്ട് കളയുകയും ചെയ്യുന്നതാണ്, സ്വർഗ്ഗവാസികളുടെ കൂടെയായിരിക്കും അവർ. അവരോട് ചെയ്ത സത്യമായ വാഗ്ദത്ത നിർവ്വഹണമാണിത്.

ഒരു മാതാവെന്ന നിലയിൽ സ്ത്രീകളുടെ സേവനങ്ങൾക്ക് പിതാവിനേക്കാൾ വിലമതിപ്പ് രേഖപ്പെടുത്തിയ ഒരു സൂക്തമാണിത്. മാതാവ് നമ്മെ ഗർഭം ചുമക്കുകയും പ്രസവിക്കുകയും മുലയൂട്ടുകയും ചെയ്യുമ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് തുല്യതയില്ലാത്തതാണ് ഇതിൻെറ കാരണം. ഈ വേദനകളിൽ തീർച്ചയായും പിതാവ് അയാളുടേതായ പങ്ക് വഹിക്കുന്നുണ്ട്. മുലകുടി തീരുന്നതോടെ മാതാവിൻെറ ഭാരം ലഘൂകരിക്കപ്പെടുന്നുണ്ടെങ്കിലും പിതാവിൻെറ ഭാരം വീണ്ടും വീണ്ടും വർദ്ധിച്ചു വരികയാണ് ചെയ്യുന്നത്. സ്വന്തം കുട്ടികൾ ഗർഭസ്ഥ ശിശുവായിരുന്ന അവസ്ഥയിലും, കൈക്കുഞ്ഞായിരുന്ന അവസ്ഥയിലും അമ്മക്കും കുഞ്ഞിനും വേണ്ട എല്ലാ ഒത്താശകളും പിതാവിനു ചെയ്തു കൊടുക്കേണ്ടി വരുന്നു. മാത്രമല്ല കുട്ടികൾ വലുതായി വരുന്തോറും പിതാവിൻെറ ഭാരം കൂടി വരുന്നു. അവരെ സംരക്ഷിക്കേണ്ടതും അവർക്ക് വിദ്യാഭ്യാസം നൽകേണ്ടതും പിതാവിൻെറ ചുമതലയാണ്. അങ്ങനെ തൻെറ കുട്ടികൾ അവരുടെ സ്വന്തം കാലിൽ നില്ക്കുവാൻ കെല്പ്പുള്ളവരായിത്തീരുവോളം ഉള്ള ഭാരം പിതാവിൻെറ തലയിൽ വന്നുചേരുകയാണ് ചെയ്യുന്നത്. ഈ ഭാരം ഗർഭധാരണം പോലെ പ്രകടമല്ലെങ്കിലും ചിലപ്പോൾ ഗർഭധാരണത്തേക്കാൾ ഭാരം ഏറിയതാണ്. അതുകൊണ്ടാണ് മാതാപിതാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ രണ്ടു പേർക്കും വേണ്ടി ഒരുപോലെ പ്രാർത്ഥിക്കുവാനും രണ്ടുപേരേയും ഒരുപോലെ ബഹുമാനിക്കുവാനും രണ്ടു പേർക്കും ഒരുപോലെ അനുഗ്രഹങ്ങൾ ചെയ്തു കൊടുക്കുവാനും ആവശ്യപ്പെട്ടിരിക്കുന്നത്.

നമ്മുടെ മാതാപിതാക്കൾക്കു വേണ്ടി നാം ഏതുരീതിയിലുള്ള നന്മകൾ ചെയ്തു കൊടുക്കുന്നുവോ അതേരീതിയിലിള്ള പ്രതിഫലനമായിരിക്കും നമുക്കും നമ്മുടെ കുട്ടികളിൽനിന്ന് ലഭിക്കുക. മാതാപിതാക്കളിൽകൂടി നമുക്ക് ലഭിച്ച ദൈവീകാനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ സന്തതികളിൽനിന്ന് നന്മയരുളുവാൻ പ്രാർത്ഥിക്കുവാൻ പറഞ്ഞതിൻെറ രഹസ്യവും അതു

തന്നെയാണ്. നാം നമ്മുടെ കുട്ടികളിൽനിന്ന് എത്രമാത്രം നന്മകളാണോ നാം പ്രതീക്ഷിക്കുന്നത് അതേ രീതിയിലുള്ള നന്മകളാണ് നാം നമ്മുടെ മാതാപിതാക്കൾക്കും ചെയ്തുകൊടുക്കേണ്ടത്. അങ്ങനെ ചെയ്യുന്നവർക്കും അതിനുവേണ്ടി പ്രാർത്ഥിക്കുന്നവർക്കും അല്ലാഹു അതിമഹത്തായ പ്രതിഫലമാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുന്നതു കാരണമായി ഓരോരുത്തരും സ്വർഗ്ഗത്തിനവകാശിയായിത്തീരുന്നതാണ്. അല്ലാഹു അവരുടെ തെറ്റുകളെ പൊറുത്തുകൊടുക്കുമെന്നും അവരുടെ ദോഷങ്ങളെ മായിച്ചു കളയുമെന്നും അവർ ചെയ്ത സൽപ്രവർത്തിക്കനുസരിച്ച് ഏറ്റവും മേന്മയുള്ള പ്രതിഫലം നൽകിക്കൊണ്ടു അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണെന്നും വാഗ്ദാനം ചെയ്തിരിക്കയാണ്.

## 52-വിശ്വാസികൾ വിശ്വാസികൾക്കു വേണ്ടി ചെയ്യുന്ന പ്രാർത്ഥന

وَٱلَّذِينَ جَآءُو مِنۢ بَعۡدِهِمۡ يَقُولُونَ

رَبَّنَا ٱغۡفِرۡ لَنَا وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلۡإِيمَٰنِ وَلَا تَجۡعَلۡ فِي

قُلُوبِنَا غِلّٗا لِّلَّذِينَ ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ ۝

59:11. അവർക്കുശേഷം (സത്യ വിശ്വാസത്തിലേക്ക്) വന്നവർ പറയുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തിൽ ഞങ്ങളെ മുൻകടന്ന ഞങ്ങളുടെ സഹോദരന്മാർക്കും പൊറുത്തു തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരുടെനേരെ ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ തീർച്ചയായും നീ ദയാലുവും കരുണാനിധിയും ആകുന്നു.

വിശ്വാസികളായ നം വളരെയധികം ശ്രദ്ധവെക്കുകയും നിത്യേന ഉരുവിട്ടു കൊണ്ടിരിക്കുകയും ചെയ്യേണ്ട ഒരു പ്രാർത്ഥനയാണിത്. സത്യവിശ്വാസം സ്വീകരിച്ചവർക്കെതിരായി നമ്മുടെ മനസ്സിൽ പകയും വിദ്വേഷവും ഇല്ലാതായിത്തീരുവാൻ ഈ പ്രാർത്ഥന നമ്മെ സഹായിക്കുന്നതാണ്. പൊതുവെ ഏതു സമൂ

ഹത്തിലും വ്യക്തിവൈരാഗ്യവും പരദൂഷണവും പടർന്നുപിടിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പ്രാർത്ഥനക്കുള്ള പ്രാധാന്യം അതിമഹത്തായതാണ്. ഈ പ്രാർത്ഥന വഴി നമ്മുടെ മനസ്സിന് ശാന്തി ലഭിക്കുന്നതും നമ്മുടെ മനസ്സിൽനിന്ന് പകയും വിദ്വേഷവും നീങ്ങിപ്പോവുകയും ചെയ്യുന്നതാണ്. വിശ്വാസികൾ തമ്മിലുള്ള സ്നേഹഭാവം കാലദേശങ്ങൾക്കതീതമായി എത്രയോ മൺമറഞ്ഞ തലമുറകളിലെ വിശ്വാസികൾ വരെ അല്ലാഹു വലിച്ചു നീട്ടിയിരിക്കുകയാണ്. ഈ പ്രാർത്ഥന വഴി നമ്മുടെ ഹൃദയത്തിലുണ്ടാവുന്ന സ്നേഹത്തിൻെറ അടിയൊഴുക്കിന് ആദ്യവുമില്ല അന്ത്യവുമില്ല. ദൈവത്തിൽനിന്ന് ഉത്ഭവിച്ച സ്നേഹം അവൻെറ സൃഷ്ടികളിലേക്കെല്ലാം വ്യാപിപിച്ചുകൊണ്ട് അവസാനം അവനിലേക്കു തന്നെ നാം അത് തിരിച്ചെത്തിക്കുന്നു. ഷിയാ മുസ്ലികൾ ആദ്യകാല മുസ്ലിം ഖലീഫമാർക്കെതിരെ ചൊരിയുന്ന ആരോപണങ്ങളും ശകാരവർഷങ്ങളും ഈ പ്രാർത്ഥനക്കെതിരായ പ്രവൃത്തികളാകുന്നു.

## 53- ദൈവം അത്യുന്നതൻ.

لَا يَسْتَوِىٓ أَصْحَـٰبُ ٱلنَّارِ وَأَصْحَـٰبُ ٱلْجَنَّةِ ۚ أَصْحَـٰبُ ٱلْجَنَّةِ هُمُ ٱلْفَآئِزُونَ ۝

59:21- നരകസ്ഥരും സ്വർഗസ്ഥരും സമൻമാരല്ല. സ്വർഗസ്ഥർ തന്നെയാണ് വിജയികൾ.

لَوْ أَنزَلْنَا هَـٰذَا ٱلْقُرْءَانَ عَلَىٰ جَبَلٍ لَّرَأَيْتَهُۥ خَـٰشِعًا مُّتَصَدِّعًا مِّنْ خَشْيَةِ ٱللَّهِ ۚ

وَتِلْكَ ٱلْأَمْثَـٰلُ نَضْرِبُهَا لِلنَّاسِ لَعَلَّهُمْ يَتَفَكَّرُونَ ۝

59:22- നാം ഈ ഖുർആനെ ഒരു പർവതത്തിന്മേൽ ഇറക്കിയിരുന്നെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിമിത്തം അത് നമ്രമായും പൊട്ടിക്കീറുന്നതുമായും നീ കാണുമായിരുന്നു. അങ്ങനെ ഉദാഹരണങ്ങൾ മനുഷ്യർക്കായി നാം വിവരിച്ചു കൊടുക്കുന്നു; അവർ ചിന്തിക്കാൻ വേണ്ടി.

هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ۖ عَـٰلِمُ ٱلْغَيْبِ وَٱلشَّهَـٰدَةِ ۖ

هُوَ ٱلرَّحۡمَـٰنُ ٱلرَّحِيمُ ۝

59:23– അവനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല; പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. പരമകാരുണികനും കരുണാമയനും അവൻ തന്നെയാണ്.

هُوَ ٱللَّهُ ٱلَّذِى لَآ إِلَـٰهَ إِلَّا هُوَ ٱلۡمَلِكُ ٱلۡقُدُّوسُ ٱلسَّلَـٰمُ ٱلۡمُؤۡمِنُ

ٱلۡمُهَيۡمِنُ ٱلۡعَزِيزُ ٱلۡجَبَّارُ ٱلۡمُتَكَبِّرُ ۚ سُبۡحَـٰنَ ٱللَّهِ عَمَّا يُشۡرِكُونَ ۝

59:24– അവനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല. മഹാരാജാവും പരമപരിശുദ്ധനും സമാധാനസാമ്രാട്ടും അഭയദാതാവും രക്ഷാപരിപാലകനും പ്രതാപവാനും സർവരേയും അടക്കിഭരിക്കുന്നവനും മഹാപ്രഭാവനുമാണവൻ. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു എത്രയും പരിശുദ്ധാകുന്നു.

هُوَ ٱللَّهُ ٱلۡخَـٰلِقُ ٱلۡبَارِئُ ٱلۡمُصَوِّرُ ۖ لَهُ ٱلۡأَسۡمَآءُ ٱلۡحُسۡنَىٰ ۚ يُسَبِّحُ لَهُۥ مَا

فِى ٱلسَّمَـٰوَٰتِ وَٱلۡأَرۡضِ ۖ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ ۝

59:25–അവൻ, സ്രഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞ്ഞനുമാകുന്നു.

ഇവിടെ പറയുന്ന പർവ്വതം നാം സാധാരണ രീതിയിൽ ഉദ്ദേശിക്കുന്ന മലകളല്ല. അത് ഓരോ കാലഘട്ടത്തിലെ വൻശക്തികളാണ്. വൻശക്തികൾക്കൊന്നും ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കാത്ത മഹത്തായ കാര്യങ്ങളാണ് അല്ലാഹു പ്രവാചകന്മാർ മുഖേന നടപ്പിൽ വരുത്തുന്നത്. ആ പദ്ധതിയെ എതിർക്കാനായി വൻശക്തികൾ മുന്നിട്ടു വരികയാണെങ്കിൽ അവർ തകർന്ന് തരിപ്പണമായിത്തീരുന്നാണ്. യഥാർത്ഥത്തിൽ ഇങ്ങനെ തന്നെ

യാണ് സംഭവിച്ചതും. ഇസ്ലാമിൻെറ ആരംഭകാലത്തെ പേർഷ്യൻ സാമ്രാജ്യവും റോമാസാമ്രാജ്യവും മുസ്ലിം സൈന്യത്തിനു മുമ്പിൽ തകർന്നു തരിപ്പണമാവുകയുണ്ടായി. അതു പോലെ അവസാന കാലഘട്ടമായ മസീഹിൻെറ കാലത്തുള്ള സാമ്രാജ്യങ്ങളും ഇസ്ലാമുമായുള്ള അവരുടെ അന്തിമ പോരാട്ടത്തിൽ തകർന്നു തരിപ്പണമാകുന്നതാണ്. കാരണം ഒരു വിഭാഗം സ്വർഗ്ഗത്തിൻെറ അവകാശികളും മറുവിഭാഗം നരകത്തിൻെറ അവകാശികളുമാണ്. അല്ലാഹു സ്വർഗ്ഗത്തിൻെറ അവകാശികൾക്കാണ് വിജയം വാഗ്ദാനം ചെയ്തിരിക്കുന്നത്. ഈ സാമ്രാജ്യങ്ങൾ സ്വയം ദൈവം ചമഞ്ഞു നടക്കാൻ തുനിയുന്നവരാണെങ്കിലും അവരുടെ കുതന്ത്രങ്ങളൊന്നും യഥാർത്ഥരാജാവായ അല്ലാഹുവിൻെറയും അവൻെറ പദ്ധതികളുടെയും മുമ്പിൽ വിലപ്പോവുകയില്ല. കാരണം അവനാണ് യഥാർത്ഥ രാജാവും പ്രതാപവാനും. അവനല്ലാതെ മറ്റൊരു ദൈവമില്ല. ആരെങ്കിലും ദൈവം തുനിയാൻ ശ്രമിച്ചാലും അവർ വിജയിക്കുകയില്ല. അവനല്ലാതെ ദൈവമില്ല എന്ന് ഇവിടെ രണ്ട് പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. ഇത് ഇസ്ലാമിൻെറ ആദ്യകാലത്തും അവസാന കാലത്തും നടക്കാനിരിക്കുന്ന ദൈവികേതര ശക്തികളുടെ യുദ്ധങ്ങളിലേക്കുള്ള സൂചനകളാണ്. ഈ രണ്ടു കാലഘട്ടത്തെ യുദ്ധങ്ങളിലും സ്വർഗ്ഗത്തിൻെറ അവകാശികളായ വിശ്വാസികൾ തന്നെയായിരിക്കും വിജയിക്കുന്നതെന്ന് അല്ലാഹു ഇവിടെ ഉറപ്പു നൽകിയിരിക്കയാണ്.

അല്ലാഹു പ്രത്യക്ഷമായ കാര്യങ്ങളും പരോക്ഷമമായ കാര്യങ്ങളും അറിയുന്നവനായത് കൊണ്ട് വേറൊരു ദൈവമുണ്ടെങ്കിൽ അവനായിരുന്നു ആദ്യംതന്നെ അതറിയേണ്ടിയിരുന്നത്. വേറൊരു ദൈവമുണ്ടായിരുന്നുവെങ്കിൽ ഇവിടെ പറഞ്ഞ അവൻെറ ഗുണമഹാത്മ്യങ്ങൾ അപൂർണ്ണമാകുമായിരുന്നു. എന്നാൽ അവൻെറ ഗുണമഹാത്മ്യങ്ങൾ പൂർണവും അന്യൂനവുമായതുകൊണ്ട് വോറൊരു ദൈവമുണ്ടെന്ന വാദത്തിൻെറ പ്രസക്തി തന്നെ ഇല്ലാതായിത്തീരുന്നു.

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ വാഴ്ത്തുന്നു. ഇവിടെ പറയുന്ന സ്തോത്രം എല്ലാം വസ്തുക്കളും പ്രഞ്ചനിയമത്തിന് വിധേയമായി നിലനിൽക്കുന്നതിനെ സൂചിപ്പിക്കുന്നു. ദൈവത്തെ സ്വീകരിച്ചാലും ഇല്ലെങ്കിലും ആർക്കും അവൻെറ പ്രകൃതി നിയമത്തെ മറികടന്നുകൊണ്ട് ജീവി

ക്കാൻ സാധിക്കുകയില്ല.

## 54- ഇബ്രാഹീം നബി(അ)ൻെറ മറെറാരു പ്രാർത്ഥന

رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ۝

60:05- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ കാര്യങ്ങൾ നിന്നിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു. നിന്നിലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്യുന്നു. നിന്നിലേക്കു തന്നെയാണ് പ്രത്യാഗമനസ്ഥാനം.

رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُواْ وَٱغْفِرْ لَنَا

رَبَّنَآ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ۝

60:06- ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അവിശ്വാസി കളുടെ പരീക്ഷണത്തിന് വിധേയമാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ പൊറുത്തു തരേണമേ. തീർച്ച യായും നീ സർവ്വശക്തനും സർവ്വതന്ത്രജ്ഞനുമാകുന്നു.

വിശ്വാസികൾ സ്വന്തം കാലിൽ നില്ക്കുന്നവരും അല്ലാഹുവിനെ യല്ലാതെ മറ്റാരേയും ആശ്രയിച്ച് കഴിയാത്തവരും ആയിരിക്കണം. അവിശ്വാസികളുടെ നേരിട്ടുള്ള നിയന്ത്രണങ്ങൾക്കു കീഴിൽ വിശ്വാസികൾക്ക് അവരുടേതായ ആത്മാഭിമാനത്തോടെ ജീവി ക്കുവാൻ സാധിക്കുകയില്ല. ഓരോരുത്തരുടേയും ദൈനംദിന പ്രവർത്തനങ്ങളിൽ വിശ്വാസികൾ സ്വതന്ത്രരായിരിക്കണം. എന്നാൽ മാത്രമേ സമയപരിധിയിലുള്ള ആരാധനകളും മറ്റും അർപ്പിക്കുവാൻ വിശ്വാസികൾക്ക് അവരുടേതായ സ്വാതന്ത്ര്യവും സൗകര്യവും ലഭിക്കുകയുള്ളൂ. അവിശ്വാസികൾക്കുള്ള ഒരു പരീ ക്ഷണ വസ്തുവായി വിശ്വാസികൾ മാറുമ്പോൾ വിശ്വാസിക ളുടെ ആത്മാഭിമാനത്തിന് കോട്ടം തട്ടുകയാണ് ചെയ്യുന്നത്. തീർച്ചയായും അല്ലാഹു അവൻെറ യഥാർത്ഥ ദാസന്മാർക്ക് സ്വതന്ത്രമായ നിലനില്പ്പും ജീവിത സൗകര്യങ്ങളും നൽകുന്ന താണ്. ഈ പ്രാർത്ഥനയിൽ അതിനുവേണ്ടിയുള്ള സഹായാഭ്യർ ത്ഥന അടങ്ങിയിരിക്കുന്നു. അതുപോലെ മറ്റു പല പരീക്ഷണ ങ്ങളിൽ നിന്നുള്ള രക്ഷക്കുവേണ്ടിയും ഈ പ്രാർത്ഥന ഉപയോ

ഗപ്പെടുന്നതാണ്.

## 55- വിശ്വാസികൾ സ്വർഗ്ഗത്തിൽവെച്ച് ചെയ്യുന്ന പ്രാർത്ഥന.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ تُوبُوٓا۟ إِلَى ٱللَّهِ تَوْبَةً نَّصُوحًا عَسَىٰ رَبُّكُمْ أَن يُكَفِّرَ عَنكُمْ
سَيِّـَٔاتِكُمْ وَيُدْخِلَكُمْ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ يَوْمَ لَا يُخْزِى
ٱللَّهُ ٱلنَّبِىَّ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ ۖ نُورُهُمْ يَسْعَىٰ بَيْنَ أَيْدِيهِمْ وَبِأَيْمَـٰنِهِمْ يَقُولُونَ
رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ۝

66:09- അല്ലയോ വിശ്വാസികളേ, ഹൃദയംഗമായ പാശ്ചാതാപത്തോടെ നിങ്ങൾ അല്ലാഹുവിലേക്ക് മടങ്ങുവിൻ. പ്രവാചകനെയും അദ്ദേഹത്തിനോടൊപ്പം വിശ്വസിച്ചവരെയും അല്ലാഹു അപമാനിക്കാത്ത ഒരു നാളിൽ നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ തെററുകളെ അകററിക്കളയുകയും താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്നതായ തോട്ടങ്ങളിൽ നിങ്ങളെ അവൻ പ്രവേശിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി. (ആ നാളിൽ) അവരുടെ പ്രകാശം അവരുടെ മുന്നിലൂടെയും അവരുടെ വലതുവശങ്ങളിലൂടെയും പ്രസരിക്കുന്നതാണ്. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം നീ ഞങ്ങൾക്ക് പൂർണ്ണമാക്കിത്തരികയും ഞങ്ങൾക്കു പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

അല്ലയോ വിശ്വാസികളേ, ഹൃദയംഗമായ പാശ്ചാതാപത്തോടെ നിങ്ങൾ അല്ലാഹുവിലേക്ക് മടങ്ങുവിൻ എന്ന ഉൽബോധനം സത്യവിശ്വാസം കൈകൊണ്ട ശേഷം അതിനു സംഭവിക്കാവുന്ന മൂല്യശോഷണത്തെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. സത്യവിശ്വാസത്തെ അതിൻെറ തനിമയാർന്ന ആവേശത്തോടെ ജീവിതകാലം മുഴുവൻ പിടിച്ചു നിർത്തുവാനുള്ള ആഹ്വാനമാണിവിടെ തന്നിരിക്കുന്നത്. സത്യവിശ്വാസം വഴി നേടിയെടുക്കാവുന്ന പ്രഭാവത്തിനു യാതൊരു അന്ത്യവുമില്ല. അതിൻെറ പ്രഭാവം

അല്ലെങ്കിൽ പ്രകാശം നമ്മിൽ പ്രവഹിക്കുന്നതായി കാണുന്ന ഒരു കാലം വന്നണയുന്നതാണ്. ഓരോ പ്രകാശത്തിനപ്പുറവും അതിനേക്കാൾ വെണ്മയുള്ള വേറൊരു പ്രകാശം സ്ഥിതി ചെയ്യുന്നു. അങ്ങനെ നാം പ്രകാശ ത്തിൽനിന്നും പ്രകാശത്തി ലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നതാണ്. അതിനു വേണ്ടിയുള്ള താണ് ഈ പ്രാർത്ഥന. അതിനു വേണ്ടിയാണ് നാം ദൈവ ത്തോട് പൊറുത്തു തരുവാൻ അപേക്ഷിക്കുന്നത്. ദൈവത്തോ ടുള്ള മാപ്പരുളൽ ഈ ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗത്തിൽ വെച്ചും നടക്കുന്നതാണ്. അതുവഴി നമ്മുടെ പ്രകാശം പൂർണ്ണതയിലേക്ക് പ്രവഹിച്ചു കൊണ്ടിരിക്കുന്നതായിരിക്കും.

## 56- നൂഹ് നബി (അ) ൻെറ പ്രാർത്ഥന

وَقَالَ نُوحٌ رَّبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَـٰفِرِينَ دَيَّارًا ۝

71:27- നൂഹ് പറഞ്ഞു: എൻെറ രക്ഷിതാവേ, അവിശ്വാസിക ളിൽ പെട്ട ഒരുത്തനേയും നീ ഈ ഭൂമുഖത്ത് വിട്ടേക്കരുതേ

إِنَّكَ إِن تَذَرْهُمْ يُضِلُّوا۟ عِبَادَكَ وَلَا يَلِدُوٓا۟ إِلَّا فَاجِرًا كَفَّارًا ۝

71:28- തീർച്ചയായും അവരെ നീ വിട്ടേക്കുമെങ്കിൽ നിൻെറ ദാസന്മാരെ അവർ വഴിപിഴപ്പിച്ചു കളയും. ദുഷ്ടന്മാർക്കും സത്യ നിഷേധികൾക്കുമല്ലാതെ അവർ ജന്മം നൽകുകയുമില്ല.

رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ

وَٱلْمُؤْمِنَـٰتِ وَلَا تَزِدِ ٱلظَّـٰلِمِينَ إِلَّا تَبَارًا ۝

71:29- എൻെറ രക്ഷിതാവേ, എനിക്കും എൻെറ മാതാപിതാക്ക ൾക്കും വിശ്വാസിയായി എൻെറ വീട്ടിൽ പ്രവേശിച്ചവർക്കും (മററു) വിശ്വാസികൾക്കും വിശ്വാസിനികൾക്കും നീ പൊറുത്തു കൊടുക്കേണമേ. അക്രമികൾക്ക് നാശമല്ലാതൊന്നും നീ വർദ്ധി പ്പക്കരുതേ.

നൂഹ് നബിയുടെ (അ) ജനത ധാർമ്മികമായി എത്രമാത്രം അധ:പതിച്ചിരിക്കുന്നുവെന്നതിനുള്ള ഒരു തെളിവാണ് ഈ പ്രാർ

ത്ഥന. അവരുടെ സന്തതികൾ പോലും ദുഷ്ടന്മാരായിട്ടല്ലാതെ ജനിച്ചു വളരുകയില്ല എന്ന ഘട്ടത്തിൽ എത്തുന്നതു വരെയുള്ള അധോഗതിയിൽ അവർ ചെന്നെത്തിയിരിക്കുകയായിരുന്നു. വെള്ളപ്പൊക്കം മൂലം അല്ലാഹു അവരുടെ സർവ്വനാശത്തിനു വഴിയൊരുക്കിയതും ഇതു കൊണ്ടു തന്നെയാണ്.

കാലാകാലത്തിലുള്ള ദുഷ്ടന്മാരുടെ നിഗ്രഹത്തിനും ഭക്തജന ങ്ങളുടെ സംരക്ഷണത്തിനും ഈ പ്രാർത്ഥന സഹായകമായി ത്തീരുന്നതാണ്. അതോടൊപ്പം തന്നെ മൺമറഞ്ഞ വിശ്വാസി കൾ മുതൽ ജനിക്കാനിരിക്കുന്ന വിശ്വാസികൾക്കു കൂടിയും ഈ പ്രാർത്ഥനയുടെ സൽഫലം എത്തിച്ചേരുന്നതാണ്.

## 57- അല്ലാഹുവിൻെറ ഏകത്വം

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ۝

قُلۡ هُوَ ٱللَّهُ أَحَدٌ ۝ ٱللَّهُ ٱلصَّمَدُ ۝ لَمۡ يَلِدۡ وَلَمۡ يُولَدۡ ۝

وَلَمۡ يَكُن لَّهُۥ كُفُوًا أَحَدٌۢ ۝

112:01-05 പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവി ൻെറ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു). പറയുക: അവൻ അല്ലാഹു ഏകനാകുന്നു. അല്ലാഹു എല്ലാവരാലും ആശ്രയിക്ക പ്പെടുന്നവനാകുന്നു. അവൻ ജനയിതാവല്ല ജാതനുമല്ല. അവനു തുല്യമായി ഒന്നുമില്ല.

ഇതു ഒരു പ്രാർത്ഥനയേക്കാളേറെ ഒരു സ്തോത്രമാകുന്നു. ഓരോ വാക്കുകളിലും അല്ലാഹുവിൻെറ ഏകത്വം നിറഞ്ഞു നില്ക്കുകയാണ്. ദൈവം പരാശ്രയരഹിതനായതും അവൻ ഏകനായതു കൊണ്ടാണ്. പിതാവില്ലാത്തവനായതും അവൻ ഏകനായതുകൊണ്ടാണ്. സന്താനമില്ലാ എന്നതും അവൻെറ ഏകത്വത്തിനുള്ള തെളിവാകുന്നു.

വളരെയധികം ഗൗരവപൂർവ്വമായി ചിന്തിക്കേണ്ട പ്രതിപാദ്യമാണ് അവനു തുല്യമായി ഒന്നുമില്ല എന്ന ഭാഗം. ദൈവത്തെ നാം സൃഷ്ടികളോടു തുലനം ചെയ്യരുതെന്നും സൃഷ്ടികളുടെ

ഗുണത്തെ പോലെ അവൻെറ ഗുണമാഹാത്മ്യങ്ങളെ മനസ്സിലാക്കരുതെന്നും ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു.

ദൈവത്തെ നമ്മുടെ നഗ്നനേത്രങ്ങൾക്കു കാണുവാൻ സാധിക്കാത്തതും അവൻ പ്രത്യക്ഷനായിരിക്കുന്നതോടൊപ്പംതന്നെ അഗോചരനായിരിക്കുന്നതും അവനു തുല്യതയില്ലാത്ത മറ്റൊന്നും ഇല്ലാത്തതു കൊണ്ടാണ്. സൃഷ്ടികളെ മനസ്സിലാക്കുന്നതുപോലെ നാം ദൈവത്തെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ നാം വഴിപിഴച്ചു പോകുമെന്ന് ഈ സൂക്തങ്ങൾ വെളിപ്പെടുത്തിയിരിക്കുകയാണ്. അല്ലാഹു നമ്മിൽ ആരെയും പോലെയല്ല. ദൈവത്തെ നാം ദൈവത്തിൻേറതായ ഗുണമാഹാത്മ്യങ്ങളോടു കൂടി മനസ്സിലാക്കണം. അവനു തുല്യമായി ആരെയും തന്നെ സങ്കൽപ്പിക്കാതിരിക്കണം. അവനു വകവെച്ചു കൊടുക്കേണ്ട ആരാധനാഭാവങ്ങൾ നാം മറ്റാർക്കും വകവെച്ചു കൊടുക്കരുത്. അവനു തുല്യമായി നാം മറ്റാരെയും സ്നേഹിക്കരുത് തുടങ്ങി അനേകം കാര്യങ്ങൾ ഈ ഒറ്റ വാചകത്തിൽ അടങ്ങിയിരിക്കുന്നു.

## 58- പ്രഭാതോദയത്തിൻെറ നാഥനിലേക്ക് അഭയം.

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ۝

قُلۡ أَعُوذُ بِرَبِّ ٱلۡفَلَقِ ۝ مِن شَرِّ مَا خَلَقَ ۝

وَمِن شَرِّ غَاسِقٍ إِذَا وَقَبَ ۝ وَمِن شَرِّ ٱلنَّفَّـٰثَـٰتِ فِى ٱلۡعُقَدِ ۝

وَمِن شَرِّ حَاسِدٍ إِذَا حَسَدَ ۝

113:01-06 പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു). പറയുക: പ്രഭാതോദയത്തിൻെറ നാഥനിൽ ഞാൻ അഭയം പ്രാപിക്കുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ഉപദ്രവങ്ങളിൽനിന്നും, രാത്രി ഇരുൾമൂടുമ്പോൾ ഉണ്ടാകുന്ന അതിൻെറ ഉപദ്രവങ്ങളിൽനിന്നും, കെട്ടുകളിൽ (ബന്ധങ്ങളിൽ) ഊതുന്നവരുടെ (അതു തകർക്കുവാൻ മന്ത്രിക്കുന്നവരുടെ) ഉപദ്രവങ്ങളിൽ നിന്നും, അസൂയാലു അസൂ

യപ്പെടുമ്പോഴുണ്ടാകുന്ന അവൻെറ ഉപദ്രവങ്ങളിൽ നിന്നും.

അദൃശ്യമായ ജീവികളിൽ നിന്നോ പിശാചിൽ നിന്നോ ഉണ്ടാ യേക്കാവുന്ന ഉപദ്രവങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് മാത്ര മുള്ള പ്രാർത്ഥനയല്ല ഇത്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നാമുമായി ഇടപഴകുന്നവരിൽനിന്ന് നമുക്ക് നേരിടാവുന്ന ഉപദ്ര വങ്ങളിൽനിന്നും, അത് ചിലപ്പോൾ പ്രത്യക്ഷമായിരിക്കാം അല്ലെ ങ്കിൽ പരോക്ഷമായിരിക്കാം, രക്ഷനേടുന്നതിനുള്ള പ്രാർത്ഥനയാ ണിത്. നമ്മുടെയിടയിൽ കലഹത്തിനും വക്കാണത്തിനും ഇടവ രുത്തിയേക്കാവുന്ന എല്ലാവിധ ദുഷ്പ്രേരണകളിൽ നിന്നുമുള്ള മോചനത്തിനു വേണ്ടി ഈ പ്രാർത്ഥന ഉപകരിക്കുന്നതാണ്. നാമും നമ്മുടെ സ്നേഹിതന്മാരും തമ്മിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളിൽനിന്നും നമ്മുടെ കുടുംബബന്ധങ്ങൾ തകരുവാനും സ്നേഹബന്ധങ്ങൾ ഇല്ലാതായിത്തീരുവാനും കാരണമായിത്തീ രുന്ന എല്ലാവിധ പ്രശ്നങ്ങളിൽ നിന്നും ഉള്ള മോചനത്തിനു വേണ്ടിയും ഈ പ്രാർത്ഥന സഹായകമായിത്തീരുന്നതാണ്. രാഷ്ട്രീയതലത്തിലും അന്താരാഷ്ട്രീയതലത്തിലും ഉണ്ടായേക്കാ വുന്ന എല്ലാവിധ കെടുതികളിൽനിന്നും ഈ പ്രാർത്ഥന രക്ഷ നല്കുന്നതാണ്. ഈ പ്രാർത്ഥന നമ്മുടെ ജീവൻ നിലനിൽക്കു വോളം നമ്മുടെ നിത്യജീവിതത്തിൻെറ ഒരു ഭാഗമാക്കിത്തീർ ക്കേണ്ടതാണ്.

## 59- മനുഷ്യരുടെ നാഥനിലേക്ക് അഭയം.

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ ۝

قُلۡ أَعُوذُ بِرَبِّ ٱلنَّاسِ ۝ مَلِكِ ٱلنَّاسِ ۝ إِلَـٰهِ ٱلنَّاسِ ۝

مِن شَرِّ ٱلۡوَسۡوَاسِ ٱلۡخَنَّاسِ ۝ ٱلَّذِى يُوَسۡوِسُ فِى صُدُورِ ٱلنَّاسِ ۝

مِنَ ٱلۡجِنَّةِ وَٱلنَّاسِ ۝

114:01-07 പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവി ൻെറ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു). പറയുക: മനുഷ്യ

ഹൃദയങ്ങളിൽ തിന്മ മന്ത്രിച്ച് പിന്മാറിക്കളയുന്ന ജിന്നിലും മനുഷ്യരിലുമുള്ള ദുർബോധകൻെറ ഉപദ്രവങ്ങളിൽനിന്ന് രക്ഷനേടുവാനായി മനുഷ്യരുടെ നാഥനും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ദൈവവുമായവനിലേക്ക് ഞാൻ അഭയം തേടുന്നു.

മുൻകഴിഞ്ഞ പ്രാർത്ഥനയുടെ ഒരു തുടർച്ചയാണ് ഈ പ്രാർത്ഥനയും. എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും ദൈവത്തെ ശരണം പ്രാപിക്കുവാനാണ് ഇത് നമ്മെ ഉണർത്തുന്നത്. എല്ലാറ്റിൻേറയും അധിരാജനായ ദൈവത്തിൻെറ സന്നിധിയിലേക്കുള്ള നമ്മുടെ പ്രവേശനമാണ് എല്ലാവിധ തിന്മകളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും നമ്മെ സുരക്ഷിതരാക്കുന്നതെന്ന വിശുദ്ധരഹസ്യവും ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നു.

വിശുദ്ധഖുർആനെ പൂർണ്ണമായി മനസ്സിലാക്കുവാനും ദൈവത്തെ പൂർണ്ണമായി അറിയുവാനും അവനിൽ പുർണ്ണമായി ലയിച്ചു ചേരുവാനു മുള്ള ആഹ്വാനത്തോടെ ഈ അദ്ധ്യായത്തിന് ഇവിടെ പരിസമാപ്തി കുറിക്കുന്നു. അല്ലാഹു നമ്മെ അതിനു സഹായിക്കുമാറാകട്ടെ. ആമീൻ.

وَءَاخِرُ دَعْوَانَا أَنِ ٱلْحَمْدُ لِلَّهِ رَبِّ ٱلْعَـٰلَمِينَ

1- സൂറ ഫാതിഹ
2- കഅ്ബാ നിർമ്മാണവും അതോടനുബന്ധിച്ച പ്രാർത്ഥനകളും
3- ഈ ലോകത്തും പരലോകത്തും നന്മലഭിക്കാനുള്ള പ്രാർത്ഥന.
4- സത്യനിഷേധികൾക്കെതിരെ സഹായം ലഭിക്കാനുള്ള പ്രർത്ഥന.
5- ആയത്തുൽ കുർസി (സിംഹാസന സൂക്തം)

6- അല്ലാഹുവിനോട് മാപ്പപേക്ഷ
7- വിശ്വസിച്ച ശേഷം വഴി തെററാതിരിക്കാനുള്ള പ്രാർത്ഥന.
8- നരകരക്ഷയ്ക്കു വേണ്ടിയുള്ള വിശ്വാസികളുടെ പ്രാർത്ഥന
9- പരാശ്രയരഹിതമായ ജീവിതത്തിനു വേണ്ടിയുള്ള പ്രാർത്ഥന
10- ഹ:മർയമിനെ ദൈവത്തിലർപ്പിച്ചു മാതാവ് ചെയ്ത പ്രാർത്ഥന.

11- സൽസന്താനത്തിനുവേണ്ടി യഹ്യാനബിയുടെ(അ) പ്രാർത്ഥന.
12- ഈസാനബിയുടെയും(അ) അനുയായികളുടെയും പ്രാർത്ഥന.
13- ദൈവ ഭക്തരുടെ പ്രാർത്ഥന
14- ബുദ്ധിമാന്മാരുടെ പ്രാർത്ഥന.
15- അക്രമണവിധേയരായ അശക്തരുടെ പ്രാർത്ഥന

16- അനുയായികൾക്ക് ഭക്ഷണത്തളികക്ക് ഈസാ(അ)ൻെറ പ്രാർത്ഥന
17- ആദം ദമ്പതിമാരുടെ പാശ്ചാത്താപവും പ്രാർത്ഥനയും
18- ഷുഐബ് നബി (അ)ൻെറ അനുയായികളുടെ പ്രാർത്ഥന
19- മൂസാനബി (അ) ൻെറ അനുയായികളുടെ പ്രാർത്ഥന -1
20- മൂസാനബിയുടെ (അ) പ്രാർത്ഥന -2

21- മൂസാനബിയുടെ (അ) വേറൊരു പ്രാർത്ഥന -3
22- സ്വർഗവാസികളുടെ പ്രാർത്ഥന
23- മൂസാനബി (അ) യുടെ അനുയായികളുടെ പ്രാർത്ഥന -4
24- യുസഫ് നബി (അ)ൻെറ പ്രാർത്ഥന
25- ഇബ്രാഹീം നബി (അ) ൻെറ പ്രാർത്ഥന

26- മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന
27- റസൂൽ (സ.അ)യുടെ പ്രാർത്ഥന
28- ഗുഹാവാസികളുടെ പ്രാർത്ഥന
29- റസൂൽ(സ.അ)യുടെ പ്രാർത്ഥന, അറിവ് വർദ്ധനവിനു വേണ്ടി.
30- അയ്യൂബ് നബി (അ)ൻെറ പ്രാർത്ഥന

31- യൂനുസു നബി (അ) ൻെറ പ്രാർത്ഥന
32- സക്കരിയാ നബി (അ) യുടെ പ്രാർത്ഥന
33- സത്യവിധിക്കു വേണ്ടിയുള്ള പ്രാർത്ഥന
34- നൂഹ് നബി (അ) ൻെറ പ്രാർത്ഥന
35- ദൈവിക ശിക്ഷയിൽ നിന്നും രക്ഷപ്പെടുവാനുള്ള പ്രാർത്ഥന

36- പൈശാചിക ബോധനങ്ങളിൽനിന്ന് രക്ഷനേടുവാനായി.
37- വിശ്വാസികളുടെ പ്രാർത്ഥന
38- വിശ്വാസികളുടെ വേറൊരു പ്രാർത്ഥന
39- നരകശിക്ഷക്കെതിരായി വിശ്വാസികളുടെ പ്രാർത്ഥന
40- സഹവാസികളിൽനിന്ന് കൺകുളിർമ്മ ലഭിക്കുവാനുായി.
41- ഇബ്രാഹീം നബി (അ) ൻെറ പ്രാർത്ഥന
42- നൂഹ് നബി(അ)ൻെറ പ്രാർത്ഥന
43- മാതാപിതാക്കൾക്കുവേണ്ടി സുലൈമാൻനബി (അ)
44- മൂസാ നബി (അ) ൻെറ പ്രാർത്ഥന
45- സ്വർഗ്ഗവാസികളുടെ പ്രാർത്ഥന

46- ഇബ്രാഹീംനബി (അ) സന്താനലബ്ധിക്കുവേണ്ടി.
47- സത്യവിശ്വാസികളുടെ പ്രാർത്ഥന
48- സ്വർഗ്ഗവാസികളുടെ സ്തുതിഗീതം
49- വിശ്വാസികൾക്കു വേണ്ടിയുള്ള മലക്കുകളുടെ പ്രാർത്ഥന
50- വാഹനങ്ങളിൽ കയറുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന

51- മാതാപിതാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന
52- വിശ്വാസികൾ വിശ്വാസികൾക്കു വേണ്ടി ചെയ്യുന്ന പ്രാർത്ഥന
53- ദൈവം അത്യുന്നതൻ.
54- ഇബ്രാഹീം നബി (അ) ൻെറ മറെറാരു പ്രാർത്ഥന
55- വിശ്വാസികൾ സ്വർഗ്ഗത്തിൽവെച്ച് ചെയ്യുന്ന പ്രാർത്ഥന.

56- നൂഹ് നബി (അ) ൻെറ പ്രാർത്ഥന
57- അല്ലാഹുവിൻെറ ഏകത്വം
58- പ്രഭാദോതയത്തിൻെറ നാഥനിലേക്ക് അഭയം.
59- മനുഷ്യരുടെ നാഥനിലേക്ക് അഭയം.

# വിശുദ്ധ
# ഖുർആനിലെ
# സ്തോത്രങ്ങളും
# പ്രാർത്ഥനകളും